2010
മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ




ജൂലൈ
M A L A N K A R A S A B H A
Rs. 15



കാഴ്ചകളിൽ അഭിരമിക്കുന്ന
കണ്ണുകളിൽ നിറയെ വർണ്ണമഴ
മഴപുഴയായ് മുറ്റം നിറയ്ക്കുമ്പോൾ
പ്രാരാബ്ധ ചുമടുമായ് ജീവിതം.

ലക്കം 7,
പുസ്തകം 67
ജൂലൈ 2010


മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം

# മലങ്കരസഭ

ദേവലോകം, കോട്ടയം -38. ഫോൺ: 0481 - 2573234
**Fax : +91 481 2573234**



ദുക്റോനോ **8** മാർത്തോമ്മാ ശ്ലീഹായുടെ....
*- പി. തോമസ്, പിറവം*

കാലികം **16** മഴ
*- ഫാ. റ്റി. എ. ഇടയാടി*

ഗസ്റ്റ് കോളം **23** ആധിപത്യവും....
*- ഡോ. കെ. എസ്. രാധാകൃഷ്ണൻ*

**6** എഡിറ്റോറിയൽ
നിങ്ങളുടെ മുത്തുകളെ...
*- ഡോ. സഖറിയ മാർ അപ്രേം*

**5** മഹാപുരോഹിത സന്ദേശം

**10** ജന്തു പുരാണം
*- രോഹിണി വർഗീസ്*

**32** ചികിത്സ
ക്യാപ്സൂളുകളും ഗുളികകളും
ലീനാ തോമസ്

**25** നമ്മിലൊരാൾ
ഡോ. പി.ഐ. വർഗീസ്, ചെമ്മനം

**40** ചരിത്രം
ക്നാനായ ഭദ്രാസനത്തിന്....
വർഗീസ് ജോൺ, തോട്ടപ്പുഴ

**36** ദൃഷ്ടി
ഒരു മതനിരപേക്ഷ ചായ
- അജി വർഗീസ്, ബത്തേരി

**47** യുവജന പംക്തി
- ഫാ. വിൽസൺ മാത്യു


## *സ്ഥിരം പംക്തികൾ*


ധ്യാനപംക്തി, ബൈബിൾ പദപ്രശ്നം, നമ്മിലൊരാൾ, വനിതാ സഭ, ബുദ്ധിമാൻ, വാർത്തകൾ, സൺഡേസ്ക്കൂൾ വാർത്തകൾ




മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ ഔദ്യോഗിക മുഖപത്രം
# മലങ്കരസഭ

*പ്രസിഡന്റ്*
**സഖറിയ മാർ അന്തോനിയോസ്**
Phone: 0474 - 2743535

*വൈസ് പ്രസിഡന്റ്*
**ഡോ. യൂഹാനോൻ മാർ മിലിത്തോസ്**
Phone: 0487- 2371039, 2371748 (Fax)

*ചീഫ് എഡിറ്റർ*
**ഡോ. സഖറിയ മാർ അപ്രേം**
Phone: 0481- 2578500, 2578499

*മാനേജിംഗ് എഡിറ്റർ*
**ഫാ. റ്റി. എ. ഇടയാടി**
Mob:- 9447300908

*സബ് എഡിറ്റർ*
**ഫാ. തോമസ് പി. മുകളിൽ**
Mob:- 9447421948

*ഓഫീസ് മാനേജർ*
**ഫാ. അലക്സി മാത്യൂസ്**
Mob:- 9946668911

*അംഗങ്ങൾ*
**ഫാ. ഡോ. റ്റി.ജെ. ജോഷ്വ**
**ഫാ. ഡോ. ജേക്കബ് കുര്യൻ**
**ഫാ. കെ. റ്റി. ഫിലിപ്പ്, എറണാകുളം**
**ഡോ. ജോർജ്ജ് ജോസഫ്**
**(അസ്സോസിയേഷൻ സെക്രട്ടറി)**
**ഡോ. പി.എം. മാത്യു, വെല്ലൂർ**
**പ്രൊഫ. ഡോ. എം. പി. മത്തായി**
**അഡ്വ. പി.സി. മാത്യു പുലിക്കോട്ടിൽ**
**ശ്രീ. മാമ്മൻ വർഗീസ്**
**പ്രൊഫ. മേരി കുര്യൻ**
**പ്രൊഫ. മേരി മാത്യു**

EDITORIAL BOARD

*Cover Design & Layout:-*
Jinto Kurichy at
**M.S. Graphics, Devalokam.**

## വരിസംഖ്യ

| | |
|---|---|
| ഇന്ത്യയിൽ | |
| ഒറ്റപ്രതി | : 15 രൂപ |
| ഒരു വർഷം | : 125 രൂപ |
| 4 വർഷം | : 500 രൂപ |
| 12 വർഷം (ആയുഷ്ക്കാലം) | : 1250 രൂപ |
| വിദേശത്തേക്ക് | |
| ഒരു വർഷം | : 1500 രൂപ |








കൈക്കുടന്ന

# പ്രത്യാശ

- ധർമ്മവിവേകത്തിൽ നിന്നാണ് ഈ ഉപമ. ഒരു മരം. അതിൽ രണ്ട് പ്രാവുകൾ. സല്ലാപത്തിനിടയിൽ പെൺപ്രാവ് താഴേക്ക് നോക്കി. ഒരു വേടൻ കുലച്ച വില്ലുമായി തങ്ങളെ ലക്ഷ്യമാക്കി നില്ക്കുന്നു. നമുക്ക് മുകളിലേക്ക് പറന്നകലാമെന്ന് പറഞ്ഞ് ആൺപ്രാവ് നോക്കുമ്പോൾ മുകളിൽ ഒരു പരുന്ത് ചുറ്റിപ്പറക്കുന്നു. ഇനിയെന്ത് ചെയ്യുമെന്ന് പ്രാവുകൾ കുറുകി. പെട്ടെന്ന് വേടന്റെ കാലിൽ പാമ്പ് കൊത്തുകയും കൈയ്യിലെ വില്ലിൽ നിന്ന് അമ്പ് ലക്ഷ്യം തെറ്റി പരുന്തിനേല്ക്കുകയും ചെയ്ത് രണ്ടും കൊല്ലപ്പെട്ടു. ദൈവത്തിന്റെ വഴികൾ എത്ര വിചിത്രം എന്ന് ആശ്ചര്യപ്പെട്ടാണ് ആചാര്യൻ ശ്ലോകം അവസാനിപ്പിക്കുന്നത്.
- “ആകാശം ഭൂമിക്ക് മീതെ ഉയർന്നിരിക്കുന്നത് പോലെ എന്റെ വഴികൾ നിങ്ങളുടെ വഴികളിലും എന്റെ വിചാരങ്ങൾ നിങ്ങളുടെ വിചാരങ്ങളിലും ഉയർന്നിരിക്കുന്നു” ഇങ്ങനെയാണ് യെശയ്യാ പ്രവാചകൻ ദൈവവഴികളെ സാക്ഷ്യപ്പെടുത്തുക (55:9)
- നിരാശ മരണകരമായ പാപങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയതിന്റെ ഗൗരവം ബോധ്യപ്പെടണം. പ്രതിസന്ധികൾക്ക് പോലും ലക്ഷ്യമുണ്ടെന്നറിയുക. കരുത്തും വിശുദ്ധിയും മേല്ക്കുമേൽ ആർജ്ജിക്കുവാനുള്ള വലിയ അവസരങ്ങളാണവ. നമ്മുടെ കണ്ണുകൾ ദൈവത്തിങ്കൽ ആയിരിക്കട്ടെ. ദൈവത്തിന്റെ ഇടപെടലുകൾക്ക് വേണ്ടി നോക്കിപ്പാർക്കുക. അത് നിശ്ചയമായും സത്യത്തിന്റെ ഉയിർത്തെഴുന്നേല്പിൽ മാത്രമാണ് കലാശിക്കുക. മനുഷ്യന്റെ മൗനം ദൈവത്തിന്റെ സ്വരം കേൾപ്പിക്കും.
- സങ്കീർത്തനം ധ്യാനിക്കാം. “യഹോവയുടെ മുമ്പാകെ മിണ്ടാതെയിരുന്ന് അവനായി പ്രത്യാശിക്കുക; കാര്യസാധ്യം പ്രാപിക്കുന്നവനെയും ദുരുപായം പ്രയോഗിക്കുന്നവനെയും കുറിച്ച് നീ മുഷിയരുത്... കുറഞ്ഞോന്ന് കഴിഞ്ഞിട്ട് ദുഷ്ടൻ ഇല്ല; നീ അവന്റെ ഇടം സൂക്ഷിച്ച് നോക്കും; അവനെ കാണുകയില്ല”. (37:7–10)

\- സഖേർ



# മഹാപുരോഹിത സന്ദേശം

വാത്സല്യ മക്കളെ,

ജൂൺ മാസത്തിൽ കൂടിയ 'മലങ്കരസഭ' പത്രാധിപസമിതിയുടെ ചില താത്പര്യങ്ങൾ ചീഫ് എഡിറ്റർ നമ്മെ അറിയിച്ചത് വളരെ സന്തോഷത്തോടെയാണ് നാം കേട്ടത്. നമ്മുടെ കാതോലിക്കേറ്റ് ശതാബ്ദി വർഷമാണല്ലോ 2012. ശതാബ്ദി പരിപാടികൾക്കായി ഒരു കമ്മറ്റിയെ നാം നിയമിച്ചിട്ടുണ്ട്. വിവിധ തരത്തിൽ പ്രോഗ്രാമുകൾ അവർ ആസൂത്രണം ചെയ്തു വരുന്നതായി നാം മനസ്സിലാക്കുന്നു.

മലങ്കരസഭ മാസിക ശതാബ്ദിയോടനുബന്ധിച്ച് ഏറ്റെടുത്തു നടത്തുവാൻ ശ്രമിക്കുന്ന രണ്ടു സംഗതികൾ നാം നിങ്ങളെ അറിയിക്കുകയാണ്. 1) മലങ്കര ഓർത്തഡോക്സ് സഭാവിജ്ഞാന പീഠിക. പാരമ്പര്യം, സഭാ ചരിത്രം, വിശ്വാസം, വേദപുസ്തക വിജ്ഞാനീയം, ആരാധന, തുടങ്ങി വിവിധ നിലകളിലുള്ള അറിവുകളെ ഉള്ളടക്കുന്ന ശബ്ദകോശമായിരിക്കും ഇത്. നിലവിൽ വൈദിക സെമിനാരി നേരത്തെ പ്രസിദ്ധീകരിച്ചിട്ടുള്ള 'സഭാവിജ്ഞാനകോശം' എന്ന ഗ്രന്ഥമാണ് നമുക്കുള്ളത്.

2) മലങ്കരസഭ ഓർത്തഡോക്സ് സുറിയാനി സഭാ ഡയറക്ടറി, ഇത് സഭയുടെ ഇന്നത്തെ അടിയന്തിരമായ ഒരാവശ്യമായി നമുക്ക് തോന്നുന്നു. ആധികാരികവും, ഔദ്യോഗികവും സമ്പൂർണ്ണവും ആയിരിക്കും ഇത്.

ഈ രണ്ടു വിശിഷ്ട ഗ്രന്ഥങ്ങളുടെ പ്രത്യേക ചുമതലക്കാരായി വന്ദ്യ ജോഷ്വാ അച്ചനെയും ജേക്കബ് കുര്യൻ അച്ചനെയും നിയമിച്ചിട്ടുണ്ട്. ഇതിന്റെപ്രവർത്തനങ്ങളെ സംബന്ധിച്ച് മാസിക വഴി ബന്ധപ്പെട്ടവർ നിങ്ങളെ അറിയിക്കുന്നതാണ്.

**ബസ്സേലിയോസ് മാർത്തോമാ ദിദിമൊസ് പ്രഥമൻ**

from the DESK

എഡിറ്റോറിയൽ



# നിങ്ങളുടെ മുത്തുകളെ

**പൗ**രോഹിത്യം അതിശ്രേഷ്ഠമായ സ്വർഗ്ഗീയ നൽവരദാനമാണ്. അഹറോനെപ്പോലെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെടുന്നവരിൽ മാത്രം ഫലപ്രാപ്തിയിലെത്തുന്ന മഹത്തായ സാദ്ധ്യതയാണത്. അതിവിശുദ്ധമായ ഈ സ്വർഗ്ഗീയ കൃപാവരങ്ങളെ പ്രാപിക്കുന്ന പുരോഹിതർ കേവലം മന്നാ ഇട്ടുവച്ച മൺചെപ്പുപോലെയോ, മധുര സംഗീതം പൊഴിക്കുന്ന മുളംതണ്ടുപോലെയോ ആണെന്നുള്ളത് പൂർവ്വസൂരികളായ പുണ്യപിതാക്കന്മാരുടെ സാക്ഷ്യമാണ്. "ബലഹീനതയിൽ തികഞ്ഞുവരുന്ന" ദൈവകൃപയുടെ അനുസ്യൂത പ്രവാഹമാണെന്ന് സാരം. ശെമ്മാശ്ശൻ–കശ്ശീശ്ശാ–എപ്പിസ്കോപ്പാ എന്നീ ത്രിവിധ പൗരോഹിത്യ സ്ഥാനങ്ങൾ പ. സഭയുടെ ചരിത്രപരമായ വളർച്ചയിലൂടെ രൂപപ്പെട്ടതാണെങ്കിലും സഭയുടെ സമഗ്രമായ വളർച്ചയുടെയും, സാക്ഷ്യനിർവ്വഹണത്തിന്റെയും അതുല്യ ഘടകം പൗരോഹിത്യമാണെന്ന് നിസ്സംശയം പറയാം. പൗരോഹിത്യത്തെ തിരസ്കരിക്കുന്ന "കൂട്ടായ്മകൾ" സഭാ ചരിത്രത്തിൽ വിവിധ സന്ദർഭങ്ങളിൽ ഉടലെടുത്തിട്ടുണ്ടെങ്കിലും സഭാ ജീവിതത്തിന്റെ, ക്രിസ്താനുഭവത്തിന്റെ അവിഭാജ്യഘടകമായ കൗദാശിക ജീവിതം പൗരോഹിത്യ ശുശ്രൂഷയിലൂടെയാണ് നിറവേറ്റപ്പെടേണ്ടത്. അതുകൊണ്ട് തന്നെ പൗരോഹിത്യത്തിന് സംഭവിക്കുന്ന ഏതപജയവും പരിശുദ്ധ സഭയെ സാരമായി ബാധിക്കും.

> **മലങ്കരസഭയുടെ സ്വത്വവും സ്വാതന്ത്ര്യവും ഇനി മറ്റൊരു വിദേശിയാൽ കളങ്കപ്പെട്ടു കൂടാ.**

പ. സഭയുടെ ആദ്ധ്യാത്മികവും, ഭൗതികവുമായ അച്ചടക്കം അർത്ഥപൂർണ്ണമാകണമെങ്കിൽ പൗരോഹിത്യത്തിൽ അച്ചടക്കം ഉണ്ടായേ തീരൂ. പ. സഭയുടെ ഇന്നയോളമുള്ള ചരിത്രത്തിൽ വിഭാഗീയതയും, വിഘടനവും ഉടലെടുത്തതിന്റെ പിറകിൽ പ്രവർത്തിച്ചത് പൗരോഹിത്യ സ്ഥാനികളാണെന്നതാണ് സത്യം; ഒരു പക്ഷേ വേദശാസ്ത്രപരമോ, രാഷ്ട്രീയ–സാമൂഹികമോ, അല്ലാത്തതോ ആയ ന്യായീകരണങ്ങൾ നിരത്തുവാൻ ഉണ്ടെങ്കിൽ പോലും പൗരോഹിത്യശ്രേണിയിൽ ഉടലെടുക്കുന്ന അച്ചടക്കരാഹിത്യം, ത്രിവിധ ശ്രേണിയിൽ അരുടേതാണെങ്കിലും, പ. സഭ അതീവ ഗൗരവത്തോടെ വീക്ഷിച്ച് ഉചിതമായ പരിഹാരനടപടികൾ സ്വീകരിക്കേണ്ടതാണ്. പൗരോഹിത്യ നൽവരം വ്യക്തിപരമായി ലഭിക്കുന്ന താലന്തല്ല; സഭയ്ക്കുവേണ്ടി, സഭയിലൂടെ നൽകപ്പെടുന്ന ദൈവീകദാനമാണത്. പുണ്യമുള്ള പൂർവ്വ പിതാക്കന്മാർ തങ്ങൾക്കുലഭിച്ച ഈ വലിയ മുത്ത് ചവിട്ടിമെതിക്കുവാൻ ഇട്ടുകൊടുക്കുകയോ, വ്യക്തിപരമായ ലക്ഷ്യപ്രാപ്തിക്കായി വിനിയോഗിക്കുകയോ ചെയ്തിരുന്നില്ല. പൗരോഹിത്യ നൽവരത്തിന്റെ വിനിയോഗം എപ്രകാരമാണെന്ന് നിർണ്ണയിക്കേണ്ടതും, നടപ്പിലാക്കേണ്ടതും പ. സഭയാണ്. സഭയുടെ മാനം, ദൈവജനത്തിന്റെ, തീരുമാനം അൽമായ–പൗരോഹിത്യ സ്ഥാനികളിലൂടെയും, സമിതികളിലൂടെയും

Editorial

വെളിപ്പെടുകയും, രൂപീകരിക്കപ്പെടുകയുമാണ് വേണ്ടത്.

സമീപ കാലത്ത് അരങ്ങേറിയ അനധികൃതവും, വ്യവസ്ഥാപിത ശൈലികൾക്ക് നിരക്കാത്തതും, ഭരണഘടനാവിരുദ്ധവുമായ മേൽപ്പട്ടവാഴ്ചയെ അതീവ ഗുരുതരമായ അച്ചടക്ക ലംഘനമായി മാത്രമേ വീക്ഷിക്കുവാൻ പാടുള്ളൂ. പൗരോഹിത്യ നൽവര ദാനവും, സ്വീകരണവും "അങ്ങാടിക്കടയിലെ ആടലോടകം" പോലെ ക്രയവിക്രയം ചെയ്യപ്പെടുന്ന അവസ്ഥയിലേക്ക് തരംതാഴുന്നത് വേദനാജനകമാണ്; ക്രൈസ്തവ സാക്ഷ്യത്തിന് നിരക്കാത്തതുമാണ്. ഏതു സഭാ വിഭാഗത്തിലാണെങ്കിലും മേൽപട്ടക്കാരുടെ ഇടയിലെ അച്ചടക്കരാഹിത്യം അതീവ ഗുരുതരമായ പ്രതിസന്ധി സൃഷ്ടിക്കുന്നതാകയാൽ പ. സഭ ഇത്തരം പ്രവണതകളെ ശക്തമായി നേരിടുവാൻ സന്നദ്ധമാകണം. വിശ്വാസ സമൂഹത്തിന് ഇവിടെ ചില ധർമ്മങ്ങൾ നിറവേറ്റുവാനുണ്ട്; രണ്ടുവിഭാഗം വിശ്വാസികളെയാണ് കൂടുതൽ കണ്ടുവരുന്നത്; ഒന്നാമതായി,പട്ടക്കാരുടെയും മേൽപട്ടക്കാരുടെയും ഗുണങ്ങളെ ആവശ്യത്തിലധികം പുകഴ്ത്തുന്ന ഒരുതരം സ്തുതിപാഠകരുടെ ഗണം; രണ്ടാമതായി, ഇതിനുഘടകവിരുദ്ധമായി നഖശിഖാന്തം പൗരോഹിത്യ സ്ഥാനികളെ വിമർശിക്കുന്ന, നന്മയുടെ സകല നാമ്പുകളും നുള്ളുന്ന വിഭാഗം ആണ്. ഈ രണ്ട് ശൈലികളും ഗുണകരമല്ല. സഭയ്ക്ക് വേണ്ടത് ഇതിനിടയിലുള്ള സമീപന രീതിയാണ്. അതായത് പൗരോഹിത്യ സ്ഥാനികളെ തിരുത്തുവാൻ കഴിയുന്ന പ്രവർത്തനശൈലി. വിശ്വാസ സമൂഹം പൗരോഹിത്യത്തിന്റെ "തിരുത്തൽ ശക്തി" യായി പരിണമിക്കേണ്ടിയിരിക്കുന്നു. അന്ധനോ, അന്തകനോ ആയ അനുയായികളെയല്ല സഭയ്ക്ക് ആവശ്യം. പൗരോഹിത്യ സ്ഥാനികളുടെ പ്രവർത്തനങ്ങളെയും, ശൈലികളെയും പ. സഭയുടെ പൊതു താൽപര്യങ്ങൾക്കനുസരണമായി വിലയിരുത്തി, ആവശ്യമായ തിരുത്തലുകൾ നിർദ്ദേശിക്കുന്ന വിശ്വാസ സമൂഹത്തെയാണ് സഭയ്ക്കാവശ്യം. പട്ടക്കാരും മേൽപട്ടക്കാരുമെന്ന ന്യൂക്ലിയസിനുചുറ്റും വലം വയ്ക്കുന്ന ഉപഗ്രഹങ്ങളാകരുത് വിശ്വാസികൾ; പൗരോഹിത്യ നൽവരങ്ങൾ ക്രിയാത്മകമായും, പ. സഭയുടെ തീരുമാനപ്രകാരവും വിനിയോഗിക്കപ്പെടുന്നുവോ എന്ന് ഉറപ്പുവരുത്തുന്ന ജാഗരൂകതയാണ് വിശ്വാസ സമൂഹത്തിന് ഉണ്ടാകേണ്ടത്. പൗരോഹിത്യ നൽവരത്തിന്റെ, കൃപാവരങ്ങളുടെ, ഉടമസ്ഥത, പരിശുദ്ധ സഭയ്ക്കാണെന്ന സത്യം വിശ്വാസ സമൂഹം ഉത്തരവാദിത്വപൂർവ്വം ഓർത്തിരിക്കേണ്ടതാണ്.

മലങ്കരസഭയുടെ സ്വത്വവും സ്വാതന്ത്ര്യവും ഇനി മറ്റൊരു വിദേശിയാൽ കളങ്കപ്പെട്ടുകൂടാ. പൗരോഹിത്യ ശ്രേണിയിലെ അനാരോഗ്യകരമായ പ്രവണതകൾ, ഒരുപക്ഷേ, ഇത്തരം ഇടപെടലുകൾക്ക് വാതിൽ തുറന്നുകൊടുത്തേക്കാം. വിശ്വാസ സമൂഹം ജാഗരൂകരാകേണ്ട സ്ഥിതിവിശേഷമാണ് സഭയിൽ ഉടലെടുത്തിരിക്കുന്നത്. *ചെന്നായ്ക്കളും കുഞ്ഞാട് വേഷധാരികളായേക്കാവുന്ന* അപകടകരമായ അവസ്ഥ അതീവ ശ്രദ്ധയോടെ കൈകാര്യം ചെയ്യപ്പെടേണ്ട സംഗതിയാണ്. പരിശുദ്ധ സഭയ്ക്ക് ഇനിയുമൊരു പോറൽ ഏൽക്കുവാൻ അനുവദിച്ചുകൂടാ. രക്ഷകന്റെ മണവാട്ടിയും മന്ദിരവും ശരീരവുമായ സഭയെ പ്രാണനെക്കാൾ വലുതായി നമുക്ക് സ്നേഹിക്കാം.

**ഡോ. സഖറിയാ മാർ അപ്രേം**

ഗുരുമൊഴി



**സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടത് ആകുന്നു.**

പി. തോമസ്, പിറവം



*ഭാരതത്തിന്റെ പിതാവായ മാർത്തോമ്മാ ശ്ലീഹായുടെ ചരമദിനം എന്നാണ്? വ്യത്യസ്ത അഭിപ്രായങ്ങളും ആശയങ്ങളും നില നില്ക്കെ 20–ാം നൂറ്റാണ്ടിനു മുൻപ് മാർത്തോമ്മാ ശ്ലീഹായുടെ പെരുന്നാൾ കൊണ്ടാടിയ ചരിത്ര രേഖകൾ അണിനിരത്തി അന്വേഷണാത്മകമായി നടത്തുന്ന ഒരു പഠനത്തിലൂടെ...*

# മാർത്തോമ്മാശ്ലീഹായുടെ 'ദുക്റോനോ' എന്ന്?

സ്വന്തം പിതാവിന്റെ ചാത്തപ്പെരുന്നാൾ തീയതി, എവിടെയോ ഉള്ളവർ, 'കണ്ട നീയല്ല; കേട്ട ഞാൻ' എന്ന മട്ടിൽ പറഞ്ഞതെല്ലാം ഏറ്റുപാടാനേ ഈ 21–ാം നൂറ്റാണ്ടിലും കഴിയുന്നുള്ളല്ലോ എന്നോർത്ത് മലങ്കരസഭയേ, നിനക്ക് ലജ്ജിക്കാം. മാർത്തോമ്മാശ്ലീഹായുടെ ചരമതീയതി വിവിധസഭകളിൽ വ്യത്യസ്തമാണെങ്കിലും, ഇ.എം. ഫിലിപ്പിനെപ്പോലുള്ളവർ ഒരു തീയതിയും സൂചിപ്പിക്കുന്നില്ലെങ്കിലും, മാർ തോമ്മാശ്ലീഹായുടെ യഥാർത്ഥ ചരമദിനം (ദുക്റോനോ) ജൂലൈ 3 ആണെന്നതിൽ സംശയിക്കേണ്ട ഒരു കാര്യവുമില്ല.

**ചരിത്ര രേഖകളിൽ**

ഇക്കാര്യത്തിൽ ദുക്റോനോ എന്ന വാക്കിന്റെ ഉത്പത്തിയും ചരിത്രവും കൂടി അന്വേഷിക്കണം. പോർട്ടുഗീസ് കാലഘട്ടത്തിനു മുമ്പുള്ള ഈ സഭയുടെ ആരാധനക്രമങ്ങളിലും പാരമ്പര്യത്തിലും ചരിത്രരേഖകളിലും കർക്ക. 3 നെപ്പറ്റി കാണുന്നതെന്തെന്ന് നോക്കാതെ, പാശ്ചാത്യരേഖകൾ അപ്രമാദിത്വമുള്ളതായി കരുതരുത്.

പെങ്കീസാക്രമത്തിൽ പന്ത്രണ്ടു ശ്ലീഹന്മാരുടെ പെരുന്നാളിനു ശേഷമാണല്ലോ, (യൽദോ പെരുന്നാളിനു മുമ്പല്ല) ദുക്റോനോ കാണുക. അത് ആ തീയതിക്ക് എങ്ങനെ സ്ഥാനം പിടിച്ചുവെന്ന് ചിന്തിക്കുക. പോർട്ടുഗീസുകാരുടെ വരവിനു മുമ്പുള്ള ആരാധനക്രമങ്ങളും നമ്മോടു ബന്ധപ്പെട്ട സഭകളുടെ ആരാധനക്രമങ്ങളും പെരുന്നാൾ പട്ടികകളും താരതമ്യം ചെയ്ത് നോക്കിയാണ് തീരുമാനമെടുക്കേണ്ടത്.

ചില റോമൻ സഭാരേഖകളിൽ, അക്കൂട്ടർ അക്കാലത്ത് കൊണ്ടാടിവന്ന ഡിസം. 21 ആണ് ശരിയായ ചരമദിനം എന്ന മിഥ്യാധാരണയിൽ, ഇവിടെ ആചരിച്ചു വന്ന കർക്ക. (ജൂലൈ) 3 ന് അസ്ഥിമാറ്റ ദിനമെന്ന വ്യാഖ്യാനം നൽകി. ആ കഥ വിശ്വസിച്ചാണ് 'കർക്ക. (ജൂലൈ) 3 കരിദിനം' എന്നൊക്കെ പറയുന്നത്.

ചിലർ ധനു 18 ന് നോമ്പാചരിച്ച് 21 ന് സമാപിക്കുന്ന പാരമ്പര്യത്തെക്കുറിച്ച് പറയാറുണ്ട്. ധനു 1 മുതൽ 25 വരെയുള്ള യൽദോ നോമ്പാചരണത്തിന്റെ കാര്യം മറന്നാണോ ഇങ്ങനെയൊക്കെ പറയുന്നത്? യൽദോ നോമ്പിൽ ഇപ്രകാരം ഒരു പെരുന്നാൾ 1900 നൊക്കെ മുമ്പ് മലങ്കരയിലെ പള്ളികളിൽ വ്യാപകമായി കൊണ്ടാടിയിരുന്നതായി എതെങ്കിലും പള്ളിചരിത്രമോ പെരുന്നാൾ പട്ടികകളോ ഇതര രേഖകളോ (റോമൻ രേഖകളും അതിന്റെ കോപ്പിയടികളും ഒഴികെ) കാണിക്കാനുണ്ടോ?

1064 /1889 ധനു 21 ലെ കോനാട്ട് മാത്തൻ മല്പാന്റെ ഡയറിയിൽ മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ സംബന്ധിച്ച് എഴുതിയിരിക്കുന്നത് ഇങ്ങനെയാണ്: 'ഈ പെരുന്നാൾ ശീമകളിൽ ഇല്ല. അവർക്ക് വിവരമില്ലാഞ്ഞിട്ട് ഈ പെരുന്നാൾ ആചരിക്കാത്തതാണെന്നും അതിനാൽ നാം ആചരിക്കണമെന്നും ഒരു പഴയ 'കവിഥ' അതിനു സാക്ഷിയുണ്ടെന്നും കൊച്ചപ്പൻ മാർ യൂലിയോസ് മെത്രാപ്പോലീത്താ കല്പി

ച്ചു. ഇപ്രകാരം എന്നെ ചൊല്ലി കേൾപ്പിച്ചു. ('ധനുമാസം പതിനെട്ടിൽ ചതിവാലെ കുന്തമേറ്റു; കിടന്നു മൂന്നു ദിനം മരിച്ചങ്ങിരുപത്തൊന്നിൽ'.) ഈ പെരുന്നാൾ ശരിയായി ആചരിക്കണമെന്ന് ഞാനും വിചാരിക്കുന്നു.'

മേൽക്കാണിച്ചിരിക്കുന്നതിൽ പ്രധാനകാര്യം 19-ാം നൂറ്റാണ്ട് ഒടുവിൽപോലും സുറിയാനി സഭയിൽ ധനു / ഡിസം. 21 പെരുന്നാൾ നടപ്പിലില്ലെന്നതാണ്. 1900 നു മുമ്പ് ഏതെങ്കിലും പഴയ സുറിയാനിപ്പള്ളികളിൽ ജൂലൈ 3 അല്ലാതെ, മാർത്തോമ്മാശ്ലീഹായുടെ ഓർമ്മപ്പെരുന്നാൾ ആചരിച്ചുവന്നതായി ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ചില റോമൻ പ്രചാരണങ്ങളെ വിശ്വസിച്ച് (കോനാട്ടു മല്പാൻ കണ്ടെത്തിയപോലെയുള്ളവ) ഈ സഭയിൽ അവിടവിടെ ധനു 21 പെരുന്നാൾ ആചരിച്ചുതുടങ്ങി. അതും 1952-ലെ തോമാശ്ലീഹാ ജൂബിലിയാഘോഷങ്ങളെ തുടർന്നാണ് കാര്യമായി വേരു പിടിച്ചത്. മാർ തോമ്മാശ്ലീഹായുടെ നാമത്തിലുള്ള മുളന്തുരുത്തിപ്പള്ളിയിലെ പെരുന്നാളിന് അക്കാരണത്താൽ ജൂബിലിപ്പെരുന്നാളെന്നാണ് പറയുന്നത്.

**പുരാതന രേഖകൾ**

ഉറഹാ പള്ളിയിൽ മാർ തോമ്മാശ്ലീഹായുടെ പെരുന്നാൾ കൊണ്ടാടിയതിനെപ്പറ്റിയുള്ള ഒരു രേഖയുടെ വ്യാഖ്യാനം ഒട്ടേറെ തെറ്റിദ്ധാരണയ്ക്ക് ഇടയാക്കിയിട്ടുണ്ട്. തോമാശ്ലീഹായുടെ കാര്യം നന്നായി അറിയാവുന്ന ഉറഹാക്കാർ ജൂലൈ 3 ന് പുതിയ പെരുന്നാൾ കൊണ്ടാടിയെങ്കിൽ അവിടെ പൂർവ്വികമായ പെരുന്നാൾ എന്നായിരുന്നു? ഇവിടെ പറയുന്നതുപോലെ അവിടെ രണ്ടു പെരുന്നാൾ കൊണ്ടാടിയിരുന്നോ, ഡിസം. 21നും ജൂലൈ 3 നും എന്നൊന്നും ആരും തിരക്കുന്നില്ല.

തീയതി രേഖപ്പെടുത്തിയിട്ടുള്ള ഏറ്റവും പഴയ രേഖ എഡേസൻ നാളാഗമമാണ്. അസ്സേമാനി ബിബ്ലിയേത്തോക്കാ ഒരിയന്താളിസ് (ഒന്നാം വാല്യം 399-ാം പുറം) ൽ ഇത് ഉദ്ധരിക്കുന്നു. പൗളിനോസ് നൽകുന്നത് ഇപ്രകാരമാണ്: 'യവനരുടെ 705-ാം വത്സരത്തിൽ (അത് ക്രിസ്തുവർഷം 394 ആകുന്നു) ആഗസ്റ്റ് മാസം 22 ന് മാർ കൂറിലോസ് മെത്രാന്റെ നാളുകളിൽ മാർത്തോമ്മാശ്ലീഹായുടെ പേടകം അദ്ദേഹത്തിനു പ്രതിഷ്ഠിക്കപ്പട്ട വലിയ പള്ളിയിലേക്ക് അവർ കൊണ്ടുവന്നു.'

മിഖായേൽ റാബോ, ബാർ എബ്രായ എന്നീ സുറിയാനി സഭാചരിത്രകാരന്മാരും തിരുവിതാംകൂർ സ്റ്റേറ്റ് മാനുവലും (വാല്യം 1 പേ. 465, 656) പല മലയാള സഭാചരിത്ര ഗ്രന്ഥങ്ങളും (ഫാ. ഗീവറുഗീസ് നെടുന്തള്ളിൽ, മലങ്കരസഭയും തോമസ് അപ്പൊസ്തോലനും, പേ. 56, 81, (History of Syrian Church Vol.I p.165) ഇത് ഉദ്ധരിക്കുന്നുണ്ട്. പല പാശ്ചാത്യചരിത്രകാരന്മാരും ഈ ഭാഗം അംഗീകരിക്കുന്നു. ഇതനുസരിച്ച് അസ്ഥികൾ കൊണ്ടുപോയി സ്ഥാപിച്ചത് 394-ൽ ആണെന്ന് പറയുകയും ചെയ്യുന്നു.

കേരളത്തിലെ പാരമ്പര്യങ്ങളും രേഖകളും നോക്കാം. റമ്പാൻപാട്ടിൽ 'എഴുപത്തിരണ്ടാം കർക്കടകത്തിൽ ... കാലം ചെയ്തിതു മാർത്തോമ്മാ' എന്ന് കാണാം. കേരളപ്പഴമ'കർക്കടകം മൂന്നാം തീയതി മാർത്തോമ്മാശ്ലീഹായുടെ പെരുന്നാളാകുന്നു' എന്ന് പറയുന്നു. (പേ. 39)

വത്തിക്കാൻ സിറിയക് കോഡക്സ് 22-ൽ കർക്കടകം മൂന്നിന് മാർത്തോമ്മാശ്ലീഹായുടെ ദുക്റാന ആചരിക്കുന്ന കാര്യം പറയുന്നു. 1500 ൽ കബ്രാളിനോടൊപ്പം യൂറോപ്പിനു പോയ ഇൻഡ്യാക്കാരൻ ജോസഫ് കത്തനാർ ഇവിടെ കർക്കടകം 3 ന് ദുക്റാന ആചരിക്കുന്നതായി പറഞ്ഞു. 1504 ൽ മാർ യാക്കോബ് എഴുതിയ പഞ്ചാംഗത്തിലും ഇക്കാര്യം പറയുന്നു. (ക്രൈസ്തവ വിജ്ഞാനകോശം, പ്രകാശം പബ്ലിക്കേഷൻസ്, പേ. 114) 16-ാം നൂറ്റാണ്ടിൽ ശ്ലീഹായുടെ ചരമവാർഷികാചരണത്തിന് നസ്രാണികൾ പറവൂരുനിന്ന് കൊടുങ്ങല്ലൂരേക്ക് തീർത്ഥയാത്ര നടത്തുമ്പോൾ പഴയ ചില പാട്ടുകൾ പാടിയ കാര്യം പോർട്ടുഗീസ് രേഖകളിലുണ്ട്. (V.C.George, Apostalate & Martyrdom of St.Thomas, p.20.)

1751 ൽ ഇവിടെ വന്ന മപ്രിയാന മാർ ബസേലിയോസിന്റെ കത്തിൽ 'കർക്ക. 3-ാം തീയതി മാർത്തോമ്മാശ്ലീഹായുടെ പെരുന്നാൾ ദിവസം കമ്പനി വക ആളുകളോടും പട്ടാളക്കാരോടും ഹെസക്കിയേൽ എന്ന യൂദനോടും കൂടി കൊച്ചിരാജാവിനെ കാണ്മാൻ ഞങ്ങളെ അയച്ചു' എന്ന് കാണുന്നു. (ഇ.എം. പീലിപ്പോസ്, മാർത്തോമ്മാശ്ലീഹായുടെ ഇൻഡ്യൻസഭ, പേ. 166)

**കേരളത്തിലെ പാരമ്പര്യങ്ങൾ**

കേരളത്തിലെ റോമൻ കത്തോലിക്കർ ഇപ്പോൾ ജൂലൈ 3 നാണ് ശ്ലീഹായുടെ ഓർമ്മ ആഘോഷിക്കുന്നത്. റോമിൽ ആദ്യകാലത്ത് അങ്ങനെതന്നെ ആയിരുന്നു. ഇടക്കാലത്ത് അവർക്കുണ്ടായ തീയതിപ്പിണക്കം അവർ 1972 ൽ തിരുത്തി. മഴ തീർന്നു. പക്ഷെ ഇവിടെ മരം പെയ്തുകൊണ്ടേയിരിക്കുന്നു.

ഈ വിഷയത്തെപ്പറ്റി മലങ്കരസഭ (1984 മാർച്ച്), കുന്നംകുളം ഇടവകപത്രിക (2004 സെപ്റ്റ - 2005 ജനു) എന്നിവയിൽ മുമ്പ് വിശദമായി എഴുതിയിരുന്നു. അന്വേഷണതൽപ്പരർക്ക് അവയും http://www.malankaraorthodox.tv/mosc:writers/P. Thomas എന്ന സൈറ്റിൽ ഇതിനെപ്പറ്റിയുള്ള ലേഖനവും, പിറവം പെരുന്നാൾ പട്ടികയുടെ ഒരു പഠനവും നോക്കാം. പ്രകാശം പബ്ലിക്കേഷൻസിന്റെ വിജ്ഞാനകോശത്തിൽ പലയിടങ്ങളിലായി വിലപ്പെട്ട വിവരങ്ങൾ കണ്ടെത്താം. ജോസഫ് കൂർമ്മാങ്കലിന്റെ 'തെക്കും ഭാഗരും വടക്കും ഭാഗരും' എന്ന പുസ്തകത്തിൽ (ശ്രീ. ജോസഫ് ചാഴികാടന്റെ പുസ്തകത്തിന്റെ ഖണ്ഡനം) സുപ്രധാന വിവരങ്ങൾ വർഷങ്ങൾക്ക് മുമ്പേ എഴുതിയിട്ടുണ്ട്. തങ്ങൾ പഠനം തുടങ്ങിയ കാലത്ത് പരിമിതമായ സൗകര്യങ്ങളിൽ നിന്ന് ലഭിച്ച വിവരങ്ങൾ അവസാനവാക്കാണെന്ന് കരുതിക്കൂടെന്നാണ് ഈയുള്ളവന്റെ പക്ഷം. മാർത്തോമ്മാശ്ലീഹായുടെ സിംഹാസനം മലങ്കരയിലുറപ്പിച്ചതിന്റെ ശതാബ്ദി കൊണ്ടാടുവാനുള്ള ഒരുക്കത്തിനിടയിൽ യഥാർത്ഥ ചരമദിനത്തിന്റെ കാര്യം ചരിത്രവസ്തുതകളുടെ പിൻബലത്തോടെ ഉറപ്പിക്കേണ്ടത് ഒരു കേവല അക്കാദമികാഭ്യാസമൊന്നുമല്ല. ■

പ്രകൃതി

രോഹിണി വർഗീസ്, തിരുവല്ല



# ജന്തു പുരാണം

"തിന്നാനല്ലാതെ കൊല്ലുന്ന ഒരേ ഒരു ജന്തു
മനുഷ്യൻമാത്രം" *- കവി സച്ചിദാനന്ദൻ*

"യഹോവേ, നിന്റെ പ്രവൃത്തികൾ എത്ര പെരുകിയിരിക്കുന്നു! ജ്ഞാനത്തോടെ നീ അവയെ ഒക്കെയും ഉണ്ടാക്കിയിരിക്കുന്നു; ഭൂമി നിന്റെ സൃഷ്ടികളാൽ നിറഞ്ഞിരിക്കുന്നു... അതിൽ കളിപ്പാൻ നീ ഉണ്ടാക്കിയ ലിവ്യാഥാൻ ഉണ്ട്." (സങ്കീ. 104: 24–26).

1945–ൽ ജോർജ്ജ് ഓർവെൽ എഴുതിയ 'ആനിമൽഫാം' എന്ന കഥയും അതിന്റെ സിനിമയും വളരെ പ്രശസ്തി ആർജ്ജിച്ചിരുന്നു. ഫാമിൽ വളരുന്ന മൃഗങ്ങൾ യജമാനന്മാരായ മനുഷ്യരുടെ സ്വാർത്ഥമോഹം കണ്ടു മനംമടുത്ത് അവരെ പുറത്താക്കുന്നതാണു കഥ. ഭാവനയാണെങ്കിൽകൂടി ആ മൃഗങ്ങളുടെ ചിന്തയിൽ കഴമ്പുണ്ടെന്ന് ഇന്നത്തെ മനുഷ്യരുടെ മൃഗവേട്ട കാണുമ്പോൾ തോന്നിപ്പോകും. "തിന്നാനല്ലാതെ കൊല്ലുന്ന ഒരേ ഒരു ജന്തു മനുഷ്യൻമാത്രം" എന്ന് ആധുനിക കവി സച്ചിദാനന്ദൻ നിരീക്ഷിക്കുന്നതെത്ര വാസ്തവം!

വാൾട്ട് ഡിസ്നി എന്ന കലാകാരൻ മിക്കിമൗസിനെയും, ടോം ആന്റ് ജെറിയെയും സൃഷ്ടിച്ചില്ലായിരുന്നെങ്കിൽ ലോകമെമ്പാടുമുള്ള കുട്ടികൾ ചുണ്ടെലികളെയും പൂച്ചകളെയും സ്നേഹിക്കുമായിരുന്നോ എന്നു സംശയം. ഈസോപ്പുകഥകളും, പഞ്ചതന്ത്രം കഥകളും, ബിയാട്രിസ് പോട്ടറുടെ മുയൽക്കഥകളുമെല്ലാം നല്ല ഒരളവിൽ കുഞ്ഞുങ്ങളെ ജന്തുലോകവുമായി അടുപ്പിക്കുന്നുണ്ട്. എന്നാൽ, വളർന്നു വരുന്തോറും അവരുടെ ഉള്ളിലെ നായാട്ടുകാരൻ ശക്തി പ്രാപിക്കുന്നുവോ!

സഭയുടെ പ്രാരംഭദശയിൽ തോമസ് അക്വിനാസും, കാൾബാത്തും മറ്റും ഉല്പത്തിയിലെ സൃഷ്ടികഥകളെ ആധാരമാക്കി മനുഷ്യൻ സൃഷ്ടിയുടെ മകുടം എന്ന ആശയം പ്രചരിപ്പിച്ചു. ദൈവരാജ്യത്തിൽ പ്രകൃതിക്കും മൃഗങ്ങൾക്കും സ്ഥാനമില്ലെന്ന് വി. അഗസ്തീനോസും പഠിപ്പിച്ചു. ഡാർവിൻ സിദ്ധാന്തം വന്നപ്പോഴാണ് ഈ ചിന്താഗതിക്ക് അല്പം മാറ്റമുണ്ടായതും, ബുദ്ധിജീവി മനുഷ്യൻ മാത്രമല്ല എന്നു തെളിഞ്ഞതും.

'പ്രകൃതിമേൽ വാഴുവീൻ' എന്നു യഹോവ കല്പിച്ചത് ഭൂമിയെ തിന്നുമുടിക്കുവാനല്ല, പ്രകൃതി–മനുഷ്യൻ–ദൈവം എന്ന ബന്ധത്തിൽ ജീവിക്കുവാനാണ്. മനുഷ്യനെയും മൃഗങ്ങളെയും ഒരേ തട്ടിലാണ് സഭാപ്രസംഗി വിലയിരുത്തുന്നത് (3:19–20). നോഹയുടെ കാലത്ത് ഇരുകൂട്ടരെയും ദൈവം നശിപ്പിക്കുകയും രക്ഷിക്കുകയും ചെയ്യുന്നു. മനുഷ്യനെ അദ്ധ്വാനശീലനാക്കാൻ കാണിച്ചുതരുന്ന മാതൃക ഉറുമ്പിന്റേതാണ് (സദൃ. 6:6). മൃഗബലിയിൽ ദൈവത്തിനു താല്പര്യമുണ്ടായിരുന്നില്ല; സകല മൃഗങ്ങളും അവനു സ്വന്തമാണല്ലോ (സങ്കീ. 50:8–14).

1979–ൽ അസ്സീസ്സിയിലെ വി. ഫ്രാൻസിസിനെ പോപ്പ് ജോൺ പോൾ രണ്ടാമൻ പരിസ്ഥിതി മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു. സകലജീവജാലങ്ങളുടെയും കൂട്ടുകാരനായിരുന്നു ഫ്രാൻസിസ്. അദ്ദേഹത്തിന് അവയുമായി സംവേദിക്കുവാൻ കഴിഞ്ഞിരുന്നു! പക്ഷിമൃഗാദികളെയും, സൂര്യചന്ദ്രനക്ഷത്രങ്ങളെയും, എന്തിന്, മരണത്തെപ്പോലും 'സഹോദരൻ' എന്ന് അഭിസംബോധന ചെയ്യുവാൻ തക്ക വിശാല ഹൃദയനായിരുന്നു ഫ്രാൻസിസ്. അദ്ദേഹ

ത്തിന്റെ 'ജീവജാലങ്ങൾക്കുള്ള സ്തോത്രഗാനം' (canticle of creatives) പ്രസിദ്ധമാണ്.

ഇന്നത്തെ ലോകത്ത് ഏതെങ്കിലും തരത്തിൽ മനുഷ്യന് ഉപയോഗമുള്ള മൃഗങ്ങൾക്കേ സംരക്ഷണമുള്ളൂ. പൂച്ച സാത്താന്റെ അവതാരമെന്നു പറഞ്ഞ് അതിനെ പിടിച്ചു തീയിലിടുന്ന ഒരു മധ്യകാലമുണ്ടായിരുന്നു. റെഡ് ഇന്ത്യൻ വംശജരെ നശിപ്പിക്കുവാൻ, അവരുടെ ജീവിതത്തിന്റെ ആധാരമായ അമേരിക്കൻ കാട്ടുപോത്തുകളെ (ബൈസൺ) ബ്രിട്ടീഷ് അധിനിവേശകാലത്ത് നശിപ്പിച്ചിരുന്നു. എട്ടു കോടി ബൈസൺ 50 കൊല്ലം

## ഇന്നത്തെ ലോകത്ത് ഏതെങ്കിലും തരത്തിൽ മനുഷ്യന് ഉപയോഗമുള്ള മൃഗങ്ങൾക്കേ സംരക്ഷണമുള്ളൂ.



കൊണ്ട് കൊല്ലപ്പെട്ടു! അതേ സായിപ്പ് ഇന്ന് തന്റെ ഫ്ളാറ്റിനുള്ളിൽ കിടക്കയിലും കാർപെറ്റിലും മടിയിലും പൂച്ചകളെയും നായ്ക്കളെയും ലാളിച്ചു രസിക്കുന്നത് വിരോധാഭാസം തന്നെ!

ആനിമൽ പ്ലാനറ്റ് ചാനലും, ഡിസ്കവറി ചാനലും മൃഗസംരക്ഷണത്തിനായി മുറവിളി കൂട്ടുമ്പോഴും വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന ജന്തുക്കൾ എത്രയോ! ഒരു മേനകഗാന്ധിയോ, സലീം അലിയോ മാത്രം വിചാരിച്ചാൽ തീരുന്ന പ്രശ്നമല്ലിത്. PETA യും SPCA യും ശക്തമായ സംഘടനകൾ ആണെങ്കിൽപോലും ഗാർഡൻ സിറ്റിയായ ബാംഗ്ലൂരിൽ പൊതുനിരത്തിൽ അലയുന്ന നായ്ക്കളെ എണ്ണിയാൽ തീരില്ല! ഇന്ത്യയിൽ കടുവയ്ക്കുവേണ്ടി 'Project Tiger' പദ്ധതി രൂപീകരിച്ചു. പക്ഷേ, കടുവയെ സംരക്ഷിക്കണമെങ്കിൽ കടുവ തിന്നുന്ന സസ്യഭുക്കുകളായ മൃഗങ്ങളെക്കൂടി സംരക്ഷിക്കേണ്ടിയിരിക്കുന്നു.

വി. ഗ്രന്ഥത്തിൽ പലയിടത്തും മൃഗങ്ങളുടെ മഹത്വം വാഴ്ത്തിപ്പാടുന്നുണ്ട്. മനുഷ്യനു വേണ്ടത്ര ജ്ഞാനമോ, നിയന്ത്രണമോ ഇല്ലാത്ത അനേകം പക്ഷിമൃഗാദികളുടെ പേരുകൾ പറഞ്ഞ് ദൈവം ജോബിനെ പരിഹസിക്കുന്നുണ്ട് (39). മഹാനക്രത്തിനു മാത്രമായി ഒരു മുഴുവൻ അദ്ധ്യായം നല്കപ്പെട്ടിരിക്കുന്നു (41). 40-ാം അദ്ധ്യായത്തിൽ Behemoth എന്ന ഒരു കൂറ്റൻ ജന്തുവിനെക്കുറിച്ചും വർണ്ണനയുണ്ട്.

പുതിയ നിമയത്തിലും മൃഗങ്ങൾ പരാമർശിക്കപ്പെടുന്നു. വിവിധതരം ആടുകൾ, കുതിര, കുഴിമുയൽ, കുറുനരി, പാമ്പ്, ഒട്ടകം, കഴുത, കുരികിൽ, പ്രാവ്, മീവൽ, കാക്ക എന്നിവ. ഇവയിൽ കഴുത വളരെ ശക്തമായ കഥാപാത്രമായി പലയിടത്തും വരുന്നുണ്ട്. നാലു സുവിശേഷങ്ങളിലും ഓശാന വർണ്ണനയിൽ കഴുതക്കുട്ടി വരുന്നുണ്ട്. സഖരിയ പ്രവചിച്ച (9:9) രാജാവിന്റെ താഴ്മയും മഹത്വവും വെളിവാക്കുന്ന യെരുശലേം പ്രവചനം, യജമാനന്റെ സാധനങ്ങളും ചുമന്ന് അനുസരണയോടെ നടക്കുന്ന അബ്രഹാമിന്റെ കഴുത (ഉല്പ. 22:3), ദാവീദ് രാജാവിനോട് പോരിനിറങ്ങുന്ന അബ്ശാലോമിനെ കരുവേലകത്തിൽ കുരുക്കിയിട്ട് ഓടിമറയുന്ന കോവർകഴുത (2 ശമു. 18:9), യജമാനനെക്കാൾ മുമ്പെ ദൈവദൂതനെ തിരിച്ചറിഞ്ഞ്, ഒടുവിൽ വായ്തുറന്നു സംസാരിക്കുന്ന ബാലാമിന്റെ കഴുത, എന്നിങ്ങനെ എത്രയോ പ്രസക്തഭാഗങ്ങൾ...

ബൈബിളിൽ സമാധാനത്തിന്റെയും വിനയത്തിന്റെയും ചിഹ്നമായ കഴുത സാഹിത്യലോകത്ത് ഒരു വിഡ്ഢിക്കഥാപാത്രമാണ്. കഴുതച്ചെവികളും തലകളും കൊടുത്ത് തങ്ങളുടെ കഥാപാത്രങ്ങളെ അവർ ശിക്ഷിച്ചു (ഗ്രീക്ക് പുരാണങ്ങളിലെ മിദാസ് രാജാവ്, കാർലോ കൊളോഡിയുടെ പിനോക്കിയോ, ഷേക്സ്പിയറിന്റെ 'മിഡ്സമ്മർനൈറ്റ്സ് ഡ്രീം', 'മരക്കഴുത', 'കഴുതത്തലയാ' എന്നൊക്കെ ക്ലാസ്സിലെ മണ്ടശിരോമണികളെ അദ്ധ്യാപകർ പണ്ടേ പരിഹസിച്ചിരുന്നു. മൃഗമായതുകൊണ്ട് അവ എന്തും സഹിക്കുമെന്ന ചിന്തയാവാം മനുഷ്യന്റെ ഭാവന ഇപ്രകാരം കാടുകയറ്റുന്നത്. "യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻതോട്ടത്തിൽ വേല ചെയ്‌വാനും അതിനെ കാപ്പാനും അവിടെ ആക്കി" (ഉല്പ. 2:15). "മനുഷ്യനു ഭവിക്കുന്നതു മൃഗങ്ങൾക്കും ഭവിക്കുന്നു; രണ്ടിനും ഗതി ഒന്നു തന്നെ; അതു മരിക്കുന്നതുപോലെ അവനും മരിക്കുന്നു; രണ്ടിനും ശ്വാസം ഒന്നത്രേ; മനുഷ്യനു മൃഗത്തേക്കാൾ വിശേഷതയില്ല...." (സഭാ. 3:19-20).

എങ്കിൽ സകല ചരാചരങ്ങളെയും സഹോദരങ്ങളായി കാണാവുന്നതേയുള്ളു. ഏദനിൽവച്ച് മൃഗങ്ങൾക്കു പേരിട്ട മനുഷ്യന് അവയെ സംരക്ഷിക്കുവാനും കടമയില്ലേ? 'മാ നിഷാദ' (അരുത്, കാട്ടാളാ)... ഒരു മഹർഷിവര്യന്റെ ശാപവാക്കുകൾ ഇന്നും ചെവികളിൽ മുഴങ്ങുന്നില്ലേ? ■




## BRIDE GROOM WANTED

Proposals are invited for my sister 29, 5'1", B.Tech, Orthodox, fair and employed in wipro, from parents or professionally qualified christian Grooms, Please respond with the Biodata and latest photo

Email: **elizabethabraham01@gmail.com.**

**Phone: +919845015566**

## BRIDE WANTED

തന്റേതല്ലാത്ത കാരണത്താൽ വിവാഹം വേർപെടുത്തിയ അമേരിക്കൻ സിറ്റിസൺ 45 വയസ്സ്. ദൈവഭയവും വിദ്യാഭ്യാസവുമുള്ള അവിവാഹിതരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. സാമ്പത്തികം വിഷയമല്ല.

**ഫോൺ: 9947366291**

Email: **johnjayan1@rediffmail.com**

## BRIDE GROOM WANTED

Orthodox parents invite proposal for their daughter 25, 163 cm, B.Tech, fair, working at Chennai in a reputed firm, from parents of professionally qualified employed.

**Ph: 9446505774**

**email: seeri@bsnl.com**

## BRIDE WANTED

ഓർത്തഡോക്സ് യുവാവ് 46, കോഴിക്കോട്ട് സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്നു. പുനർ വിവാഹവും പരിഗണിക്കും.

**ഫോൺ: 0481–2591091, 9447141239**

## BRIDE WANTED

ഓർത്തഡോക്സ് യുവാവ്, (163/31) ബിരുദാനന്തര ബിരുദം, ബിസിനസ്, ക്രിസ്ത്യൻ ഓർത്തഡോക്സ് യുവതികളുടെ മാതാപിതാക്കളിൽ നിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 04682342755, 9447061755**

## BRIDE WANTED

Proposals are invited to an orthodox deacon, son of a priest and member of cathedral Church in Central Travancore. Employed persons are preferd. send a message MARRIAGE to the mobile of his father

**Phone: 9446389122**

## BRIDE WANTED

Orthodox parents invite proposal for their son, Diploma in Electronics & Communication, 29, 180. working in Abudhabhi Govt firm. Seeks alliance from parents of professionaly qualified girls from india and abroad.

**Ph: 0469-2615597, 0949642745**

**email: anilpcherian2006@gmail.com**

## BRIDE GROOM WANTED

Parents belonging to ancient Orthodox family from central Travancore, well settled in Mumbai invite marriage proposals for their daughter, born and brought up in Mumbai, aged 24, 156 cms height, average weight, very fair, simple and beautiful, MBA in HR, from parents of well educated, employed / self employed, God fearing, loving and caring boys aged 25 to 28 years. We prefer Orthodox Christian boy born and brought up outside Kerala, true to Orthodox Christian traditions and values. **Ph. 09920923344**

**E mail write2cherian@yahoo.com**

നമ്പർ 300/2010

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ലീഹായുടെ സിംഹാസനത്തിന്മേൽ
ആരൂഢനായിരിക്കുന്ന

## പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
## മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ

നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാരും, ദേശത്തുപട്ടക്കാരും, പള്ളികൈക്കാരന്മാരും, ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരേ,

പ. സഭയുടെ ഭരണഘടനയ്ക്ക് വിരുദ്ധമായും, മലങ്കര സുറിയാനി ക്രിസ്ത്യാനി അസ്സോസിയേഷൻ തെരഞ്ഞെടുക്കുകയോ, പ. എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗീകരിക്കുകയോ ചെയ്യാതെ, ഒരു വൈദികനെ, മലങ്കര സഭയുടെ അംഗീകാരമില്ലാത്ത സേവേറിയോസ് മൂസാ ഗുർഗാൻ മേൽപട്ടക്കരനായി വാഴിച്ച വിവരം പത്രമാധ്യമങ്ങളിലൂടെ നമ്മുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ വിധം അനധികൃതമായി മേൽപട്ടക്കാരായി വരുന്ന ആരേയും നമ്മുടെ പ. സഭയുടെ ദേവാലയങ്ങളിൽ പ്രവേശിപ്പിക്കുകയോ, എപ്പിസ്കോപ്പായ്ക്കടുത്ത ബഹുമാനാദരവുകൾ നൽകി സ്വീകരിക്കുകയോ, അവർ നേതൃത്വം നൽകുന്ന പ്രാർത്ഥനകളിലോ, മറ്റ് ചടങ്ങുകളിലോ സംബന്ധിക്കുകയോ ചെയ്യുവാൻ പാടുള്ളതല്ല എന്ന് നാം കർശനമായി കൽപിക്കുന്നു. ഇതിനു വിരുദ്ധമായി ആരെങ്കിലും പ്രവർത്തിച്ചാൽ ആയത് പ. സഭയുടെ പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ പ. പിതാക്കന്മാർ ദൈവീകമായി നമ്മെ ഭരമേൽപിച്ച ആത്മീകാധികാരത്തിനെതിരായുള്ള വെല്ലുവിളിയായും, അച്ചടക്ക ലംഘനമായി നാം കണക്കാക്കുന്നതും ശിക്ഷണ നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. മലങ്കര സഭാംഗങ്ങളായ ആരെയെങ്കിലും, ഏതെങ്കിലും വൈദിക സ്ഥാനികളായി, സേവേറിയോസ് മൂസാ ഗുർഗാനോ, അയാളാൽ അവരോധിക്കപ്പെടുന്ന ആരെങ്കിലുമോ പട്ടം കൊടുത്താൽ അവരെ സംബന്ധിച്ചും ഈ കല്പന ബാധകമായിരിക്കും. പ. സഭയുടെ ആത്മീയവും ഭൗതികവുമായ അച്ചടക്കം വിലയേറിയതായി നാം കരുതുന്നതിനാൽ നമ്മുടെ വാൽസല്യനിധികളായ സഭാമക്കൾ ആരും ഇത്തരത്തിൽ പ്രവർത്തിക്കരുതെന്നും പ. സഭയിൽ ഭിന്നത സൃഷ്ടിക്കുന്ന ആരുമായും യാതൊരുസംസർഗ്ഗവും പാടില്ലെന്നും നാം സ്നേഹപൂർവ്വം ആവശ്യപ്പെടുന്നു.

ശേഷം പിന്നാലെ,

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യക മറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ....

**ബസ്സേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ**

2010 ജൂൺ മാസം 19 –ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.

# മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, മസ്ക്കറ്റ്

# 'തണൽ' ഭവന നിർമ്മാണ പദ്ധതി

മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ചിന്റെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം നടപ്പാക്കുന്ന 'തണൽ' ഭവന നിർമ്മാണ പദ്ധതിയിലൂടെ മലങ്കര ഓർത്തഡോക്സ് സഭയിലെ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്ന ഭവനരഹിതർക്കായി ആദ്യഘട്ടമെന്ന നിലയ്ക്ക് അഞ്ച് വീടുകൾ നിർമ്മിച്ച് നൽകുന്നു. കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിലും ഉൾപ്പെട്ട ഭവനരഹിതരായവർക്ക് ഈ പദ്ധതിയിലേക്ക് അപേക്ഷിക്കാവുന്നതാണ്. അർഹരായ അപേക്ഷകർ താഴെ കാണുന്ന മാതൃകയിൽ അപേക്ഷകൾ തയ്യാറാക്കി Mar Gregorios Orthodox Church P.O. Box 984, P.C. 113, Muscat, Sultanate of Oman' എന്ന വിലാസത്തിൽ 31.07.2010 - ന് മുൻപായി ലഭിക്കത്തക്ക വിധത്തിൽ നേരിട്ട് അയയ്ക്കേണ്ടതാകുന്നു.

## നിബന്ധനകൾ

- അപേക്ഷകന് വസ്തുവിൻമേലുള്ള ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖയുടെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാകുന്നു.
- അപേക്ഷകന്റെ ഉടമസ്ഥതയിൽ കുറഞ്ഞത് മൂന്ന് സെന്റ് വസ്തുവെങ്കിലും ഉണ്ടായിരിക്കണം.
- അപേക്ഷകന്റെ ഇപ്പോഴത്തെ വീടിന്റെ ഫോട്ടോഗ്രാഫ് ഇടവക വികാരിയുടെ ഒപ്പ് സഹിതം അപേക്ഷയോടൊപ്പം അയയ്ക്കേണ്ടതാകുന്നു.
- അപേക്ഷകൾ പരിഗണിക്കുന്ന പക്ഷം നിർമ്മാണപ്രവർത്തനങ്ങൾ അതാത് പള്ളികളിലെ ഇടവക വികാരിയുടെയും, തന്നാണ്ടിലെ ഇടവക ഭരണ സമതിയുടെയും മേൽ നോട്ടത്തിലായിരിക്കും നടത്തപ്പെടുന്നത്.
- മസ്ക്കറ്റ് മാർ ഗ്രീഗോറിയോസ് ഓർത്തഡോക്സ് ചർച്ച് ഭരണസമിതി അംഗീകരിച്ച് നൽകിയിട്ടുള്ള പ്ലാൻ അനുസരിച്ചായിരിക്കണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.
- ഭവനനിർമ്മാണത്തിനാവശ്യമായ മൊത്തം ചിലവിന്റെ 25% ന് തത്തുല്യമായ പങ്കാളിത്തം (തുകയോ/സേവനമായോ) തിരഞ്ഞെടുക്കപ്പെടുന്ന അപേക്ഷകനോ, അദ്ദേഹം അംഗമായ ഇടവകയോ വഹിക്കേണ്ടതാകുന്നു.
- അപേക്ഷകൾ ഇടവക വികാരി, ഭദ്രാസന മെത്രാപ്പോലീത്താ എന്നിവരുടെ ശുപാർശയോടുകൂടി 31.07.2006 - ന് മുമ്പായി Mar Gregorios Orthodox Church P.O. Box 984, P.C. 133, Muscat, Sultanate of Oman എന്ന വിലാസത്തിൽ ലഭിക്കത്തക്കവിധത്തിൽ നേരിട്ട് അയയ്ക്കേണ്ടതാകുന്നു.
- M.G.O.C. മസ്ക്കറ്റ് ഭവന നിർമ്മാണ സമിതിയുടെ തീരുമാനങ്ങൾ അന്തിമമായിരിക്കും.

# മാർ ഗ്രിഗോറിയോസ് ഓർത്തഡോക്സ് ചർച്ച്, മസ്ക്കറ്റ്

# ‘തണൽ’ ഭവന നിർമ്മാണ പദ്ധതി

## അപേക്ഷാഫോറം

അപേക്ഷകന്റെ പേര്.......................................................................................................

വയസ്സ്:................തൊഴിൽ:......................................................വാർഷിക വരുമാനം:......................................................

മേൽവിലാസം:.......................................................................................................

.......................................................................................................

ഇടവക:..................................................................................ഭദ്രാസനം:..................................................................................

### ഭൂസ്വത്ത് വിവരം

ഉടമസ്ഥാവകാശിയുടെ പേര്:.......................................................................................................

വസ്തുവിന്റെ വിസ്തീർണ്ണം:......................................................സർവ്വേ നമ്പർ:......................................................

ജില്ല:...............................................വില്ലേജ്:...............................................കര:...............................................

### കുടുംബാംഗങ്ങളുടെ /ആശ്രിതരുടെ പൂർണ്ണ വിവരം

| പേര് | അപേക്ഷകനുമായുള്ള ബന്ധം | വയസ്സ് | തൊഴിൽ | പ്രതിമാസവരുമാനം |
|---|---|---|---|---|
| | | | | |

* മുകളിൽ വിവരിച്ചിട്ടുള്ള വിവരങ്ങൾ പൂർണ്ണവും സത്യസന്ധവുമാകുന്നു.

* അപേക്ഷാഫാറത്തോടൊപ്പം ചേർത്തിരിക്കുന്ന നിബന്ധനകൾ വായിച്ച് ബോധ്യപ്പെട്ടിട്ടുള്ളതാകുന്നു.

അപേക്ഷകന്റെ ഒപ്പ്: സ്ഥലം: തീയതി:

കാലികം

ഫാ. റ്റി. എ. ഇടയാടി

# മഴ



**വേനലും വർഷവും
അതാതു കാലത്തു
ക്രമമായിട്ടുണ്ടാവുകയും
ഫലങ്ങൾ വളരുകയും
അഗതികളും ദരിദ്രന്മാരും ഭക്ഷിച്ച്
തിരുനാമത്തെ
മഹത്വപ്പെടുത്തുകയും ചെയ്‌വാൻ
തക്കവണ്ണം വാഴ്‌വിന്റെ
മഴകളെയും ചാറൽ മഴകളെയും നീ
പെയ്യിക്കേണമേ...**

– *നിത്യ പ്രാർത്ഥന (പാമ്പാക്കുട)*

### ഒന്ന്

ഈറനുടുത്ത പുലരിക്ക് തുടികൊട്ടുമായി 'ചന്നംപിന്നം മഴ'. ഒരു കൈക്കുമ്പിൾ നിറയെ കോരിയൊതുക്കി ചുണ്ടു നനയ്ക്കുന്ന നൊസ്റ്റാൾജിയാ–
മഴ 'മര'യായും 'മയ'യായും ചരപര പെയ്യുന്നതുകേട്ടു തഴമ്പിച്ച ബാല്യങ്ങൾ നേരറിവിൽ മയയിൽ മയങ്ങുന്നത് ഒരു നിത്യക്കാഴ്ച. കുളിരുള്ള ഓർമ്മകളിൽ മേയുന്ന യൗവ്വനങ്ങൾക്ക് ഈ മഴ പൂക്കാലം. മാസവരുമാനക്കാരന് വീടിന്റെ കോലായിൽ ഒതുങ്ങിക്കൂടി അന്നം പശിച്ച് സീരിയൽ സിനിമാ കാഴ്ചകളുടെ സരോവരങ്ങളിൽ നീന്തിത്തുടിച്ച്...

### രണ്ട്

മഴയൊന്നു തോരുന്നതും നോക്കി കൊച്ചു വാഴച്ചുവട്ടിൽ ഇലയുടെ തുമ്പു ചേർത്തു പിടിക്കുന്ന അഞ്ചാം ക്ലാസ്സുകാരന്റെ ഇല്ലായ്മകൾ... നനഞ്ഞ് ഒട്ടിയ വസ്ത്രങ്ങളെ വിടർത്തുവാൻ വൃഥാ ശ്രമിക്കുന്ന യൗവ്വനത്തിന്റെ അപകർഷതകൾ... ഓലവിടവിൽ ആകാശം പെയ്യുന്നത് പ്ലാസ്റ്റിക്കിൽ മറച്ച ആളായിരിക്കണം ആധുനിക ഗ്ലാസ് മേൽക്കൂരയുടെ ഉപജ്ഞാതാവ്. അടുപ്പിലെ തീയണയ്ക്കുന്ന മഴ ഒരു നൊമ്പരമായി പെയ്തിറങ്ങുമ്പോഴും മഴ മാറും എന്ന് കാത്തിരിക്കുന്ന കൂലിപ്പണിക്കാരന്റെ പ്രഭാതങ്ങൾ.
ബെഞ്ചിൽ ഒന്നിനോടൊന്ന് ഒട്ടി, ചേർന്നിരുന്ന് ഇത്തിരിച്ചൂട് തേടിയ നിമിഷങ്ങളിൽ മലയാളം സാർ കഥ പറയും. പാളികളില്ലാത്ത ജനലിലൂടെ കനം തിങ്ങിയ കാർമേഘങ്ങളെ നോക്കി സാർ ആവശ്യപ്പെട്ടു. 'ഇരുണ്ടു മൂടിയ ആകാശം നോക്കി ഒരുവരി കവിത എഴുത്'.
'അത് ഒറ്റയ്ക്കിരുന്ന് ഓർത്തോർത്തു കരയുന്ന ഏതു നിമിഷവും കണ്ണീരൊഴുക്കുവാൻ

വെമ്പുന്ന എന്റെയമ്മ'. കൂട്ടുകാരന്റെ ഉപമ നന്നായി.
റിയലിസ്റ്റിക്കാണ്
ഒരുപക്ഷേ എല്ലാ അമ്മമാരും ഇങ്ങനെയായിരുന്നു. മഴയൊന്നു ശമിച്ചപ്പോൾ ഓടിയതാണ്. പുഴയിൽ വെള്ളം കൂടിയിട്ടുണ്ട്. കാൽ വഴുതുമോ. പൊതിച്ചോറും കൊണ്ടുപോയില്ല. കൊണ്ടുപോകാൻ ഇവിടെ ഒന്നുമില്ലല്ലോ. കുഞ്ഞിന് വിശക്കും. മഴ നനഞ്ഞ് വലിയ പനി പിടിക്കുമോ. രണ്ടോ മൂന്നോ ബുക്കുകൾ, ബട്ടൺ പോയ ഉടുപ്പിന്റെ ഉള്ളിൽ നെഞ്ചോടു

## കേരളത്തിന്റെ കാലാവസ്ഥ

കേരളത്തിൽ പ്രധാനമായും നാലു കാലങ്ങളാണ് അനുഭവപ്പെടുന്നത്.

**1. തെക്കു പടിഞ്ഞാറൻ മൺസൂൺ:**
ഇടവപ്പാതി, കാലവർഷം എന്നീ പേരുകളിലും അറിയപ്പെടുന്ന തെക്കു പടിഞ്ഞാറൻ മൺസൂൺ ജൂൺ മുതൽ സെപ്റ്റംബർ വരെയാണ്. (മഴയുടെ 70 ശതമാനവും ഈ സീസണിലാണു ലഭിക്കുന്നത്)

**2. വടക്കു കിഴക്കൻ മൺസൂൺ**
തുലാവർഷം എന്നും അറിയപ്പെടുന്നു. ഒക്ടോബർ, നവംബർ മാസങ്ങളിലാണ് തുലാവർഷം.

**3. ശൈത്യ കാലം**
ഡിസംബർ, ജനുവരി, ഫെബ്രുവരി മാസങ്ങളിലാണു കേരളത്തിലെ ശൈത്യകാലം.

**4. വേനൽ കാലം**
മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണു വേനൽ കാലം.

ചേർത്തു വച്ച് കുനിഞ്ഞ് ഒരോട്ടമാണ് നനയുമോ, സാർ അടിക്കുമോ എന്റെ കുഞ്ഞിനെ.
ഇറ്റു വീഴുന്ന ഇറയത്ത് നനഞ്ഞ മൺ ചുമരിനോടൊട്ടി, ഓടിവരുന്ന കുഞ്ഞിനെ ചേർത്തു പിടിച്ച് ഉടുമുണ്ടിന്റെ കോന്തലയാൽ തലതുവർത്തി, നിറുകയിൽ കണ്ണുനീരുണക്കുന്ന അമ്മ-ഒരു മഴയാണ്, പെയ്താൽ തീരാത്ത എപ്പോഴും പെയ്യാൻ വെമ്പുന്നോരമ്മ! സങ്കടക്കടലുകൾ കരളിന്റെയുള്ളിൽ കരുതുന്നോരമ്മ.

### മൂന്ന്

പ്രകൃതി വിഭവങ്ങളെ കാര്യവിചാരകത്വത്തോട് കൈകാര്യം ചെയ്യുന്നതിലുള്ള അറിവില്ലായ്മയാണ് നമ്മുടെ പ്രശ്നം. അധിക ജലം പങ്കു വയ്ക്കണം എന്നാരൊക്കെയോ പറഞ്ഞപ്പോൾ എത്രയധികം ശബ്ദമുണ്ടായി. സത്യത്തിൽ മഴയത്ത് പാഴായിപ്പോകുന്ന വെള്ളം അവർ കൊണ്ടുപോകട്ടെ. കൊടുത്താൽ അവർ അതുകൊണ്ട് പച്ചപ്പ് സൃഷ്ടിക്കും. നമുക്ക് സാധിക്കാത്ത വിധം പ്രകൃതി വിഭവങ്ങളെയും സാഹചര്യങ്ങളെയും ഫലവത്താക്കുന്നതിൽ ക്രിയാത്മക സമീപനം തമിഴ്നാടിന്റേതാണ്. അത് നാം കണ്ടു പഠിക്കുകയും വേണം.
ഇക്കഴിഞ്ഞ ഏപ്രിൽ മെയ് മാസങ്ങളിലെ ചൂടിന്റെ കാര്യം ഓർക്കുക. ഉത്തരേന്ത്യൻ സംസ്ഥാനങ്ങളെയും പിന്നിലാക്കി കേരളത്തിന്റെ ഗ്രാമ നഗരങ്ങളെ ഒന്നാകെ വറുതിയിലാക്കിയ ചൂട് ചില സ്ഥലങ്ങളിൽ 40 ഡിഗ്രി വരെ എത്തിയത്രേ. ഇന്നിപ്പോൾ മഴ പെയ്യേണ്ട സമയത്തു പെയ്യില്ല. പെയ്താലോ, വെള്ളപ്പൊക്കവും വൻ ദുരന്തങ്ങളും സമ്മാനിച്ചേ മഴ അടങ്ങൂ. ഇക്കുറി പെയ്ത മഴയുടെ കണക്കു നോക്കാം. ജൂൺ പതിനഞ്ചു വരെ പെയ്ത മഴ. മുൻവർഷങ്ങളേക്കാൾ ഇരുപതു ശതമാനത്തിലധികം. നാടാകെ തിമർത്തു പെയ്ത ഈ മഴ നിർഭാഗ്യവശാൽ വൈദ്യുതി ഉത്പാദനത്തിനാവശ്യമായ ഇടുക്കിയിലും മുല്ലപ്പെരിയാറിലുമൊന്നും പെയ്തതുമില്ല. കാലം തെറ്റിച്ച്, കണക്കുകൾ തെറ്റിച്ചു കോരിച്ചൊരിയുന്ന മഴയുടെ മുമ്പിൽ പതറി നിൽക്കാതെ, പ്രകൃതിയെ അതിന്റെ സ്വാഭാവികതയിലേക്കു മടക്കിക്കൊണ്ടു വരുവാനാണ് ഓരോ മനുഷ്യനും ശ്രമിക്കേണ്ടത്.
ആഗോള താപനത്തിനു മരമാണു മറുപടി എന്നു പുതിയ മുദ്രാവാക്യം മുഴങ്ങിക്കൊണ്ടിരിക്കുകയാണ്. മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനോടൊപ്പം, പെയ്യുന്ന മഴ പരമാവധി മണ്ണിൽ താഴ്ത്തുവാൻ കൂടിയുള്ള പരിശ്രമം അത്യാവശ്യമാണ്.
ഇപ്പോൾ പെയ്യുന്ന മഴ ഇങ്ങനെ തന്നെ ഒഴുകി പൊയ്ക്കോട്ടെ എന്നാണു ഭാവമെങ്കിൽ-ഈ മഴയെല്ലാം ഒഴുകി തീരുമ്പോൾ സ്വാഭാവികമായ നീരുറവകൾ എപ്പോഴേ നഷ്ടപ്പെട്ട നമ്മുടെ നദികളുടെയും അരുവികളുടെയും അകാല മരണവും ഒപ്പം വരാൻ പോകുന്ന മറ്റൊരു വരൾച്ചയിൽ ഒരുതുള്ളി ദാഹ ജലത്തിനായി നെട്ടോട്ടമോടുന്ന മനുഷ്യരിൽ ഒരാളായി മാറുകയുമായിരിക്കും ഫലം!

### നാല്

മഴയ്ക്കും ഒരു ആത്മീയ ഭാവമുണ്ട്. മഴ ഒരു തീർത്ഥാടനമാണ്. ഒരു പ്രക്ഷാളനമാണ്. മണ്ണിന്റെ ആർദ്രതയെ ചുംബിച്ചുണർത്തുന്ന മഴ. മനുഷ്യന്റെ സർവ്വ മാലിന്യങ്ങളെയും കഴുകി വെടിപ്പാക്കുന്ന മഴ. നമ്മുടെ തൃഷ്ണകളെ തെളിമയാക്കുന്ന മഴ! വരണ്ട ഗ്രീഷ്മത്തിന്റെ വറുതികളെ തളിരണിയിക്കുന്നതും, വിണ്ട നിലങ്ങളെ യോജിപ്പിക്കുന്നതും, കരിഞ്ഞ നാമ്പുകൾക്ക് പുതു ജീവൻ പ്രദാനം ചെയ്യുന്നതുമെല്ലാം മഴയാണല്ലോ.

എന്റെ കരിഞ്ഞ നന്മകൾ
വരണ്ട സ്നേഹ പുഴകൾ
കഠിന ഹൃദയ വയലുകൾ
ദൈവമേ! ഒരു മഴയായ്
അങ്ങെന്നിൽ പെയ്തിറങ്ങേണമേ.
■



# മരുഭൂമിയിലെ നീരുറവ

## (സെന്റ് തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ)

## ('STOC' ജീവകാരുണ്യ സഹായം 2010)

1975 സെപ്റ്റംബർ 12–ാം തീയതി അഭിവന്ദ്യ ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായാൽ സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻ (STOC) 2010–ലെ ജീവകാരുണ്യ ധനസഹായങ്ങൾക്ക് അർഹരായവരിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. ചികിത്സാസഹായത്തിന് ജാതിമത ഭേദമന്യേ ആർക്കും അപേക്ഷിക്കാം. മറ്റു സഹായങ്ങൾ ഓർത്തഡോക്സ് സഭാംഗങ്ങൾക്കു മാത്രം നൽകുന്നു. എല്ലാ സഹായങ്ങൾക്കും ഓർത്തഡോക്സ് പള്ളി വികാരിയുടെ ശുപാർശയുണ്ടായിരിക്കണം.

**1. ചികിത്സാ ധനസഹായം:** മാരക രോഗങ്ങൾ ബാധിച്ച നിരാലംബരും സാധുക്കളുമായ രോഗികൾക്കു പരിമിതമായ ധനസഹായം നൽകുന്നു. ക്യാൻസർ കിഡ്നി, ഹാർട്ട് സംബന്ധമായ രോഗികൾക്കായിരിക്കും പരിഗണന നൽകുക. ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് അതാത് പള്ളിവികാരിയുടെയും അല്ലാത്തവർക്കു സമീപത്തുള്ള ഓർത്തഡോക്സ് പള്ളിവികാരിയുടെയും ശുപാർശ ഉണ്ടായിരിക്കണം. രോഗവിവരങ്ങൾ വിശദമായി രേഖപ്പെടുത്തി കൊണ്ടുള്ള ചികിത്സിക്കുന്ന ഡോക്ടറുടെ ഒർജിനൽ സർട്ടിഫിക്കറ്റും (3 മൂന്നു മാസത്തിനുള്ളിൽ വാങ്ങിയത്). ഒർജിനൽ ഇല്ലാത്ത സാഹചര്യത്തിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ കോപ്പി അപേക്ഷ ശുപാർശ ചെയ്യുന്ന വൈദികൻ സാക്ഷ്യപ്പെടുത്തി അയയ്ക്കേണ്ടതാണ്. പരുമല, ശാസ്താംകോട്ട, എന്നീ സ്ഥലങ്ങളിലെ സഭാവക മിഷൻ ആശുപത്രികൾ വഴിയായും സാധുക്കളായ രോഗികളെ സഹായിച്ചുവരുന്നു. കൂടാതെ 'ശീലോഹാം ഗീവ് സൈറ്റ് പ്രോജക്ട്'–ലൂടെ അന്ധതാനിവാരണത്തിനുള്ള സൗകര്യവും ലഭിക്കുന്നതാണ്.

**2. വിവാഹ ധനസഹായം:** സാമ്പത്തീക പരാധീനതമൂലം വിവാഹം നടത്താൻ സാധിക്കാതെ വരുന്ന കുടുംബങ്ങളിലെ 25 പെൺകുട്ടികളുടെ വിവാഹത്തിന് 30,000 രൂപ വീതം നൽകുന്നു. ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടൊപ്പം ദേശകുറിയുടെ അല്ലെങ്കിൽ വിളിച്ചുചൊല്ലിന്റെ കോപ്പി അയച്ചിരിക്കണം. രക്ഷിതാക്കൾ ജീവിച്ചിരിപ്പില്ലാത്ത പെൺകുട്ടികളുടെ വിവാഹത്തിനു മുൻഗണന നൽകുന്നു.

**3. ജീവസന്ധാരണ ധനസഹായം:** അംഗവൈകല്യം സംഭവിച്ച അശരണർക്കും, തയ്യൽ തുടങ്ങിയ തൊഴിൽ പരിശീലനം നേടിയിട്ടുള്ള നിർദ്ധനർക്കും സ്വയം തൊഴിൽ കണ്ടെത്തുന്നതിന് പരിമിതമായ സാമ്പത്തിക സഹായം ലഭിക്കുന്നതിന് ഇടവക വികാരിയുടെയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും ശുപാർശയോടു കൂടി അപേക്ഷിക്കുക.

**4.1. വിദ്യാഭ്യാസ സ്കോളർഷിപ്പ്:** നിർദ്ദനരും നിരാലംബരും പഠനത്തിനു സമർത്ഥരുമായ +2 കഴിഞ്ഞ 36 കുട്ടികൾക്ക് ഒരു കുട്ടിക്ക് 10,000 രൂപാ നിരക്കിൽ വിദ്യാഭ്യാസ സ്കോളർഷിപ്പ് നൽകുന്നതാണ്. ഫൈനൽ പരീക്ഷയുടെ മാർക്ക് ലിസ്റ്റും കോഴ്സ് സർട്ടിഫിക്കറ്റും (ഇടവക വികാരി അറ്റസ്റ്റ് ചെയ്ത പകർപ്പ്) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. കൂടാതെ അപേക്ഷകന്റെ കുടുംബ പശ്ചാത്തലം ചുറ്റുപാടുകൾ ഇടവകയിലെ ആദ്ധ്യാത്മിക സംഘടനയിലെ പ്രവർത്തനം മറ്റ് നേട്ടങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി അറിയിക്കുന്നത് നന്നായിരിക്കും. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 2010 ഓഗസ്റ്റ് 31–ന് മുമ്പ് കിട്ടിയിരിക്കണം.

**4.2. വിദ്യാഭ്യാസ ധനസഹായം:** നിർധനരും പഠനത്തിൽ സമർത്ഥരുമായ വിദ്യാർത്ഥിനി–വിദ്യാർത്ഥികൾക്കു **plus 2** നു ശേഷമുള്ള വിദ്യാഭ്യാസത്തിനോ, സ്ക്കൂൾ ഫൈനൽ കഴിഞ്ഞ് Technical Education ന് പോകുന്നതിനോ ധനസഹായം നൽകുന്നു. ഫൈനൽ പരീക്ഷയ്ക്ക് 50%–ൽ കൂടുതൽ മാർക്ക് കരസ്ഥമാക്കിയ അപേക്ഷ മാത്രമേ പരിഗണിക്കുകയുള്ളൂ. ഫൈനൽ പരീക്ഷയുടെ മാർക്കുലിസ്റ്റും കോഴ്സു സർട്ടിഫിക്കറ്റും (ഇടവക വികാരി അറ്റസ്റ്റു ചെയ്ത കോപ്പി) അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. ഇടവക വികാരിയുടെ ശുപാർശയോടുകൂടി അപേക്ഷകൾ 2008 ഓഗസ്റ്റ് 31–ന് മുമ്പ് കിട്ടിയിരിക്കണം.

**5. പ്രത്യേക ഭവനനിർമ്മാണ ധനസഹായം:** 46 വയസ്സിൽ താഴെയുള്ള വിധവകളുടെയോ പരിപൂർണ്ണമായി ശയ്യാവലംബരായി കിടക്കുന്ന വ്യക്തികളുടെ ഭാര്യമാരുടെയോ അപേക്ഷകളിൽ നിന്നും STOC മർത്തമറിയം സമാജം ഭവനനിർമ്മാണ സഹായമായി 70,000/– രൂപനൽകുന്നു. ഇതിലേക്ക് കേരളത്തിലെ എല്ലാ ഭദ്രാസനങ്ങളിൽ നിന്നും അപേക്ഷിയ്ക്കാവുന്നതാണ്. സഹായം ലഭിച്ചാൽ പണിയുടെ പൂർണ്ണ ചുമതല ഏറ്റെടുത്തു നടത്തി ആറുമാസത്തിനകം ഭവനം പൂർത്തിയാക്കാമെന്ന് ഇടവക വികാരിയുടേയും മാനേജിംഗ് കമ്മറ്റി അംഗങ്ങളുടെയും സമ്മതിപത്രവും, ശുപാർശയും, അപേക്ഷകന് സ്വന്തമായി സ്ഥലമുള്ളതിന്റെ തെളിവും ചേർത്ത അപേക്ഷകൾ 2008 **ആഗസ്റ്റ്** 31–നു മുമ്പു കിട്ടിയിരിക്കണം.

**നിർദ്ദേശങ്ങൾ**

1) അപേക്ഷാഫോറവും മറ്റു നിബന്ധനകളും മലങ്കരസഭയുടെ മാർച്ച് ലക്കത്തിൽ നിന്നോ STOC office, Betheny Aramana, Tiruvalla-689101 എന്ന വിലാസത്തിൽ നിന്നോ ലഭിക്കുന്നതാണ്. 2) ഈ പരസ്യത്തിൽ ആവശ്യപ്പെട്ടിട്ടുള്ള രേഖകളെല്ലാം അപേക്ഷയോടൊപ്പം ഉണ്ടായിരിക്കണം. 3) അപൂർണ്ണവും, ആവശ്യപ്പെട്ടിട്ടുള്ള രേഖകളില്ലാത്തതുമായ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**അപേക്ഷ ശുപാർശ ചെയ്യുന്ന ബഹു. വികാരിമാരുടെ ശ്രദ്ധയ്ക്ക്:**

അപേക്ഷകൾ സസൂഷ്മം പരിശോധിച്ച് ആവശ്യപ്പെട്ടിരിക്കുന്ന രേഖകളെല്ലാം ഉണ്ടോ എന്നും, അപേക്ഷകന്റെ ഭൂസ്വത്ത്, വരുമാനം, വയസ്സ്, ആശ്രിതരുടെ വിവരങ്ങൾ എന്നിവ വിശ്വസനീയമാണോ എന്നും പരിശോധിച്ച് അർഹതയുള്ളവ മാത്രം അയക്കണമെന്നു താൽപര്യപ്പെടുന്നു. **Letterhead–ൽ എഴുതിയ ശുപാർശയിൽ പള്ളിസീലും, ചികിത്സാ/വിദ്യാഭ്യാസ ധനസഹായം ഒഴികെയുള്ളതിന് ഇടവക മാനേജിംഗ് കമ്മറ്റി അംഗങ്ങളിൽ മൂന്നിൽ രണ്ടു അംഗങ്ങളുടെയെങ്കിലും ഒപ്പും ഉണ്ടായിരിക്കണം.** *അപേക്ഷകൾ അയയ്ക്കേണ്ട വിലാസം:–*

**The Co-ordinator, STOC office, Bethany Aramana, Thiruvalla-689101, Kerala**

# മലങ്കരസഭ

# പദപ്രശ്നം

15

| | | | | | | |
|---|---|---|---|---|---|---|
| 1 | 2 | | 3 | 4 | ■ | 5 |
| 6 | | | 7 | | | |
| | | ■ | | ■ | 8 | |
| | | 9 | | | | |
| | 10 | | | ■ | | ■ |
| | 12 | | | | | 13 |
| 14 | | 15 | | | 16 | |

### വലത്തോട്ട്

1. അരാം രാജാവായ ബെൻഹദദ് പിടിച്ചടക്കിയ നഫ്താലി ഗോത്രത്തിലെ ഒരു ഗ്രാമം(3).
2. ചെറുപയർ ഉള്ളൊരു വയലിൽ വച്ച് ഫെലിസ്ത്യരെ വെട്ടി അതിനെ കാത്ത് ശമ്മായുടെ പിതാവ്(2).
3. ശിഷ്യന്മാരുമായി യാത്ര ചെയ്ത സമയത്ത് തിരമാലകൾ വന്നപ്പോൾ യേശു കാററിനെയും കടലിനെയും........(3).
7. കേരളത്തിൽ നിലനിന്നിരുന്ന ഒരു പണം.വട്ടിപ്പണം ലഭിക്കുവാൻ 3000 പൂ........ആണ് നിക്ഷേപിച്ചത്(4).
8. യേശുവിന്റെ ജനന സമയത്ത് സർവ്വജനത്തിനും...........സന്തോഷമുളവായി (2).
9. വൈദിക പരിശീലനം ലക്ഷ്യമാക്കി പരിശുദ്ധ പരുമലതിരുമേനി സ്ഥാപിച്ച സാധാരണ കെട്ടിടം (4).
10. ഇസ്രായേല്യനല്ലാത്ത മററു ദേശക്കാരൻ. പരദേശിയോടൊപ്പം ഇവനെയും കണക്കാക്കുന്നു (3).
12. പുലിക്കോട്ടിൽ തിരുമേനി യൗസേഫ് ശെമ്മാശ്ശനായിരുന്നപ്പോൾ സ്വന്തം പ്രസിൽ അച്ചടിച്ച് പ്രസിദ്ധീകരിച്ച മാസിക (5)
14. വേദപുസ്തക കാലംമുതൽ ദാസന്മാർ ചെയ്തുവരുന്ന പ്രവൃത്തി (2).
15. ഫിലിപ്പോസ് ശമര്യയിൽ നിന്നും തെക്കോട്ട് യാത്ര ചെയ്ത വഴിമധ്യേ മാനസാന്തരപെട്ടയാൾ (3).
16. അരാമിന്റെ പുത്രന്മാരിലൊരുവൻ (2).

### താഴോട്ട്

1. പൗലോസിന്റെ മിഷനറി യാത്രയിൽ തടസമായി വന്ന കൊടുങ്കാററ് (6).
2. എസ്രായോടുകൂടി വന്ന ഒരു തലവന്റെ പിതാവ്(4).
3. യോദ്ധാക്കൾ അമ്പ് സൂക്ഷിച്ചിരിക്കുന്ന ഇടം (4).
4. ബെന്യാമീന്റെ പുത്രന്മാരിൽ ഒരുവൻ (2).
5. പുരാതന ഏദോമ്യ രാജാവായ ബേലയുടെ പ്രധാനപട്ടണം (4).
8. കുരിശ് മരണത്തിനായി .....ത്തിൽ തൂക്കുകയായിരുന്നു പഴയ നിയമകാലത്തെ ശിക്ഷ (2).
9. പെന്തിക്കോസ്തി ദിവസം ലഭിച്ച വരങ്ങളിലൊന്ന് (4).
11. നല്ല ഗോതമ്പ് ശേഖരിക്കുന്നതിന് മുമ്പ ഇവിടെ മുററും വെടിപ്പാക്കുവെന്ന് യോഹന്നാൻ സ്നാപകൻ പ്രസംഗിച്ചു(2).
12. സമുദ്രം സൃഷ്ടിച്ചതിനു ശേഷം പുല്ലിനോടൊപ്പം മുളച്ചു വരാൻ ദൈവം കല്പിച്ചത് (2).
13. യേശുക്രിസ്തുവിന്റെ കാലത്ത് നിലവിലിരുന്ന വിലകുറവുള്ള ഒരു പണം (2).

**ഉത്തരങ്ങൾ അയയ്ക്കേണ്ട വിലാസം**
**പദപ്രശ്നം,**
**മലങ്കരസഭ മാസിക**
**കാതോലിക്കേറ്റ് അരമന, ദേവലോകം, കോട്ടയം-38**

ഉത്തരങ്ങൾ അയയ്ക്കേണ്ട
അവസാന തീയതി : 10-08-2010

## വിജയി:- ഷിനു വർഗീസ്, കറ്റാനം

2 അന്നക്കുട്ടി എബ്രാഹാം,അയ്മനം; 3 അന്നമ്മ ജോസഫ്,നെടുമാവ്; 4 സിസ്ററർ അന്നമ്മ,നസ്രേത്ത്,കടമ്പനാട്; 5 അക്കാമു ജോർജ്ജ്,പാമ്പാക്കുട; 6 ആൻ മറിയം കോശി ,ആററുവ; 7 അന്നമ്മ തോമസ്,നരിയാപുരം; 8 അന്നമ്മ മത്തായിക്കുട്ടി,നാസിക്; 9 അന്നമ്മ ചെറിയാൻപുത്തൻകാവ്; 10 ആനി ചെറിയാൻ,തിരുവല്ല; 11 അമ്മിണി കോശി,ആററുവ; 12 അമ്മിണി സഖറിയ,പഴഞ്ഞി; 13 അമ്മിണി യോഹന്നാൻ,ഉള്ളന്നൂർ; 14 ആലീസ്എബ്രാഹാം,കോയമ്പത്തൂർ; 15 ആലീസ്നൈനാൻ,എരുമേലി; 16 പി. സി. അലക്സാണ്ടർ, മാവേലിക്കര; 17. കെ.കെ.എബ്രാഹാം,പനയമ്പാല; 18 ഏബ്രഹാം വർഗീസ്,പത്തനാപുരം; 19 കെ സി എലിസബത്ത് തമ്പി,കൊച്ചി; 20 ഏലമ്മ എബ്രഹാം,കളമശ്ശേരി (I) 21 ഏലമ്മ റ്റി വി,അടൂർ; 22 ഡോ.ഏലിയാമ്മ ഐസക്,പുത്തൂർ; 23 ഏലിയാമ്മ പൗലോസ്,വയനാട്; 24 ഏലിയാമ്മ ജോർജ്ജ്,കരീപ്പള്ളി; 25 ഏലിയാമ്മ വർഗീസ്,ജലഹള്ളി,ബാംഗ്ലൂർ; 26 ഏലിയാമ്മ തോമസ്,നിരണം; 27 ഏലിയാമ്മ സഖറിയ,കൊൽക്കത്ത; 28 ഏലിയാമ്മ റ്റി കെ,ചന്ദനപ്പള്ളി; 29 ഏലിയാമ്മ വർഗീസ്,തൃശൂർ; 30 ബേബി ഡേവിഡ്,തൃശൂർ(4); 31 ബെൻസി വിൽസൺ,നരിയാപുരം; 32 ചിന്നമ്മ ജോൺ,തിരുവനന്തപുരം; 33 ചിന്നമ്മ ജോൺ,കൊട്ടാരക്കര; 34 ഡാനിയേൽ തോമസ്,റാഞ്ചി; 35 ഡാനി വർഗീസ്,തുകലശ്ശേരി; 36 ജോർജ്ജ് ജോൺ,പാമ്പാക്കുട; 37 ജിറ്റി ആനി എബ്രാഹാം,മുണ്ടകയം; 38 ഗ്രേസ്വർഗീസ്,ഹെബ്ബാൾബാംഗ്ലൂർ; 39 ഐസക് തോമസ്,മംഗലാപുരം; 40. ജോൺ ജോർജ്ജ്,ആറാട്ടുപുഴ; 41 കോശി ജേക്കബ്,നിരണം; 42 കെസിയ റേച്ചൽജോർജ്ജ്,ചുനക്കര; 43 കുമാരി കെ.ചാക്കോ,തിരുവനന്തപുരം; 44 കുഞ്ഞമ്മ പൈലി,കോലഞ്ചേരി; 45 കുഞ്ഞമ്മ വർഗീസ്കൊട്ടാരക്കര; 46. ലാലി ജോൺ,തിരുവല്ല; 47. ലിനി വർഗീസ്,കുന്നംകുളം; 48. ലില്ലി ഫിലിപ്പ്,പത്തനംതിട്ട; 49 ലില്ലിക്കുട്ടിമാത്യു,ഇടുക്കി; 50 ലീലാമ്മ ജോർജ്ജ്,ജലഹള്ളി,ബാംഗ്ലൂർ; 51 ലിലാമ്മ തോമസ്പണിക്കർ,കുണ്ടറ; 52 ലീലാമ്മ തങ്കച്ചൻ,ചെറിയനാട്; 53 ലിജു തോമസ്,മുഖത്തല; 54 ലീലാമ്മ മാത്യു,പടിഞ്ഞാറ്റിൻകര; 55 ലിനു വർഗീസ്ആലപ്പുഴ; 56 ലൂസി അലക്സാണ്ടർ,ചെന്നൈ; 57 ലവ്‌ലി കോശി,ഊന്നുകൽ; 58 ലിസി വർഗീസ്,തിരുവല്ല; 59 മറിയാമ്മ മാത്യൂസ്,കളമശ്ശേരി; 60 മറിയാമ്മ മാത്യുകുണ്ടറ; 61 മറിയാമ്മ തോമസ്,ഇലവുംതിട്ട; 62 മറിയം മാത്യൂസ്,ബാംഗ്ലൂർ; 63 മറിയാമ്മ വർഗീസ്,സുൺഗാർപൂർ; 64 മറിയാമ്മ വർഗീസ് മല്ലപ്പള്ളി; 65 മറിയാമ്മ ഫിലിപ്പോസ്,അഴൂർ; 66 മനു സഖറിയ,തിരുവല്ല; 67 മാത്തപ്പൻറ്റിസി,കുന്നംകുളം; 68 മാത്യുവർഗീസ്,പുനലൂർ; 69. മേരിക്കുട്ടിഅലക്സാണ്ടർ, തിരു.; 70 മേരിക്കുട്ടിപാപ്പച്ചൻ,കലയപുരം; 71. മേരികുട്ടി കോശി, മാവേലിക്കര; 72 മേരികുട്ടി ശാമുവേൽ,നിലമ്പൂർ; 73 മേരിവർഗീസ്,വടകോട്; 74. മിനിശാമുവേൽ,നാസിക്; 75 മോളിതോമസ്,തിരുവനന്തപുരം; 76 മോളിമാത്യൂസ്,നാരങ്ങാനം; 77. നൈനാൻവർഗീസ്,ആനന്ദപ്പള്ളി; 78 പൊന്നമ്മജോയി,കറ്റാനം; 79 പൗലോസ്കെയു,തിരു.; 80 ഫിലിപ്പോസ്പിഎസ്,കോട്ടയം; 81 റെനുഷാബു,നാസിക്; 82 രെഞ്ചിനിറെജി,കളമശ്ശേരി; 83 റോസമ്മതങ്കച്ചൻ,ജയ്പൂർ; 84 റോസമ്മഡാനിയേൽ,മാവേലിക്കര; 85 റേച്ചൽവർഗീസ്,ഇലന്തൂർ(E); 86 റേച്ചൽഅലക്സാടർ,പുനെ.12; 87 റീഷാ,സാറാ കുര്യാക്കോസ്,ബാഗ്ലൂർ; 88 സാറാമ്മഐസക്ക്,ആറ്റുവ; 89 സാറാമ്മകുഞ്ഞുമോൻ,തലവൂർ; 90 സാറാമ്മതമ്പി,കോയമ്പത്തൂർ; 91 സാറാമ്മയോഹന്നാൻ,ഏനാത്ത്; 92 ഷൈനി ജോൺസൻ,ഏനാത്ത്; 93 ഷിനു ഫിലിപ്പ്,മുബൈ; 94 സിബിബാബു,തഴവ; 95 സൂസൻമാത്യു,കൊച്ചി21; 96 സൂസമ്മമാതു,നാരങ്ങാനം; 97 സൂസമ്മരാജൻ,കൊൽക്കത്ത; 98 ശോശാമ്മതോമസ്,കൈതക്കാട്; 99 സുജ ജോർജ്ജ്,നാസിക്; 100 സുനിതശോഷിൻ,കുന്നംകുളം; 101 തോമസ്വർഗീസ് കോടുകുളഞ്ഞി; 102 തോമസ്തരകൻ,തിരുവനന്തപുരം; 103 തങ്കമ്മഎബ്രാഹാം,കോടുകുളഞ്ഞി; 104. തങ്കമ്മഫിലിപ്പോസ്,കോട്ടയം; 105 ഫാ.കെ.പി.വർഗീസ്,മാവേലിക്കര; 106. ഏ.ജെ.വർഗീസ്,ഹൈദരാബാദ്; 107 വത്സമ്മജോൺപോൾ,ഉള്ളനൂർ; 108 വിത്സൺകുട്ടിസി.വി,ഇലവുംതിട്ട; 109 റ്റി.വിയോഹന്നാൻ,ബോറിവില്ലി,മുബൈ; 110 യോഹന്നാൻവർഗീസ്,പത്തനാപുരം; 111 യോഹന്നാൻപി.റ്റി., കലയപുരം; 112 സഖറിയ വർഗീസ്, വാകത്താനം.

### പദപ്രശ്നം-13-ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 ആ | 2 ആ | 3 ബേ | ൽ | 4 ശി | ത്തീം | 5 ക |
| 6 കാ | ട്ടു | രാ | 7 ക | ക്രോ | 8 കാ | ടി |
| ശം | ക | 9 കാ | നാ | ൻ | ■ | ഞ്ഞാ |
| 10 ന്നേ | 11 വാ | 12 ക | ന്യ | 13 ക | 14 മ | ൺ |
| 15 സൂ | തി | 16 ക | ർ | മ്മി | ണി | ■ |
| 17 വാ | ൽ | തി | 18 ഓ | 19 സ് | 20 തി | 21 ന |
| ർ | 22 ക | ർ | മ്മ | ത്രീ | ■ | ദി |

(അഭിപ്രായങ്ങളും സംശയങ്ങളും അറിയിക്കുക:
ഫാ. തോമസ് മാത്യു, കൊട്ടാരക്കര
ഫോൺ: 9847555113)

# പരിസ്ഥിതി കമ്മീഷൻ ഉദ്ഘാടനം ചെയ്തു

**2010 ജൂൺ 5 – ന് കോട്ടയം ബസേലിയോസ് കോളജ് മീഡിയാ സെന്ററിൽ നടന്ന ചടങ്ങിൽ മലങ്കര ഓർത്തഡോക്സ് സഭയുടെ പരിസ്ഥിതി കമ്മീഷൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ഉദ്ഘാടനം ചെയ്തു.**



**പരിശുദ്ധ ബാവായുടെ ഉദ്ഘാടന പ്രസംഗത്തിൽ നിന്നും...**

## കാര്യവിചാരകൻ ചരമഗീതം രചിക്കരുത്

...ഭൂമിയും അതിന്റെ പൂർണ്ണതയും ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു എന്ന് രാജാവും നിബിയുമായ ദാവീദ് വിശുദ്ധ വേദത്തിൽ പ്രഘോഷിക്കുന്നുണ്ട്. സ്രഷ്ടാവായ ദൈവവും ദൈവസൃഷ്ടിയായ പ്രപഞ്ചവും സൃഷ്ടിയുടെ മകുടമായ മനുഷ്യനും തമ്മിലുള്ള അഭേദ്യമായ ബന്ധത്തിന്റെ ഉത്തമ നിദർശനമാണ് മേലുദ്ധരിച്ച വാക്യങ്ങൾ. ജീവന്റെയും സകലത്തിന്റെയും സ്രഷ്ടാവും ഉടയവനും പരിപാലകനും ദൈവം മാത്രമാണെന്നും മനുഷ്യൻ ദൈവത്തിന്റെ മനോഹരോദ്യാനമായ പ്രപഞ്ചത്തിന്റെ ഉത്തമനായ സൂക്ഷിപ്പുകാരനും കാര്യവിചാരകനുമായി വിളിക്കപ്പെട്ടിരിക്കുന്നു എന്നും, സൃഷ്ടിയുടെ ഓരോ അണുവിലും ദൈവസാന്നിദ്ധ്യം നിറഞ്ഞു നിൽക്കുന്നു എന്നുമുള്ള ശ്രേഷ്ഠമായ ബോദ്ധ്യത്തിൽ നിന്നുവേണം പരിസ്ഥിതി പരിപാലന ദൗത്യം ആരംഭിക്കേണ്ടത്.

ഭൂമിയുടെ സംരക്ഷകനാകേണ്ട മനുഷ്യൻ അതിന്റെ അന്തകനായി മാറിക്കൊണ്ട് ഭൂമിക്ക് ചരമഗീതം രചിച്ചുകൊണ്ടിരിക്കുന്ന ഭയാനകമായ വർത്തമാന കാല യാഥാർത്ഥ്യങ്ങൾക്കാണ് ഇന്ന് നാം സാക്ഷ്യം വഹിക്കുന്നത്. ലോക സമൂഹം അഭിമുഖീകരിക്കുന്ന കാലാവസ്ഥ വ്യതിയാനങ്ങൾക്കും പ്രകൃതി ദുരന്തങ്ങൾക്കുമുള്ള പ്രധാന കാരണം മനുഷ്യന്റെ ആർത്തി പൂണ്ട പ്രകൃതി ചൂഷണം തന്നെയാണ്. ... ■

**ഡോ. ജോസഫ് മാർ ദീവന്നാസ്യോസിന്റെ ആമുഖ പ്രസംഗം**

## പ്രകൃതി അപ്പനും അമ്മയും

...ഒരുവശത്ത് അപ്പനെപ്പോലെ സംരക്ഷണം തരുന്ന സസ്യജാല നിബിഡമായ പശ്ചിമ ഘട്ടം. മറുവശത്ത് അമ്മയെപ്പോലെ താരാട്ടുപാടി നമ്മെ ഉറക്കുന്ന സമുദ്ര തീരം; ഇവകളെ പരസ്പരം ബന്ധപ്പിക്കുന്ന 43 നദികളും അനുബന്ധ നീർത്തടങ്ങളും നമ്മുടെ കൊച്ചു കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കി. വനങ്ങൾ വെട്ടി നശിപ്പിച്ച് അപ്പനെ ക്ഷീണിപ്പിച്ചു, അമ്മയെ മലിനീകരിച്ചും, താപീകരിച്ചും, നദികളായ സഹോദരിമാരെ നശിപ്പിച്ചും, ഹിംസിച്ചും, നാം നമ്മുടെ ജൈത്രയാത്ര തുടരുന്നു. ഫലമോ കാലാവസ്ഥ വ്യതിയാനവും തീക്ഷ്ണമായ അന്തരീക്ഷ താപനവും സുഖശീതളമായ നമ്മുടെ നാടിനെ സാത്താന്റെ സ്വന്തം നാടാക്കി മാറ്റി. ഈവസ്ഥയിൽ നമുക്ക് എത്രനാൾ പിടിച്ചു നിൽക്കാനാവും.

കാലാവസ്ഥ വ്യതിയാനം വളരെ ഗൗരവത്തോടും ശ്രദ്ധയോടുംകൂടി മനസ്സിലാക്കി പ്രതികരിക്കേണ്ട പ്രതിഭാസമാണ്. ഇത് കേവലം പ്രതിഭാസമെന്നതിന് ഉപരി അനുഭവ തലത്തിൽ യാഥാർത്ഥമായിക്കഴിഞ്ഞിരിക്കുന്നു. ബ്രിട്ടീഷ് ധനതത്വ ശാസ്ത്ര

ജ്ഞനായ സർ നിക്കോളാസ് സ്റ്റേൺ അഭിപ്രായപ്പെട്ടിരിക്കുന്നത് ഈ ഭയാനകമായ അവസ്ഥയോട് ഒന്നുകിൽ ക്രിയാത്മകമായി നേരിടുവാൻ ശ്രമിക്കുക, അല്ലെങ്കിൽ നശിക്കുവാൻ തയ്യാറാകുക എന്നതാണ്. കണക്കുകളുടെ പിൻബലത്തോടെ അദ്ദേഹം നിരത്തുന്ന സാധ്യതകൾ ഭീതിജനകമാണ്. പ്രധാനമായും മൂന്ന് സാധ്യതകൾ ഊന്നിപ്പറയുന്നു. 1. വരുന്ന 50 വർഷത്തിനുള്ളിൽ ആഗോള താപനിലയിൽ 5 ഡിഗ്രി സെൽഷ്യസ് വർദ്ധനവ് ഉണ്ടാകും. ഇത് ആഗോള സാമ്പത്തിക നിലവാരത്തിൽ 10% വരെ ഇടിവ് സൃഷ്ടിക്കും.

2. ഹിമപാളികൾ ഉരുകി വെള്ളപ്പൊക്ക ഭീഷണി. സമുദ്രത്തിലെ വെള്ളത്തിന്റെ ഗണ്യമായ ഉയർച്ച മൂലമുണ്ടാകുന്ന ഭീഷണി വരുത്തുന്ന ആവാസ വ്യവസ്ഥയുടെയും സ്ഥാനങ്ങളുടെയും നശീകരണം. ഇതുമൂലം 200 ദശലക്ഷം ആളുകൾ പാർപ്പിടരഹിതരാകുന്നു.

3. നാം ഇന്നുകാണുന്ന ജൈവവൈവിദ്ധ്യത്തിൽ 40% അധികം സ്പീഷസുകൾ ഇല്ലാതാകും. ഇത് പ്രകൃതിയുടെ സന്തുലനമായ ആവാസ വ്യവസ്ഥയിലും ജൈവസമ്പത്തിലുമുണ്ടാക്കുന്ന വിടവ് നിർണ്ണയിക്കുവാൻ സാധ്യമല്ല.

യുദ്ധകാലാടിസ്ഥാനത്തിൽ പ്രതികരിക്കേണ്ട വിഷയമാണിത്. ഈ തലത്തിലുള്ള ബോധവൽക്കരണ-കർമ്മപരിപാടികൾക്കും പ്രോജക്ടുകൾക്കും നേതൃത്വം കൊടുക്കുവാൻ മത-സാമൂഹിക-രാഷ്ട്രീയ സംഘടനകളും ക്രിസ്തീയ സഭകളും, മാധ്യമ പ്രവർത്തകരും ഒന്നിക്കേണ്ടത് കാലത്തിന്റെ ആവശ്യമാണ്. നമ്മുടെ നാടിനെ നമുക്ക് ഹരിതവൽക്കരിക്കാം. പാരിസ്ഥിതിക ധർമ്മബോധവും പരിസ്ഥിതി ശുചീകരണ ദർശനവും നമുക്ക് പ്രാവർത്തികമാക്കാം. നയങ്ങളിലും വീക്ഷണങ്ങളിലും ഭാരതീയ ദർശന സംസ്ക്കാരത്തിന്റെ ലാളിത്യം പകർത്തിയെടുക്കാം. വരും തലമുറയിലേക്ക് സംക്രമിപ്പിക്കാം... ■

**ഡോ. മാത്യു കോശി പുന്നയ്ക്കാടിന്റെ പ്രധാന പ്രഭാഷണത്തിൽ നിന്നും...**

# പരിസ്ഥിതി : വിശ്വാസത്തിന്റെ ഭാഗം

...ദൈവത്തിന്റെ വെളിപ്പെടുത്തലുകൾ ദൈവവചനത്തിൽക്കൂടി സൃഷ്ടിയിലെ അത്ഭുതങ്ങളിൽ കൂടിയുമാണ്. കുറെക്കൂടി വ്യക്തമായി സദൃശ്യവാക്യങ്ങളിൽ കാണുന്നു. അത്യന്തം ജ്ഞാനമുള്ളവയായി നാലുണ്ട്: ഉറുമ്പ് ബലഹീന ജാതിയെങ്കിലും, അത് വേനൽക്കാലത്ത് ആഹാരം സമ്പാദിച്ചു വയ്ക്കുന്നു. കുഴിമുയൽ ശക്തിയില്ലാത്ത ജാതിയെങ്കിലും അത് പാറയിൽ പാർപ്പിടമുണ്ടാക്കുന്നു. വെട്ടുക്കിളികൾക്ക് രാജാവില്ലെങ്കിലും അവയെല്ലാം അണിയണിയായി പുറപ്പെടുന്നു. പല്ലിയെ കൈകൊണ്ട് പിടിക്കാമെങ്കിലും അത് രാജാക്കന്മാരുടെ അരമനകളിൽ പാർക്കുന്നു. സദൃ. 30:24-28.


ഈ വേദവാക്യങ്ങൾ വ്യക്തമാക്കുന്നത്. പ്രകൃതിയുമായി ആത്മബന്ധം നിലനിർത്തി പ്രകൃതിയിൽ നിന്നും പാഠങ്ങൾ പഠിക്കുവാൻ ശ്രമിക്കുന്ന ജനത്തിന്റെ കണ്ടെത്തലുകളാണ്. ഇന്ന് പ്രകൃതിയുമായി ബന്ധം നഷ്ടപ്പെട്ട ജനത്തിന്റെ കഥകളാണല്ലോ കേൾക്കുന്നത്. മനുഷ്യൻ തന്റെ മേധാവിത്വ സ്വഭാവം പ്രകടിപ്പിക്കുകയും പ്രകൃതിയിടപെടുകയും ചെയ്യുന്നു. പ്രകൃതിയിലുള്ള മറ്റു ജീവജാലങ്ങൾ ദൈവീക നടത്തിപ്പിനെ ചോദ്യം ചെയ്യാതെ അനുസരിക്കുന്നു.

ദൈവീക വഴികൾ പ്രകൃതിയിൽ നിന്നും മനസ്സിലാക്കുവാൻ സാധിക്കും. കണ്ടൽകാടുകൾ കടൽത്തീരങ്ങളിൽ സമൃദ്ധിയായി വളരുന്ന ചെടിയാണ്. സുനാമി ഉണ്ടായപ്പോൾ അതിന്റെ പ്രഭവസ്ഥാനമായിരുന്ന ഇന്ത്യോനേഷ്യയിലെ ഒരുദ്വീപിലും തമിഴ്നാട്ടിൽ പിച്ചാവരത്തും സുനാമി ഏറ്റില്ല. കാരണം ഈ രണ്ടു സ്ഥലങ്ങളിലും കണ്ടൽക്കാടുകൾ സമൃദ്ധിയായി ഉണ്ടായിരുന്നു. കടൽത്തീരത്തു കാടുപോലെ വളർന്നു നിന്നിരുന്ന ഇവയെ വികസനത്തിന്റെ പേരിൽ നശിപ്പിച്ചു. സുനാമി പോലുള്ള കടൽക്ഷോഭങ്ങളെ തടഞ്ഞു നിർത്തുവാൻ ദൈവം സൃഷ്ടിച്ച കണ്ടൽക്കാടിന്റെ ദൈവീക പദ്ധതി മനസ്സിലാക്കുവാൻ മനുഷ്യന് കഴിഞ്ഞില്ല. അതിനാലാണ് സുനാമിയിൽ അനവധി ജീവൻ നഷ്ടപ്പെട്ടുപോയത്. ഉപ്പുവെള്ളം കരയിലേക്കു വരാതെ തടഞ്ഞു നിർത്തി ജലാശയ ജീവികൾക്ക് പ്രജനനം ചെയ്യുവാനുള്ള ആവാസ വ്യവസ്ഥയൊരുക്കുന്നത് കണ്ടൽക്കാടുകളാണെന്ന് ഇപ്പോൾ മനസ്സിലാക്കിയിട്ടുണ്ട്.

രാമച്ചത്തിന്റെ ജന്മദേശം ഇന്ത്യയാണ്. പക്ഷേ ഈ ചെടി ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നത് പതിനഞ്ചോളം രാജ്യങ്ങളിലാണ്. മണ്ണൊലിപ്പ് തടയാൻ ഭൂഗർഭജലം റീച്ചാർജ് ചെയ്യുവാൻ റോഡും നദീതടങ്ങളും ബലപ്പെടുത്തുവാൻ മാലിന്യമടങ്ങുന്ന ജലം ശുദ്ധീകരിക്കുവാൻ തുടങ്ങിയ പദ്ധതികൾക്കാണ് ഈ ചെടി ഉപയോഗിക്കുന്നത്. രാമച്ചത്തിന്റെ ദൈവീക പദ്ധതി മനസ്സിലാക്കിത്തുടങ്ങിയതേയുള്ളൂ.

അരയാൽ മണിക്കൂറിൽ 1712 കിലോ ഗ്രാം ഓക്സിജൻ പുറത്തുവിടുന്നു എന്നാണ് കണക്ക്. ആറു ലക്ഷം പേർക്ക് ശ്വസിക്കാൻ ഇതുമതിയാകും. മാത്രമല്ല മണിക്കൂറിൽ 22 50 കിലോഗ്രം കാർബൺഡേ ഓക്സൈഡ് വലിച്ചെടുക്കുകയും ചെയ്യുന്നു.

പ്രകൃതിയിലുള്ള ഓരോ ചെടിയുമെടുക്കുക. അവ ഓരോന്നിനുമുള്ള ദൈവീക പദ്ധതി എന്തെന്ന് നമുക്ക് പൂർണ്ണമായി തിരിച്ചറിയുവാൻ കഴിഞ്ഞിട്ടില്ല. ■



## ഗ്രന്ഥപരിചയം

### സാമുവേൽ കൂടലിന്റെ

# 'സാമസംഗീതം'

**വർഗീസ് ബർസോം,**
**കമുകുംപള്ളി**

**ശ്രീ.** സാമുവേൽ കൂടൽ പല കാലഘട്ടങ്ങളിലായി രചിച്ച ഗാനങ്ങളുടെയും കവിതകളുടെയും സമാഹാരമാണ് 'സാമസംഗീതം'. സാധാരണ ക്രിസ്തീയ ഗാനങ്ങളെയോ, ഭക്തി ഗാനങ്ങളെയോ സമീപിക്കുന്ന ലാഘവത്തോടെ സാമുവേൽ കൂടലിന്റെ കവിതകളെയും ഗാനങ്ങളെയും സമീപിക്കാനാകില്ലെന്ന് ആദ്യമേ തോന്നി. ആധുനിക ജീവിതത്തിൽ പെരുകുന്ന ഇരുട്ടിൽ, കാണാത്തവരും കണ്ടാൽ അറിയാത്തവരുമായി മനുഷ്യർ മാറുമ്പോൾ, മനസ്സിനെ മൂടുന്ന തമസ്സിനെ ഉച്ചാടനം ചെയ്യുന്ന നിരന്തര പോരാട്ടം എന്ന മഹാ ദൗത്യം ഏറ്റെടുത്ത സാക്ഷാൽ ഈശ്വര പൂജയാണ് സാമുവേൽ കൂടലിന്റെ കവിതകൾ.

ജ്ഞാനത്തിന്റെ ആഴവും ചിന്തയുടെ വസന്തവുമായിരുന്ന ഗുരു നിത്യ ചൈതന്യയതി സാമുവേലിന്റെ പ്രാർത്ഥനാഗീതകങ്ങൾ കരളിലെ അർപ്പണകൗതുകം സർവ്വേശ്വരനായി ഒരുക്കിയിട്ടുള്ള നൈവേദ്യമാണെന്ന് വാഴ്ത്തുമ്പോൾ 'സാമസംഗീതം' ഗൗരവമായ പാരായണത്തിനും പഠനത്തിനും വിധേയമാക്കേണ്ടതുണ്ടെന്ന് ആർക്കും ബോദ്ധ്യമാകും.

ആത്മഹത്യാമുമ്പിൽ കഴിയുന്ന മലയാളിയെ ചിരിപ്പിച്ച് ചിന്തിപ്പിക്കുന്ന മലങ്കരയുടെ ചിരിയും ചിന്തയുമായ അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്ത 'സാമസംഗീത'ത്തെ ഒരു പുണ്യ ഗ്രന്ഥമായി വിലയിരുത്തുന്നു. "ഈ പുസ്തകം വാങ്ങുന്നവൻ ധന്യൻ, വായിക്കുന്നവൻ പുണ്യവാൻ, അനുഭവിക്കുന്നവർ സ്വർഗ്ഗവാസി" എന്ന ശ്രേഷ്ഠപിതാവ് കൽപ്പിച്ചരുളുമ്പോൾ ശ്രീ. സാമുവൽ കൂടലിന്റെ 'സാമസംഗീതം' എന്ന കാവ്യസമാഹാരത്തിന്റെ ആഴവും പരപ്പും വ്യക്തമാകുന്നു.

സാമുവൽ കൂടലിന്റെ കാവ്യസിദ്ധിയെപ്പറ്റി മറ്റൊരു കവി എങ്ങനെ വിലയിരുത്തുന്നു എന്ന് നോക്കാം. "സംഗീതത്തിന്റെ സ്വർണ്ണരശ്മി സ്പർശത്താൽ ആയിരം വർണ്ണങ്ങൾ വിടർത്തി അവ ആകർഷകമായ പീലിയാട്ടങ്ങൾ കാഴ്ചവയ്ക്കും. പ്രകൃതിയെന്ന മാതഭുതകലയെ അത് ചേതോഹരമാക്കും! കാലത്തിന്റെ കണ്ണുകൾ ആ രമ്യചേതസ്സിനെ കോരികുടിക്കും. കവി അമരനാകും, കാവ്യം അമൃതമാകും. ഇതാ അമരനായ കവി, ശ്രീ. സാമുവൽ കൂടൽ".



## പള്ളി നർമ്മങ്ങൾ

### മോഷണ വസ്തു

ഒരിക്കൽ ഒരാൾ കുമ്പസാരിക്കാനായി വൈദികന്റെ മുമ്പിൽ മുട്ടുകുത്തിയിരുന്നു. കഴിഞ്ഞ കുമ്പസാരത്തിനു ശേഷം ചെയ്തുപോയ പാപങ്ങളെ ഏറ്റു പറഞ്ഞു. ബഹു. വൈദികൻ അവയുടെ മോചനത്തിനുവേണ്ടി പ്രാർത്ഥിക്കുകയും പരിഹാരമായി ചില വഴിപാടുകൾ നിർദ്ദേശിക്കുകയും ചെയ്തു. ഉടനെ കുമ്പസാരക്കാരൻ അച്ചോ ഒരു കാര്യം കൂടി പറയാനുണ്ട്.

"എന്താണത്" അച്ചൻ ചോദിച്ചു.

"ഞാൻ ഒരാളുടെ കുറച്ച് പണം മോഷ്ടിക്കാൻ സംഗതിയായിട്ടുണ്ട്".

"അത് സാരമില്ല, അത് ഉടമസ്ഥന് തിരിച്ചു കൊടുത്തേക്ക്. അദ്ദേഹം നിന്നോട് ക്ഷമിക്കും" അച്ചൻ പറഞ്ഞു.

"അദ്ദേഹം അത് വാങ്ങിയില്ലങ്കിലോ അച്ചാ", കുമ്പസാരക്കാരൻ ചോദിച്ചു.

"വാങ്ങിയില്ലെങ്കിൽ അത് നിനക്കിരിക്കും" അച്ചൻ പറഞ്ഞു.

"എന്നാൽഅത് അച്ചന് തന്നേക്കാം" അയാൾ പറഞ്ഞു.

"ഓ എനിക്കോ! എനിക്കു വേണ്ട". അച്ചൻ പറഞ്ഞു.

അച്ചൻ ഇരുന്നിരുന്ന പായുടെ അരികിൽ നിന്ന് അച്ചന്റെ കണ്ണ് വെട്ടിച്ച് എടുത്തതായിരുന്നു. മോഷണ വസ്തു.

*കുര്യാക്കോസ് എം. സി.*

* * * * * *

### വല്യമ്മയ്ക്കു സ്തുതി

അമേരിക്കയിൽ നിന്നെത്തിയ കൊച്ചു മകൻ കുടുംബ പ്രാർത്ഥനാ സമയത്ത് നമസ്ക്കാര ക്രമം വായിക്കുകയാണ്.

കുടുംബാംഗങ്ങളെല്ലാം ഒരുമിച്ചിരുന്ന് സശ്രദ്ധം കേൾക്കുകായണ്.

'ദൈവമേ ഞങ്ങളെ നീ സൃഷ്ടിച്ചതിനാൽ നിന്റെ വല്യമ്മയ്ക്ക് സ്തുതി.'

കേട്ടുകൊണ്ടിരുന്ന വല്യപ്പച്ചൻ അസ്വസ്ഥനായി തിരിഞ്ഞു നോക്കി.

എടാ മോനേ ഒന്നുകൂടി വായിച്ചേ.

അവൻ വീണ്ടും വായിച്ചു വല്യമ്മയ്ക്കു സ്തുതി.

പ്രായമുള്ള ആരോ അടുത്തുചെന്നു പാമ്പാക്കുട നമസ്ക്കാരം വാങ്ങിച്ചു നോക്കി ആ പാവത്തിനെ സഹായിച്ചു. ആ പ്രാർത്ഥന ഇങ്ങനെയായിരുന്നു.

"ദൈവമേ ഞങ്ങളെ നീ സൃഷ്ടിച്ചതിനാൽ നിന്റെ വലിമയ്ക്കു സ്തുതി"

വല്യപ്പച്ചനു സ്തുതി പറയാതിരുന്നതിനാലാകാം പാവം അമേരിക്കൻ കൊച്ചന്റെ മുഖത്ത് ജാള്യത ഉണ്ടായിരുന്നു.

*റ്റി.പി.*

ഗസ്റ്റ് GUEST




ഡോ. കെ. എസ്. രാധാകൃഷ്ണൻ



# ആധിപത്യവും ജനാധിപത്യവും

അടക്കി ഭരിക്കുന്നവൻ ഏകാധിപതിയാണ്. അവന് ഒരിക്കലും ജനാധിപത്യ വാദിയാകാനാവില്ല. അടക്കി ഭരിക്കുന്നവൻ അടങ്ങാത്തവരെ നിലയ്ക്ക് നിർത്താൻ എന്തും ചെയ്യും. പറഞ്ഞിട്ടും കേട്ടില്ലെങ്കിൽ അടിച്ചൊതുക്കും. അടിച്ചിട്ടും ഒതുങ്ങിയില്ലെങ്കിൽ വക വരുത്തും. അങ്ങനെ വക വരുത്താൻ നേർയുദ്ധവും ഒളിപ്പോരും ഒരുപോലെ ഉപയോഗിക്കും.

ജനാധിപത്യത്തിലും അടക്കവും ഒതുക്കവും ഉണ്ട്. പക്ഷേ, അത് മറ്റുള്ളവർ തമ്മിൽ അടിച്ചേൽപ്പിക്കുന്നതല്ല. നാം നമ്മെ തന്നെ അടക്കി ഒതുക്കി നിർത്തുന്ന പ്രക്രിയയാണത്. ഇതിനെയാണ് ആത്മ നിയന്ത്രണം എന്നു പറയുന്നത്. ജനാധിപത്യ വ്യവസ്ഥയുടെ അടിത്തറ ഈ ആത്മ നിയന്ത്രണമാണ്. അത് വ്യക്തികൾക്കും പ്രസ്ഥാനങ്ങൾക്കും ഒരുപോലെ ബാധകമാണ്.

ജനാധിപത്യ സംവിധാനത്തിൽ സ്വയം നിയന്ത്രിക്കാത്തവനെ അന്യർ നിയന്ത്രിക്കും. അതുകൊണ്ട് സ്വയം നിയന്ത്രിക്കുന്നതു തന്നെയാണ് കരണീയം. തല ഉയർത്തി നെഞ്ചു വിരിച്ച് കൈ വീശി നടക്കാൻ ജനാധിപത്യ വ്യവസ്ഥ എല്ലാവർക്കും അവകാശം നൽകുന്നു. എന്നാൽ അങ്ങനെ വീശുന്ന കൈ മറ്റൊരുവന്റെ ശരീരത്തിൽ സ്പർശിക്കരുത്. അപരന്റെ സമ്മതമില്ലാതെ ഒരുവൻ അവനെ സ്പർശിച്ചാൽ തടയാൻ പോലീസെത്തും. കോടതിവിചാരണ ചെയ്തു ശിക്ഷിക്കും. പോലീസിനും കോടതിക്കും സ്വന്തം ജീവിതത്തിൽ ഇടം നല്കരുത് എന്നാകും ആരും ആശിക്കുക.

പക്ഷേ, നമ്മുടെ നാട്ടിൽ സംഘടനകൾ ഈ തത്വം പാലിക്കാൻ പലപ്പോഴും കൂട്ടാകുന്നില്ല. പല സംഘടനകളുടെയും ഒന്നാമത്തെ മുദ്രാവാക്യം "പോലീസ് ഞങ്ങൾക്ക് പുല്ലാണ്" എന്നാണ്. അതായത് ജനാധിപത്യ വ്യവസ്ഥിതിയെ നിയന്ത്രണ വ്യവസ്ഥകളെ തങ്ങൾ അംഗീകരിക്കില്ല എന്നു സാരം. ഈയിടെയായി കോടതിയും പുല്ലാണ് എന്ന് ചില സംഘടനാ നേതാക്കൾ പറഞ്ഞു തുടങ്ങിയിട്ടുണ്ട്. പോലീസും കോടതിയും ജനാധിപത്യ സംവിധാനത്തിൽ ആത്മ നിയന്ത്രണത്തിനു വേണ്ടിയാണ് പ്രവർത്തിക്കുന്നത്. ഞങ്ങൾ സ്വയം നിയന്ത്രിക്കാനും പാടില്ല എന്ന സമീപനം ജനാധിപത്യ വിരുദ്ധമായ ഒന്നാണെന്നു മറക്കരുത്.

കലാലയങ്ങളെ കലാപാലയങ്ങളാക്കി മാറ്റുകയും ജഡ്ജിമാരെയും കോടതിയെയും നിയമസംവിധാനത്തെയും ശുംഭന്മാരാക്കുകയും ചെയ്യുന്നത് ഈ പ്രവണതയുടെ ഭാഗമാണ്.

ജനാധിപത്യ വ്യവസ്ഥയിൽ ഒരു ശരാശരി പൗരന് ഉള്ളതിനേക്കാൾ കൂടുതലായ ഒരു അവകാശവും ഒരു രാഷ്ട്രീയ നേതാവിനും ഇല്ല എന്ന

കാര്യം നമ്മുടെ രാഷ്ട്രീയ നേതാക്കൾ മറക്കരുത്. തങ്ങൾക്ക് ഇഷ്ടമില്ലാത്തത് ആര് ചെയ്താലും രാമ നാമം ജപിച്ചിരിക്കാതെ അവരെ ഞങ്ങൾ അടിച്ചു തകർക്കുമെന്ന് ഒരു ശരാശരി പൗരനാണ് പറഞ്ഞതെങ്കിൽ, കൊടിയേരി ബാലകൃഷ്ണന്റെ പോലീസാണെങ്കിൽ പോലും, അവനെതിരെ ക്രിമിനൽ നടപടി എടുക്കുമായിരുന്നു. കാരണം അങ്ങനെ പറയുന്നത് ക്രിമിനൽ കുറ്റമാണ്. ഒരു മൂന്നാംകിട വീരനായകന്റെ വിടുവായത്തമായും ഇതിനെ കാണാനാകില്ല. കാരണം, പറയുന്നതെന്തും പ്രവർത്തിക്കുന്ന സംഘടനയാണ് എസ്.എഫ്.ഐ. എന്നാണ് നേതാക്കന്മാരുടെ അവകാശവാദം.

കുറ്റവാസനയുള്ള ക്രിമിനലുകൾ രാഷ്ട്രീയ സംഘടനകളുടെ നേതാക്കളായി അവരോധിക്കപ്പെടുന്നു എന്നത് ജനാധിപത്യ വ്യവസ്ഥയിലെ ഒരു ദുരന്തമാണ്. അക്രമവും അഴിമതിയും നടത്താൻ മടിയില്ലാത്തവർ രാഷ്ട്രീയ കക്ഷികളുടെ നേതൃത്വത്തിലെത്തുന്നു എന്നത് ആശങ്ക ഉളവാക്കുന്ന കാര്യമാണ്. ഇതിനെതിരെ കരുതലോടെ പ്രവർത്തിക്കാൻ നമുക്ക് കഴിയണം. അക്രമവും ജനാധിപത്യവും ഒരുമിച്ചു പോകില്ലെന്ന് എല്ലാവരും അറിയുക തന്നെ വേണം. അക്രമമാർഗ്ഗത്തിൽ കൂടുതൽ അക്രമം കാണിക്കുന്നവനേ വിജയിക്കൂ. അടിച്ചു പൊളിക്കുകയും സംഘബലം ഉപയോഗിച്ചുള്ള ഭീഷണിയും ഉപയോഗിച്ച് ആളുകളെ ഭയപ്പെടുത്തി വരുതിയിൽ നിർത്തുകയും ചെയ്യുന്നവരെ ഞെട്ടിച്ചു കൊണ്ടാണ് തോക്കെടുത്ത് ആളുകളെ വകവരുത്തി ഭീതി വിതക്കുന്നവർ ആധിപത്യം നേടുന്നത്. വാളെടുക്കുന്നവൻ വാളാൽ എന്നു പറയുന്നത് അതുകൊണ്ടാണ്.

വാളെടുക്കുന്നവർക്ക് വിളങ്ങാനുള്ള ജനാധിപത്യ വ്യവസ്ഥ അത് സംഘർഷത്തിന്റെ മാർഗ്ഗമല്ല. സഹനത്തിന്റേയും സമാധാനത്തിന്റെയും മാർഗ്ഗമാണ്. വർഗ്ഗശത്രു, വർഗ്ഗവൈര്യം വർഗ്ഗ സമരം എന്നിങ്ങനെയുള്ള അക്രമ സങ്കല്പങ്ങളെ അണികളിൽ ആവർത്തിച്ചു പഠിപ്പിച്ചുറപ്പിക്കുന്ന മാർക്സിസ്റ്റ് കക്ഷികൾക്ക് ജാനാധിപത്യ വ്യവസ്ഥയോട് പൊരുത്തപ്പെട്ടു പോകാനാകില്ല. ജനാധിപത്യ ത്തിൽ പാർലിമെന്ററി മോഹങ്ങളോടുള്ള വ്യാമോഹങ്ങൾ ഇല്ല. ജനാധിപത്യത്തിൽ അവർക്ക് വിശ്വസിക്കാൻ കഴിയാത്തതുകൊണ്ടാണ് പാർലമെന്ററി വ്യാമോഹത്തെക്കുറിച്ച് അവർ വ്യാകുലപ്പെടുന്നത്.

പക്ഷേ, അവരുടെ ആകുലത അസ്ഥാനത്താണ്. അത് അവർക്കും മനസ്സിലാക്കാവുന്നതാണ്. അതിന് ആദ്യം വേണ്ടത് സിദ്ധാന്തങ്ങളുടെ തടവറകളിൽ നിന്നും മോചനം നേടാനുള്ള ആർജവമാണ്. അതായത്, അനുഭവത്തെ ആസ്പദമാക്കി സിദ്ധാന്തങ്ങളിൽ മാറ്റം വരുത്താനുള്ള സത്യസന്ധതയുണ്ടാകണമെന്നു സാരം. അനുഭവത്തെ ആസ്പദമാക്കി തത്ത്വം ഗ്രഹിക്കാൻ കഴിയാത്തവരെയാണ് മൂഢന്മാർ എന്നു പറയുന്നത്. അവർക്കുള്ള മറ്റൊരു പേരാണ് ശുംഭന്മാർ എന്നതും. നേതാക്കൾ ഇക്കാര്യമോർക്കണം. എപ്പോഴും.

*(കാലടി സംസ്കൃത സർവ്വകലാശാലാ മുൻ വി.സി. യാണ് ലേഖകൻ)* ■

# ലളിതം മധുരം

സഖറിയാ മാർ അന്തോനിയോസ്
(പ്രസിഡന്റ്, മലങ്കരസഭ)



# സൃഷ്ടി വൈകൃതങ്ങൾ



സൃഷ്ടികർത്താവ് ചരാചരങ്ങളെ സൃഷ്ടിക്കുന്നു. വർണ്ണ വൈവിധ്യങ്ങളിൽ വിസ്മയ പ്രപഞ്ചം തീർക്കുന്ന വിശ്വനായകനെ കണ്ടുകൊണ്ടിരിക്കുന്ന ഒരനുചരന് ഒരു മോഹം. തനിക്കും സൃഷ്ടി നടത്തണം ഈശ്വരനു മാത്രം പറഞ്ഞിട്ടുള്ള സൃഷ്ടി വൈഭവത്തെ സ്വായത്തമാക്കാൻ ശ്രമിക്കുന്ന അനുചരനെ ദൈവം ആവും വിധം വിലക്കി...

എന്തു ഫലം? തനിക്കും വൈഭവം കാട്ടണം.

ഉം! സ്നേഹനിധിയായ ദൈവം അനുചരന് വഴിപ്പെട്ടു.

ദൈവം സമ്മതം മൂളി!

സന്തോഷാതിരേകത്തോടെ അയാൾ ആദ്യം 'ഒരു മധുര ഫലം വിഭാവനം ചെയ്തു, വിത്തുണ്ടാക്കി യോജിപ്പിച്ചു ദൈവത്തിന്റെ മുന്നിൽ കൊണ്ടുവന്നു– ഒരു കശുമാങ്ങാ.

പ്രിയാ! എല്ലാ ചെടിയുടെയും വിത്ത് ഉള്ളിൽ നിന്നല്ലേ വരുന്നത്...? ദൈവം ചോദിച്ചു പോയി.

അയാൾ വീണ്ടും രണ്ട് ജീവികളെ വിഭാവനം ചെയ്തു കൂടുതൽ ആലോചിച്ച് ദൈവത്തിന്റെ മുന്നിലെത്തി–ഞണ്ടും, കുഴിയാനയും.'

പ്രിയനേ എല്ലാ ജീവികളും മുന്നിലേക്കല്ലേ നടക്കുന്നത് ദൈവം വീണ്ടും പറഞ്ഞുപോയി.

അയാൾ വർദ്ധിത വാശിയോടെ വീണ്ടും ഒരു പറവയെ വിഭാവം ചെയ്തു കൊണ്ടു വന്നു–വവ്വാൽ.

മകനേ.... ദൈവം ചിരിച്ചു എല്ലാ പറവകളും തല നേരായിട്ടല്ലേ ഇരിക്കുന്നത്....

അയാൾ സർവ്വ സൃഷ്ടാംഗം പ്രണമിച്ചു.

സൃഷ്ടിക്കേണ്ടവൻ സൃഷ്ടിക്കണം.

ശേഷം ചിന്തനീയം. ■

## ഡോ. പി.ഐ. വർഗീസ് ചെമ്മനം

2010–ലെ മികച്ച ഡോക്ടർക്കുള്ള സംസ്ഥാന സർക്കാരിന്റെ അവാർഡ് മലങ്കര സഭാംഗമായ ഡോ. പി. ഐ. വർഗീസിനാണ്. കോട്ടയം ഗാന്ധിനഗർ ഗ്രീഗോറിയോസ് ചാപ്പലിൽ കൂടി നടക്കുന്ന ഡോ. പി.ഐ. വറുഗീസ് പരിശുദ്ധ മാത്യൂസ് പ്രഥമൻ ബാവായുടെയും, പരിശുദ്ധ മാത്യൂസ് ദ്വിതീയൻ ബാവായുടെയും ഡോക്ടറായിരുന്നു. ആതുര ശുശ്രൂഷാ രംഗത്ത് 50 വർഷം പൂർത്തിയാക്കുന്ന ഡോക്ടർക്ക് 75–ാം വയസ്സിൽ ലഭിക്കുന്ന അംഗീകാരമാണ് ഈ അവാർഡ്. സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ മികച്ച ഡോക്ടർമാർക്കുള്ള അവാർഡാണ് ഇപ്പോൾ ലഭിച്ചിരിക്കുന്നത്.

കോട്ടയം S.H. മെഡിക്കൽ സെന്ററിലെ ഫിസിഷ്യനും ഡയബറ്റോളജിസ്റ്റുമായ ഡോ. പി.ഐ. വറുഗീസിനു ഇതിനു മുമ്പും നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. 23 വർഷം കോട്ടയം മെഡിക്കൽ കോളേജിൽ ഫിസിഷ്യനായി സേവനം അനുഷ്ഠിച്ചു. 1990 ലാണ് മെഡിക്കൽ കോളേജിൽ നിന്നു റിട്ടയർ ചെയ്തത്.

ആതുര സേവന രംഗത്ത് നിസ്തുല സേവനത്തിന് 2001–ൽ IMI യുടെ അവാർഡും, അസോസിയേഷൻ ഓഫ് ഫിസിഷ്യൻ ഓഫ് ഇൻഡ്യയുടെ സർട്ടിഫിക്കേറ്റ് ഓഫ് ഓണർ പദവിയും നല്കി ആദരിച്ചു.

പ്രമേഹരോഗികളുടെ സഹായത്തിനായി ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ 2000–ൽ രൂപീകരിച്ച ഓൾ കേരളാ ഡയബറ്റിക് ക്ലബ്ബിൽ 6000ത്തോളം അംഗങ്ങൾ നിലവിലുണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ 15 വർഷം ഡയബററിക് ക്ലിനിക് നടത്തി. പ്രമേഹരോഗികൾക്കായി പ്രത്യേക ക്ലാസുകൾ നടത്തുന്നുണ്ട്.

ലോക പ്രമേഹദിനമായ നവംബർ 14–ന് സംസ്ഥാന വ്യാപകമായി നടത്തിയ പ്രമേഹ ബോധവൽക്കരണ പരിപാടി ജനശ്രദ്ധ ആകർഷിച്ചിരുന്നു. പ്രമേഹം ഉൾപ്പെടെയുള്ള വിഷയങ്ങളിലായി 5 ഗ്രന്ഥങ്ങളും രചിച്ചിട്ടുണ്ട്.

ഗാന്ധിനഗർ ചെമ്മനം പടിയിലാണ് താമസം. മോളിയാണ് ഭാര്യ. മക്കൾ: മിനി കുര്യൻ, അനു മാത്യു, ഐസക് മാത്യു, ഡോ. തോമസ് ചെമ്മനം.

**– ഫാ. യൂഹാനോൻ ജോൺ**




നവാഭിഷിക്ത മെത്രാപ്പോലീത്തന്മാരായ ഡോ. സഖറിയ മാർ അപ്രേം, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, എന്നിവർക്ക് ഓർത്തഡോക്സ് വൈദീക സെമിനാരിയിലെ സഹപാഠികൾ (1987–1991) നൽകിയ അനുമോദനം. (18–6–2010)


*Advt.*




## ഏകാന്തതയിൽ ഒരുമ്മ

അർദ്ധരാത്രി 12 മണി Railway station-ന്റെ ഒരു ഭാഗത്തുനിന്നും ഒരു കരച്ചിൽ കേട്ടു. ശ്രദ്ധിച്ചപ്പോൾ 13 വയസ്സുള്ള ഒരു ആൺകുട്ടി, ആരെയോ കാത്തിരുന്നു കരയുന്നു. കുട്ടികളുടെ അടുത്തുവന്നു തലോടി ആരാണു നീ, എന്തിനാ കരയുന്നത്. കുട്ടി ഞെട്ടി കണ്ണുതുറന്നു നോക്കിയപ്പോൾ കൈയിൽ പൊതിയുമായി നില്ക്കുന്ന ഒരമ്മ. പൊതി കണ്ടതെ അതു പിടിച്ചുവാങ്ങി ആർത്തിയോടെ ഭക്ഷിച്ചു. അമ്മ അവനോട് ആരാണു നീ, എന്തിനാ ഒറ്റക്കിരുന്നു കരയുന്നത്. കുട്ടി വീണ്ടും കരഞ്ഞുകൊണ്ടിരുന്നു. ആരെയാണു നീ അന്വേഷിക്കുന്നത്. എന്തിനാ ഇവിടെ വന്ന് ഒറ്റയ്ക്കിരുന്ന് കരയുന്നത് എന്ന് അമ്മ വീണ്ടും ചോദിച്ചു.

ഞാൻ James ആലുവയിലെ ഒരു വലിയ വ്യാപാരിയായ Issac-ന്റെ മകനാണ്. ഞാൻ എന്റെ മാതാപിതാക്കൾക്ക് ഒറ്റപുത്രനാണ്. വളരെ സന്തോഷമായി കഴിഞ്ഞിരുന്ന ഞങ്ങളുടെ ഭവനത്തിൽ ദുരന്തങ്ങൾ ഓരോന്നായി വന്നു തുടങ്ങി. ദുരന്തമോ? അമ്മ ചോദിച്ചു.



സമ്പത്തിൽ നിറഞ്ഞുനിന്ന ഞങ്ങൾ അഹങ്കാരികളായി. കാലങ്ങൾ കഴിഞ്ഞു. എന്റെ 13-ാമത്തെ വയസ്സിൽ ഒരുപാട് കാശ് വാരിയ അപ്പയ്ക്ക് കാശ് എവിടേക്ക് പോകുന്നുവെന്ന് അറിയാതെയായി. അതു കണ്ട് വിഷമിച്ച് നടന്ന അമ്മയ്ക്ക്

## വരക്കളരി



സൂസൻ പി. ഐസക്, പാമ്പാക്കുട



കവിത

## An Autobiography of River

I born on the lap of hills
The drapery of life opens for me
Then I starts to flow
to reach my destination

Everyday, someone drowns into me
But never comes back
Next aurora rises up
with mourns and prayers.

When monsoon reaches, I overflows
Then I becomes an infuriate
People starts blaming me
Such quips makes me so sad.

Drolling drizzles falls upon me
It pesters and tickles me
Bubbles appears like suds
Whirlpools are gigantic havoc

In summer, I'm so calm and quiet
as if I'm dreaming in sleep
I appears in the ballads of poets
and it becomes an enjoyable one

*Jasmine Sebastian*
*Perumpadavom, Kandanad*

## ബൈബിൾ ക്വിസ്

ഒരുദിവസം പെട്ടെന്നു നെഞ്ചുവേദന തോന്നി, Hospital–ൽ കൊണ്ടുപോയ വഴി മരിച്ചു. ജീവനു തുല്യം സ്നേഹിച്ച തന്റെ സഖി തന്നെ വിട്ടുപോയെന്ന് അപ്പയ്ക്ക് വിശ്വസിക്കാൻ കഴിഞ്ഞില്ല. അപ്പാ മരിച്ചതിനു തുല്യമായി. പതുക്കെ പതുക്കെ മനോരോഗിയായി. അപ്പോഴേയ്ക്കും അപ്പയുടെ സഹോദരങ്ങൾ സ്വത്തെല്ലാം അവരുടെ കൈക്കലാക്കി. അപ്പയെ ചികിത്സിക്കാനെന്നു പറഞ്ഞ് കൊണ്ടുപോയി. പിന്നെ ഞാൻ അപ്പയെ കണ്ടിട്ടില്ലാ. എല്ലാവരും കൂടി എന്നെയും പുറത്താക്കി. ഇപ്പോൾ ഞാൻ ആരും ഇല്ലാതെ അലയുന്നു.

ആ അമ്മ എനിക്ക് ഒരു ഉമ്മ തന്നിട്ട് സാരമില്ല കുട്ടാ, ഞാൻ മോന്റെ കൂടെ ഉണ്ട്. അവിടെയിരുന്ന് അമ്മ പ്രാർത്ഥിക്കാൻ തുടങ്ങി. അതുകേട്ടു ഞാനും അറിയാതെ ആ പ്രാർത്ഥനകൾ ഏറ്റുചൊല്ലി. ഇതുവരെയും പ്രാർത്ഥിക്കാത്ത എനിക്ക് ആ പ്രാർത്ഥനകൾ അനുഗ്രഹമായി തോന്നി. വീണ്ടും വീണ്ടും പ്രാർത്ഥിച്ചു. മനസ്സിനു നല്ല തണുപ്പു തോന്നി. എല്ലാംകഴിഞ്ഞ് കണ്ണു തുറന്നപ്പോൾ അമ്മയെ കണ്ടില്ല. വല്ലാത്തവിഷമം തോന്നി. എങ്കിലും ആ പ്രാർത്ഥനകൾ മുടക്കാതെ ചൊല്ലി. വിശപ്പും ദാഹവും എന്തെന്നറിയാതെ ദിവസങ്ങൾ കടന്നുപോയി.

ഒരുദിവസം എവിടെയോ ഞാൻ തളർന്നു വീണു. കണ്ണു തുറന്നപ്പോൾ ഒരു മനോഹരമായ വീട്, അമ്മയും അപ്പനും എന്റടുത്തുണ്ട്. അമ്മ എന്നെ തലോടിക്കൊണ്ടിരുന്നു. ഞാൻ എവിടെയാണെന്നു ചോദിച്ചപ്പോൾ അമ്മ എന്നെ എഴുന്നേല്പിച്ചിട്ട് Juice കുടിക്കാൻ തന്നു. എന്റെ ക്ഷീണം കുറഞ്ഞു തുടങ്ങി. പിന്നെ അമ്മ എന്നെ കുളിപ്പിച്ച് പുതിയ ഉടുപ്പൊക്കെ ഇട്ടുതന്നു. നല്ല ആഹാരങ്ങൾ ഒക്കെ തന്നു. കുഞ്ഞുങ്ങൾ ഇല്ലാതിരുന്ന അവർക്ക് ഞാൻ ഒരു മുത്തായി. എനിക്ക് എന്റെ അപ്പനെയും അമ്മയെയും തിരിച്ചുകിട്ടിയതുപോലെ. എല്ലാം ആ അമ്മയുടെ അനുഗ്രഹവും ശക്തിയും തന്നെ....

**- Steffin Ann Jacob, Punalur**

## വചനപാത...

മക്കൾ, യഹോവ നല്കുന്ന അവകാശവും
ഉദരഫലം അവൻ തരുന്ന
പ്രതിഫലവും തന്നെ. *(സങ്കീ. 127:3)*



ഐശ്വര്യ തോമസ്, പ്ലാമൂട്

# കുട്ടിത്തമാശ

## മദ്യം

മദ്യപിച്ച് ലക്കുകെട്ടു വന്ന തോമസിനോട്

വികാരിയച്ചൻ: തോമസേ, മദ്യം ശത്രുവാണെന്നറിയില്ലേ മകനേ?

തോമസ്: ശത്രുവിനെ സ്നേഹിച്ച് കീഴ്പ്പെടുത്തണമെന്നല്ലേ അച്ചൻ എപ്പോഴും പറയാറ്.

*–ബിയാ സാബു, നന്മേലിൽ, കൂത്താട്ടുകുളം*

* * * * * *

## മുട്ടത്തല

ടീച്ചർ: കുട്ടികളെ ഒന്നും വളരാത്ത സ്ഥലം ഏതാണ് എന്ന് പറയൂ?

മനു: എന്റെ വീട്ടിലെ അയൽവക്കത്തുള്ള ലോനപ്പൻ ചേട്ടന്റെ മുട്ടത്തലയിൽ.

* * * * * *

## ഓക്സിജൻ

ടീച്ചർ: അമേരിക്ക ഓക്സിജൻ കണ്ടുപിടിച്ചത് 1988 –ൽ ആണ്.

അപ്പുക്കുട്ടൻ: അപ്പോൾ അതുവരെ നമ്മൾ എല്ലാവരും "നൈട്രജൻ" ആയിരുന്നോ ടീച്ചർ ശ്വസിച്ചിരുന്നത്?

Abin Stephen, Mekkaringattu
Kattappana P.O.

1. യിസ്രായേൽ മക്കൾ ഫറവോനു പണിത സംഭാര നഗരങ്ങൾ (Treasure Cities) ഏവ?
2. പുറപ്പാടു പുസ്തകത്തിൽ എത്ര അദ്ധ്യായങ്ങളും എത്ര വാക്യങ്ങളും ഉണ്ട്?
3. ഇനി എന്റെ മുഖം കാണാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. എന്റെ മുഖം കാണുന്ന നാളിൽ നീ മരിയ്ക്കും. എന്ന് ആര് ആരോട് പറഞ്ഞു?
4. ചെങ്കടൽ (Red Sea) കടന്ന യിസ്രായേൽ മക്കളെ ദൈവം ആദ്യമായി പരീക്ഷിച്ചതെവിടെ വച്ച്?
5. ജനം കാൺകെ ദൈവം ഇറങ്ങി വന്നത് ഏത് പർവ്വതത്തിൽ?
6. മോശയുടെ ഭാര്യയുടെ പേര് എന്തായിരുന്നു?
7. കത്തുന്ന മുൾപ്പടർപ്പിൽ ദൈവം മോശയ്ക്ക് പ്രത്യക്ഷപ്പെട്ട സ്ഥലത്തിന്റെ പേര് എന്ത്?
8. തീ കത്തുമ്പോൾ ഇരുട്ട് ഉണ്ടായിരുന്നത് എവിടെ ആയിരുന്നു?
9. ദൈവം തന്റെ കല്പനകളെ പ്രമാണിക്കുന്നവർക്ക് എത്ര തലമുറ വരെ ദയകാണിക്കും?
10. വേദപുസ്തകത്തിലെ ഏറ്റവും വലിയ (നീളം കൂടിയ) വാക്യം ഏത്?

NB. വായനാ ഭാഗം പുറപ്പാടു പുസ്തകം 1–ാം അദ്ധ്യായം മുതൽ 20–ാം അദ്ധ്യായം വരെ.

## ക്വിസ് ഉത്തരങ്ങൾ

1. പീഥോം (Pithom) റയംസേസ് (Raamses) Exodus 1:11)
2. പുറപ്പാട് പുസ്തകത്തിൽ 12,13 വാക്യങ്ങളും 40 അദ്ധ്യായങ്ങളും ഉണ്ട്.
3. ഫറവോൻ (Pharaoh) മോശയോട് Exodus (10:28)
4. ദൈവം പരീക്ഷിച്ചത് മാറയിൽ (Marah) വച്ചാണ് (Exodus (10:28)
5. സീനായ് പർവ്വത്തിൽ (Mount Simai) Exodus 19:16-18.
6. സിപ്പോറ (Zipporah) Exodus 2:21)
7. ഹോരേബ് (Horeb) Exodus 3:2)
8. സീനായ് പർവ്വതത്തിൽ
9. ആയിരം തലമുറവരെ ദയകാണിക്കും. Exodus 20:6
10. എസ്ഥേർ (Esther) 8:9.

തലവൂർ മത്തായി, നടത്തേരി



പ്രൊഫ. മേരി മാത്യു, കുഴിമറ്റം

*"ജ്ഞാനം മുത്തുകളേക്കാൾ നല്ലതാകുന്നു. മനോഹരമായതൊന്നും അതിനു തുല്യമാകയില്ല"*
*(സദൃ. 8:11)*

*ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവളും ദൈവാനുഗ്രഹത്തിന്റെ കേദാരവുമായ സ്ത്രീരത്നമായിരുന്നു ദബോര (ന്യായ. 4,5)*



# അതുല്യമായ നേതൃത്വം

ലപ്പിദോത്തിന്റെ ഭാര്യ എന്നും ലപ്പിദോത്തിൽ നിന്നുമുള്ളവൾ എന്ന അർത്ഥത്തിലും ദബോര വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ലപ്പിദോത്ത് എന്ന പദത്തിന് വിളക്ക്, പ്രകാശം എന്നും അർത്ഥമുണ്ട്. സമാഗമന കൂടാരത്തിൽ വിളക്കുകൾക്കാവശ്യമായ തിരികൾ ഉണ്ടാക്കുന്ന വ്യക്തിയായും ദബോരയെക്കുറിച്ച് അഭിപ്രായമുണ്ട്. ഇവർ പാർത്തിരിക്കുന്നത് രാമയുടെയും ബെഥേലിന്റെയും ഇടയ്ക്ക് എഫ്രയിം മലനാടുകളിലെ ഒലിവുവൃക്ഷങ്ങളും ഈന്തപ്പനകളും ഉള്ള സ്ഥലത്താണ്. ബഹുമുഖമായ കാര്യങ്ങൾ ദൈവഹിതപ്രകാരം പ്രവർത്തിച്ച ദബോര എക്കാലത്തെയും സ്ത്രീകൾക്ക് മാതൃകയായി നിലകൊള്ളുന്നു. കുടുംബിനിയും പ്രവാചകിയും ന്യായാധിപയും ഗായികയുമായിരുന്ന ദബോര ദൈവം ദാനമായി നൽകിയ താലന്തുകൾ അത്യന്തം ഉത്തരവാദിത്തത്തോടെ വിനിയോഗിച്ച് യിസ്രായേൽ ജനതയുടെ രക്ഷകയായിത്തീർന്നു. അനേകം ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കേണ്ടി വരുന്ന ആധുനികകാല സ്ത്രീകൾക്കും ആത്മവിശ്വാസവും പ്രവർത്തന മേഖലകളിൽ ധൈര്യവും പ്രദാനം ചെയ്യുന്ന സ്ത്രീ രത്നമാണ് ദബോര.

ഏഹൂദിന്റെ കാലശേഷം യിസ്രായേൽ മക്കൾ യഹോവയോടു മത്സരിച്ചു. യഹോവ അവരെ കനാന്യരാജാവായ യാബീനു വിറ്റു. ഇരുപതു വർഷം കഠിനയാതനകളിൽ കൂടി കഴിഞ്ഞ യിസ്രായേൽ മക്കൾ ദൈവസന്നിധിയിൽ തങ്ങളെത്തന്നെ സമർപ്പിച്ചപ്പോൾ അവരുടെ നിലവിളിയിൽ കരുണതോന്നി അവരെ വിടുവിക്കുന്നതിനായി ദബോര എന്ന സ്ത്രീയെ ദൈവം എഴുന്നേല്പിച്ചു. നാല്പതുവർഷം യിസ്രായേൽ ജനതയ്ക്കു സ്വസ്ഥത ലഭിക്കുകയും ചെയ്തു.

ദെബോര എന്ന പദത്തിന് 'തേനീച്ച' എന്നാണർത്ഥം. കഠിനാദ്ധ്വാനത്തിന്റെയും സഹകരണത്തിന്റെയും സന്ദേശമേകുന്ന ആ നാമകരണം തന്നെ അത്യന്തം ചിന്താർഹമാണ്. സഹകരണ മനോഭാവം കൊണ്ടു മാത്രമേ ഉന്നതമായ ഫലപ്രാപ്തി സൃഷ്ടിക്കുവാൻ സാധിക്കുകയുള്ളു. ലോകപ്രകാരം ശക്തനായ യാബീൻ ആയുധശേഷിയും സൈന്യബലവും ഉണ്ടായിരുന്ന വ്യക്തിയായിരുന്നിട്ടും യാബീനെതിരെ ദൈവം ഒരു സ്ത്രീയെ തെരഞ്ഞെടുത്തു.

നേതൃത്വഗുണങ്ങൾ വിളങ്ങിയിരുന്ന ദബോര ദൈവത്തിന്റെ വക്താവും ഭാവികാര്യങ്ങൾ മുൻകൂട്ടിപ്പറയുന്നവളുമായിരുന്നു. ദൈവിക പദ്ധതികളുടെ വക്താക്കളും പങ്കാളികളുമായിത്തീരുന്നതിന് സ്വയം സമർപ്പിക്കേണ്ടതാണ്. പ്രാർത്ഥനാജീവിതം കൊണ്ടും ക്രിയാത്മകമായ പ്രവർത്തനശൈലികൊണ്ടും പ്രതിസന്ധികളിൽ പ്രായോഗികമായ തീരുമാനങ്ങൾ ധൈര്യപൂർവ്വം കൈക്കൊള്ളുവാനും ഓരോ

> **സ്ത്രീകളെ ദൗത്യങ്ങൾ ഏല്പിക്കുമ്പോൾ ദൈവാശ്രയത്തോടെ പ്രവർത്തിച്ചാൽ അസാധാരണമായ ഫലം നേടുവാൻ സാധിക്കുമെന്നതിന് ദബോര നിദർശനമാണ്.**

സ്ത്രീക്കും ദബോറ മാതൃകയായി നിലകൊള്ളുന്നു.

യാബീന്റെ സേനാപതിയായ സീസരയെയും സൈന്യത്തെയും തോല്പിക്കുമെന്നും വരാനിരിക്കുന്ന യുദ്ധത്തിൽ ബഹുമാനിതയാകുന്നത് ഒരു സ്ത്രീയായിരിക്കുമെന്നും ദബോറ പ്രവചിക്കുന്നു (ന്യായ. 4:6,7,9) യുദ്ധ വിജയത്തിന്റെ മഹത്വം കേന്യനായ ഹെബേരിന്റെ ഭാര്യ യായേലിനു ലഭിക്കുന്നു. യിസ്രായേൽ ജനതയുടെ അവസ്ഥ മനസ്സിലാക്കി അവർക്ക് ധൈര്യം പകരുന്ന ശക്തി സ്രോതസ്സായി ദബോറ മാറി. അനേകരുടെ കഴിവുകളും മാനസികാവസ്ഥകളും മനസ്സിലാക്കി അവരെ ഉയർത്തുന്നതിനും ശ്രമിക്കുക എന്നത് നേതൃത്വ ലക്ഷണമാണ്. ദബോറ ഉറപ്പുള്ളവളും ശുഭാപ്തി വിശ്വാസവമുള്ളവളും ആയിരുന്നതിനാൽ യിസ്രായേൽ ജനതയ്ക്ക് ധൈര്യം പകർന്ന് പ്രത്യാശ നൽകി.

ന്യായാധിപ എന്ന നിലയിൽ ന്യായപാലനം ചെയ്യുന്ന കർത്തവ്യം ദബോറ ഏറ്റെടുത്തു. അടിച്ചമർത്തപ്പെട്ടവർക്ക് വിടുതലും പ്രശ്നങ്ങളിലും തർക്കങ്ങളിലും നിഷ്പക്ഷമായ വിധി പ്രഖ്യാപനവും ഭരണകാര്യങ്ങളിലും ആത്മീയ തലത്തിലും നേതൃത്വം നൽകുവാൻ ഈ സ്ത്രീക്കു സാധിച്ചു. സ്ത്രീകൾ ദൗത്യങ്ങൾ ഏറ്റെടുക്കുവാൻ ദൈവം തെരഞ്ഞെടുത്തവർ തന്നെയാണെന്ന് ദബോര തെളിയിച്ചു. സർവ്വശക്തൻ ഏല്പിക്കുന്ന ഉത്തരവാദിത്തങ്ങൾ നിർവ്വഹിക്കുവാൻ ശക്തി നൽകുന്നവനുമാണെന്ന വിശ്വാസം ദബോരയിൽ നിന്നും ഉൾക്കൊള്ളുവാൻ സാധിക്കും. പുരഷന്മാരോടൊപ്പം പ്രവർത്തിക്കുവാൻ സ്ത്രീകളും വിളിക്കപ്പെട്ടവരാണെന്ന് ഈ മഹളയുടെ ജീവിതം ഉദ്ബോധിപ്പിക്കുന്നു.


യാബീന്റെ സേനാപതിയോടു യുദ്ധം ചെയ്യണമെന്ന് ദബോര ബാരാക്കിനോട് ആവശ്യപ്പെട്ടപ്പോൾ "നീ എന്നോടു കൂടെ വരുമെങ്കിൽ ഞാൻ പോകാം. നീ വരുന്നില്ല എങ്കിൽ ഞാൻ പോകയില്ല" ന്യായ. 4:8 ദബോരയിൽ ജനത്തിന് ഉണ്ടായിരുന്ന ദൃഢവിശ്വാസത്തിന് ഇത് സാക്ഷ്യം വഹിക്കുന്നു. യുദ്ധഭൂമിയിൽ പ്രവേശിക്കുന്നതിനു മുൻപ് ദബോറ ബാരാക്കിനെ സ്ഥിരചിത്തനാക്കി. "പുറപ്പെട്ടുകൊൾക യഹോവ ഇന്നു സീസരയെ നിന്റെ കയ്യിൽ ഏല്പിച്ചിരിക്കുന്നു; യഹോവ നിനക്കു മുമ്പായി പുറപ്പെട്ടിരിക്കുന്നു" ന്യായാധി. 4:14 അസാമാന്യമായ ദൈവാശ്രയബോധമുണ്ടായിരുന്ന ദബോര ബാരാക്കിനെയും സൈന്യത്തെയും ആത്മബലം കൊണ്ട് ശക്തരാക്കി. ഈ വിശ്വാസം കുടുംബാന്തരീക്ഷത്തിലും പ്രവർത്തന മേഖലിയിലും പകരുവാൻ സ്ത്രീകൾക്ക് സാധിക്കണം. ന്യായാധിപന്മാർ അഞ്ചാം അദ്ധ്യാത്തത്തിലെ പദ്യശൈലിയിലുള്ള യുദ്ധവിവരണം ശത്രുവിന്മേലുള്ള ജയഗീതമാണ്. ഈ ഗാനത്തിൽ ദബോരയുടെ സാമൂഹികമായ ബന്ധം നീതിനിർവ്വഹണത്തിനുള്ള താല്പര്യം, സഹകരണാധിഷ്ഠിതമായ സമന്വയം ദൈവത്തിന്റെ ആഴമേറിയ കരുതൽ എന്നിവ നിറഞ്ഞു നിൽക്കുന്നു. താൻ യിസ്രായേലിന്റെ മാതാവും ദൈവത്താൽ എഴുന്നേല്പിക്കപ്പെട്ടവളുമാണെന്ന ബോധ്യം ദബോരയ്ക്കുണ്ടായിരുന്നു. മറ്റുള്ളവരുടെ കഴിവുകൾ അംഗീകരിക്കുവാനും ആദരിക്കുവാനും പ്രോത്സാഹിപ്പിക്കുവാനുമുള്ള മനോഭാവം ദബോരയിൽ ഉണ്ടായിരുന്നു. വിജയം നേടിയപ്പോൾ ദൈവത്തെ സ്തുതിക്കുവാനും കൂട്ടുത്തരവാദിത്തമേറ്റെടുത്തവരെ അംഗീകരിക്കുവാനും ദബോര തയ്യാറാകുന്നു.

സ്ത്രീകളെ ദൗത്യങ്ങൾ ഏല്പിക്കുമ്പോൾ ദൈവാശ്രയത്തോടെ പ്രവർത്തിച്ചാൽ അസാധാരണമായ ഫലം നേടുവാൻ സാധിക്കുമെന്നതിന് ദബോര നിദർശനമാണ്. അനേകം സ്ത്രീകളുടെ നഷ്ടമായിക്കൊണ്ടിരിക്കുന്നതും നഷ്ടമാക്കിക്കൊണ്ടിരിക്കുന്നതുമായ വിവിധതരം കഴിവുകൾ മനസ്സിലാക്കി സ്ത്രീ പുരുഷ വേർതിരിവു കൂടാതെ ഉപയോഗപ്രദമാക്കുവാനും ഫലപ്രാപ്തിയിലെത്തിക്കുവാനും സഭയും സമൂഹവും തയ്യാറാകണം. ദൈവകൃപയിൽ ആശ്രയിച്ച് കർത്തവ്യനിരതരായി ലക്ഷ്യപ്രാപ്തിയിലെത്താൻ സ്ത്രീകൾ ജാഗ്രതയോടെ ഉണർന്നു പ്രവർത്തിക്കേണ്ടതാണ്. ദബോരയുടെ അതുല്യമായ നേതൃത്വപാടവം മാതൃകയാക്കുവാൻ ശ്രദ്ധിക്കുക; ശ്രമിക്കുക.

## പാരീഷ് മിഷൻ

കോട്ടയം ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികലുടെയും ആഭിമുഖ്യത്തിൽ ഓണാവധിക്കാലത്തു (ഓഗസ്റ്റ് 22-30 പാരീഷ് മിഷൻ നടത്തപ്പെടുന്നു. താല്പര്യമുള്ള ഇടവകകൾ വികാരി മുഖേന, സെക്രട്ടറി, പാരീഷ് മിഷൻ, ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി, പി.ബി. നമ്പർ 98, കോട്ടയം (ഫോൺ 0481-2566526) എന്ന വിലാസത്തിൽ ഓഗസ്റ്റ് 5-ന് മുമ്പായി ബന്ധപ്പെടേണ്ടതാണ്.

## 2ND DEATH ANNIVERSARY
**04 - 07 - 2010**



# M.O. OOMMEN
**PANACKAMATTAM**

"I was glad when they said to me, let us go to the house of the lord" Ps: 122:1

*INSERTED BY:*

MRS. AMMINI OOMMEN
PANACKAMATTAM HOUSE
PADANILAM, NOORNAD

## IST DEATH ANNIVERSARY
**29- JULY - 2010**



*Inserted by:*
*SORROWING FAMILY*

**APPACHAN, AMMACHI**
**JOSE E. ABRAHAM (PAPPA)**
**SOPHY JOSE (MUMMY)**
**ANGEL ELSA JOSE (CHECHY)**

**ETTIKALAYIL (H),**
**MADANTHAMON (ATHIKAYAM)**
**PATHANAMTHITTA**


# ശങ്കരത്തിൽ ടൂർസ് ഒരുക്കുന്ന ജറുശലേം യാത്ര

## ഒരാഴ്ചയിൽ കൂടുതൽ

ഈജിപ്റ്റിലെ പിരമിഡുകൾ, മാദീപള്ളി, സീനായ്, കെയ്റോ പട്ടണം, ഗലീലകടൽ, ചെങ്കടൽ, ചാവുകടൽ, നൈൽ നദി, യോർദ്ദാൻനദി, ഒലിവ് മല, ഗദ്സമന, കാൽവറി, താബോർ മല, ഗിരിപ്രഭാഷണപള്ളി, നസ്രേത്ത്, കാനാ, ബേദ്ലഹേം, മർക്കോസിന്റെ മാളിക, യരുശലേം ദേവാലയം, വിലാപമതിൽ, കഫർന്നഹൂം, കന്യകമറിയാമിന്റെ ഭവനം, യൗസേഫിന്റെ ഭവനം, ബഥാന്യ, ബഥ്സേദാകുളം, തുടങ്ങി പുതിയ പഴയ നിയമ ചരിത്ര സ്ഥലങ്ങളിലൂടെ അവിസ്മരണീയ യാത്ര.


- അഭി. തിരുമേനിമാർ, വൈദീകർ, കന്യാസ്ത്രീകൾ എന്നിവർ യാത്രയ്ക്ക് ആത്മീയ നേതൃത്വം നൽകുന്നു.
- ബേദ്ലഹേം പള്ളിയിൽ വി. കുർബ്ബാന.
- ഉന്നത നിലവാരമുള്ള ഹോട്ടലുകളിൽ താമസസൗകര്യവും, മികച്ച ഭക്ഷണവും.

**എല്ലാ ചിലവുകളും ഉൾപ്പെടെ–62,000/–**
(including breakfast, lunch, dinner, entry fee, Tips etc.)
**Fr. John Sankarathil, Kottayam**
**Ph: 9847478894, 9447123321, 0481-2582518**
**e-mail: sankarathiltours@gmail.com**

മുങ്ങാത്ത ചാവുകടൽ



# കൃതജ്ഞത



പാമ്പാടി ദയറാ മാനേജറായിരുന്ന വന്ദ്യ പി സി യോഹന്നാൻ റമ്പാന്റെ ജ്യേഷ്ഠ സഹോദരനും, ഞങ്ങളുടെ പിതാവുമായ പി സി ചാക്കോ (84), ജൂൺ 19-ന് കർത്താവിൽ നിദ്ര പ്രാപിച്ചു. ഞങ്ങളുടെ ദുഖത്തിൽ പങ്കുചേർന്ന് അനുശോചനം അറിയിച്ച പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പ. ബസേലിയോസ് മാർത്തോമ്മാ ദിദിമോസ് പ്രഥമൻ ബാവ, നിയുക്ത കാതോലിക്കാബാവ, അഭി. തിരുമേനിമാർ, അൽമായ ട്രസ്റ്റി എം. ജി. ജോർജ്ജ് മുത്തൂറ്റ്, ശുശ്രൂഷകൾക്ക് മുഖ്യനേതൃത്വം നൽകിയ ഞങ്ങളുടെ അഭി. മെത്രാപ്പോലീത്താ ഗീവർഗീസ് മാർ ഈവാനിയോസ്, മെത്രാപ്പോലീത്താമാരായ ഡോ. യാക്കൂബ് മാർ ഐറേനിയോസ്, യൂഹാനോൻ മാർ പോളിക്കർപ്പോസ്, ഡോ. സഖറിയാസ് മാർ തേയോഫിലോസ്, ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഡോ. സഖറിയാ മാർ അപ്രേം, സിംഹാസന പള്ളി മെത്രാപ്പോലീത്തായായ ഗീവർഗീസ് മാർ ദിവന്നാസിയോസ്, ഇലവുക്കാട്ട് ഗീവർഗീസ് റമ്പാൻ, തോമസ് പോൾ റമ്പാൻ, ഓർത്തഡോക്സ് സെമിനാരി വൈസ് പ്രിൻസിപ്പാൾ ഫാ. ഡോ. ജേക്കബ് കുര്യൻ, ശ്രീ. ഉമ്മൻചാണ്ടി, വി. എൻ. വാസവൻ എം.എൽ.എ., സഭാ സെക്രട്ടറി ഡോ.ജോർജ്ജ് ജോസഫ്, ശ്രീ കെ. വി. മാമ്മൻ, തിരുവല്ല മുനിസിപ്പൽ ചെയർമാൻ ജേക്കബ് വഞ്ചിപ്പാലം, ഇഞ്ചക്കാട്ട് ഇ. കെ. ജോർജ്ജ് കോർഎപ്പിസ്ക്കോപ്പാ, പഴയസെമിനാരി മാനേജർ ഫാ. എം. സി. കുറിയാക്കോസ്, പാമ്പാടി ദയറാ മാനേജർ ഫാ. മാത്യു കെ. ജോൺ, പാമ്പാടി കത്തീഡ്രൽ വികാരി ഫാ. പി. പി. ഗീവർഗീസ്, എറണാകുളം സെന്റ് മേരീസ് കത്തീഡ്രൽ വികാരി പല്ലാട്ട് ഫാ. പി. ഐ. വർഗ്ഗീസ്, ബഹു. വൈദികർ, കിഴക്കമ്പലം കോൺവെന്റ് സുപ്പീരിയർ സിസ്റ്റർ ദീന, മറ്റു സിസ്റ്റേഴ്സ്, സഭാ സ്ഥാപനങ്ങൾ, ബഹുമാനപ്പെട്ട പ്രിൻസിപ്പൽമാർ, മലങ്കരസഭാ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, മലങ്കര അസോസിയേഷൻ അംഗങ്ങൾ, മലയാള മനോരമ, മംഗളം, മലങ്കര ഓർത്തഡോക്സ് ടി. വി., എ. ആന്റ്. എ. പ്രിന്റേഴ്സ്, കങ്ങഴ ആശുപത്രി, പാറേട്ട് ആശുപത്രി ഡോക്ടേഴ്സ് ആന്റ് സിസ്റ്റേഴ്സ്, ട്രാക്കോ കേബിൾസ് കമ്പനി, പോസ്റ്റൽ ഡിപ്പാർട്ട്മെന്റ്, വ്യാപാരി വ്യവസായസമിതി അംഗങ്ങൾ, പഞ്ചായത്ത് പ്രസിഡന്റ്, സെന്റ് ഡയനീഷ്യസ് ഓർത്തഡോക്സ് ഫൗണ്ടേഷൻ, കത്തീഡ്രൽ യുവജനപ്രസ്ഥാനം, അൽമായവേദി, മറ്റ് അദ്ധ്യാത്മിക സംഘടനകൾ, സഭാംഗങ്ങൾ, ബന്ധുമിത്രാദികൾ, നാട്ടുകാർ എന്നിവരോടുള്ള ഞങ്ങളുടെ നന്ദി അറിയിക്കുന്നു.

നാല്പതാം ചരമദിനമായ 27-7-2010-നു പാമ്പാടി സെന്റ് ജോൺസ് കത്തീഡ്രലിൽ വി. കുർബ്ബാനയും ഭവനത്തിൽ അനുബന്ധ ചടങ്ങുകളും ഉണ്ടായിരിക്കും.

*എന്ന് സന്തപ്ത കുടുംബാംഗങ്ങൾ*

*Advt.*



# സമ്യഗ് ദർശനം

ഫാ. ഷാലു ലൂക്കോസ്, തിരുമംഗലം

'ഷണ്ഡത്വം' ഒരു നപുംസകഭാവമാണ് സ്വയം ഏറ്റെടുക്കുന്ന ഒരു അന്യവത്കരണം അതിനുണ്ട്. പരാനന്ദത്തിന് വേണ്ടി സ്വന്ത വ്യക്തിത്വത്തിന് ശൂന്യത സൃഷ്ടിക്കുകയാണ് പരമ്പരാഗത രീതി. സ്വയാനന്ദത്തിന് വേണ്ടി സ്വന്ത വ്യക്തിത്വം വേണ്ടാ എന്നു വെയ്ക്കുന്നതാണ് ഉത്തരാധുനികാനന്തരരീതി. പീഠങ്ങൾക്കുവേണ്ടിയുള്ള ഷണ്ഡത്വം മതത്തിലും രാഷ്ട്രീയത്തിലും സർവ്വസാധാരണം. ഈ ഷണ്ഡത്വങ്ങൾ ശീലിച്ച് പീഠത്തിലേറുന്നവർക്ക് എന്തെങ്കിലും ദിശാബോധമുണ്ടാകുമോ? സേവ ചെയ്ത് രാജസ്ഥാനത്ത് എത്തിയവന് എപ്പോഴും സ്ഥാനഭ്രഷ്ടതയുടെ ഭീഷണിയുണ്ട്. ഓരോയിടത്തും നാം ഓരോന്നായി ഭാവിക്കുന്നത് ചിലടത്ത് മാന്യമായി/അമാന്യമായി അത് ഷണ്ഡത്വമാണ്. പ്രദർശനാത്മക വ്യക്തിത്വം നാം സൂക്ഷിക്കുന്നത് ഷണ്ഡത്വമാണ്. ഷണ്ഡത്വം രാജവാഴ്ച കാലത്തെ വൈകൃതമെങ്കിൽ ഇന്ന് രാജാവാകാൻ ഷണ്ഡനാകണം എന്ന സ്ഥിതിയാണ്.

ദൈവരാജ്യത്തിനുവേണ്ടി ഷണ്ഡത്വം പാലിക്കാം എന്നൊരു വിചാരമുണ്ട്. എന്നാൽ അത് ലോകരാജ്യത്തിന് വേണ്ടി മാത്രമാകുമ്പോൾ ദൈവരാജ്യം ദൈവീകരെന്ന് വിചാരിക്കുന്നവർക്കും അകലപ്പെടും. ദൈവത്തിൽ വിശ്വാസം നഷ്ടപ്പെടുന്നിടത്ത്, ദൈവകൃപയിലൂടെ ലഭിച്ച സ്വന്തം പ്രതിഭയെ തിരിച്ചറിയാത്തിടത്ത് ചില ഷണ്ഡത്വങ്ങൾ ശീലിക്കാൻ ശ്രമിക്കും. ലോക ഷണ്ഡത്വങ്ങളിൽ നിന്ന് മുക്തമായതുകൊണ്ടാണ് മലയോരത്തെ ആട്ടിൻപറ്റത്തിൽ നിന്ന് ദാവീദ് ശക്തനായ രാജാവായത്. ആയോധനന്മാരും കോമളാകാരന്മാരും തഴയപ്പെടുന്നിടത്ത് ദൈവവിളി നമുക്കുണ്ടെന്ന് തിരിച്ചറിവ് ഉണ്ടാകുന്നിടത്ത് വിശ്വാസമുണ്ടാകുന്നിടത്ത് ദൈവത്തിനുവേണ്ടി ഷണ്ഡത്വം ശീലിക്കാൻ നമുക്കാകും.

മഹാഭാരത യുദ്ധത്തിൽ ശിഖണ്ഡിയെ മുന്നിൽ നിർത്തി ഭീഷ്മരെ കൊന്നുകളയുന്നത് ഷണ്ഡത്വ സാദ്ധ്യതയാണ്. ഒരാളുടെ വീഴ്ചയ്ക്കും, തകർച്ചയ്ക്കും, ജീവഹാനിക്കുമെല്ലാം കാരണമാകുന്ന വാക്ശരങ്ങളും ഒളിയമ്പുകളും ഈ ഷണ്ഡത്വത്തെയാണ് സൂചിപ്പിക്കുന്നത്. വാക്ക് വാളാകുന്നിടത്ത് ചിന്ത വ്യാളിയാകുന്നിടത്ത് പരപ്രചോദനം പാപമാകുന്നിടത്ത് ഈ സാദ്ധ്യതയാണ് "നാക്കുകൊണ്ട് കൊല്ലരുത് വാളുകൊണ്ട് തിന്നരുത്" ഒരു സംയമനപ്രമാണമാണത്. പാപത്തിന്, ദ്രോഹത്തിന്, കൊലയ്ക്ക് കാരണഭൂതൻ മുമ്പിൽ നിൽക്കുന്നവനാണ് എന്നു വരുത്തിതീർത്ത് നമ്മൾ മറഞ്ഞിരിക്കുന്നത് ഷണ്ഡത്വമാണ്. ദൈവരാജ്യ ഷണ്ഡത്വം ഫലമില്ലായ്മയല്ല, ഫലവൃക്ഷമാകലാണ്. ഷണ്ഡത്വത്തിന്റെ നപുംസകഭാവം ഭേദങ്ങൾക്കതീതമാണ്.

"പീഠങ്ങൾക്കുവേണ്ടി ഷണ്ഡൻമാരായവരുണ്ട്. പുഴുവും തുരുമ്പും കെടുക്കുന്നതിനുവേണ്ടി തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയവരുണ്ട്. ഷണ്ഡന്മാരെ ആവശ്യമുള്ളവർക്കുവേണ്ടി ഷണ്ഡന്മാരായവരുണ്ട്".

"അമ്മയുടെ ഗർഭത്തിൽ നിന്ന് ഷണ്ഡന്മാരായി ജനിച്ചവരുണ്ട്; മനുഷ്യൻ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുമുണ്ട്; സ്വർഗ്ഗരാജ്യം നിമിത്തം തങ്ങളെത്തന്നെ ഷണ്ഡന്മാരാക്കിയ ഷണ്ഡന്മാരുമുണ്ട്; ഗ്രഹിപ്പാൻ കഴിയുന്നവൻ ഗ്രഹിക്കട്ടെ"

"ആരാണോ തന്നെതന്നെ ഈശ്വരന് സമർപ്പിക്കുന്നത്
വിജയം അവർക്കും ലഭ്യമായിത്തീരും
പരമോന്നതനായ പരിപാലകനാണ് ദൈവം"
(പതഞ്ജലി)

ലീനാ തോമസ്

# ക്യാപ്സ്യൂളുകളും ഗുളികകളും



## ഒരു കുടുംബ കഥ

*“മോളേ, ഈ ഗുളിക ഒന്ന് പൊട്ടിച്ചു തരോ... പകുതി മതി എനിക്ക് ” വല്ലിമ്മച്ചി മരുന്ന് പകുതി പൊട്ടിക്കുന്നതിൽ പരാജയപ്പെട്ടിരിക്കുകയാണ്. “അമ്മച്ചീ.... ഈ ഗുളിക പൊട്ടിച്ച് കഴിക്കാനുള്ളതല്ല. പകുതി കഴിച്ചാൽ ഗുണം കിട്ടില്ല. തന്നെ മരുന്നെടുത്ത് കഴിക്കരുതെന്ന് എത്ര പറഞ്ഞാലും കേൾക്കില്ല”. കൊച്ചുമകൾ ജോലിക്കുപോകാനുള്ള തിരക്കിലാണ്. “മോളെ ബുദ്ധിമുട്ടിക്കേണ്ടല്ലോന്ന് വിചാരിച്ചിട്ടല്ലേ. ബഹളം കൂട്ടാതെ”. അമ്മച്ചി നയം വ്യക്തമാക്കി.*

*“ബുദ്ധിമുട്ടൊഴിവാക്കാൻ തന്നെയാണ് ഞാനും ശ്രമിക്കുന്നത്. ജോലിക്ക് പോകുന്നതുകൊണ്ട് ദിവസം മൂന്നുനേരം ശ്രദ്ധയോടെ ഇതെടുത്തു തരാൻ എനിക്ക് പറ്റില്ലാത്തതുകൊണ്ടാണ്, ഡോക്ടർ 3 നേരത്തെ മരുന്നും കൂടി ഒന്നിലാക്കുന്ന തരം ഗുളിക തന്നത്. അമ്മച്ചി ഇങ്ങനെ സ്വന്തം തീരുമാനങ്ങളെടു ത്താൽ എനിക്ക് ബുദ്ധിമുട്ട് കൂടുകയേ ഉള്ളൂ. ഇത്തരം ഗുളികകൾ മുറിക്കാൻ പാടില്ല ”.*

**ഡോ**ക്ടറെ കണ്ടശേഷം രോഗിക്ക് സ്വയം ഉപയോഗിക്കുവാനായി മരുന്നുകുറിച്ച് കൊടുത്ത് ചികിത്സിക്കുന്നതിനാണല്ലോ OP (out patient) വിഭാഗം വായിൽക്കൂടിയോ മറ്റുരീതിയിലോ രോഗിക്ക് സ്വയം ഉപയോഗിക്കാവുന്ന മരുന്നുകൾ ആണ് കുറിപ്പടിയിലുൾപ്പെടുന്നത്. ഗുളിക (Tablet), ക്യാപ്സൂൾ (Capsule), ദ്രാവകം (liquids or syrups), പുറമെ പുരട്ടുന്ന മരുന്നുകൾ, എന്നിവയൊക്കെ രോഗിക്ക് സ്വയം ഉപയോഗിക്കാ വുന്നവയാണ്. ബോധാവസ്ഥയിൽ സ്വയം ഉപയോഗിക്കാമെന്ന നേട്ടമാണ് ഇത്തരം മരുന്നുകളുടെ നിർമ്മാണരീതിയിലെ രൂപകൽപ്പനയുടെ പ്രത്യേകത. അതുകൊണ്ടുതന്നെ അവയെപ്പറ്റിയുള്ള അവബോധവും (awareness) അത്യാവശ്യമാണ്.

ഘടനയിലും രാസവസ്തുക്കളിലും രൂപത്തിലും വലുപ്പത്തിലും വ്യത്യാസങ്ങളുണ്ടെങ്കിലും സാധാരണയായി ഗുളികകളേയും ക്യാപ്സൂളുകളേയും പിൽസ് (Pills) എന്ന് പറയാറുണ്ട്. നിർമ്മാണത്തിലും സൂക്ഷിക്കുന്നതിലും ഉപയോഗത്തിലുമുള്ള സുരക്ഷിതത്വവും, കുറഞ്ഞ ചെലവും ഇവയെ മറ്റുമാർഗ്ഗങ്ങളിലൂടെയുള്ള മരുന്നുകളിൽ നിന്ന് വ്യത്യസ്തമാക്കുന്നു. ഏതു മാർഗ്ഗത്തിലൂടെയായാലും ചികിത്സാകാലം മുഴുവൻ രക്തത്തിൽ മരുന്നിന്റെ നിശ്ചിത അളവ് നിലനിർത്തേണ്ടതുണ്ട്. സുഖപ്രാപ്തിക്കുവേണ്ടി രക്തത്തിൽ മരുന്ന് എത്തിക്കുന്നത് പ്രധാനമായും നേരിട്ട് കുത്തിവച്ചോ (Injections) അല്ലെങ്കിൽ ദഹനവ്യവസ്ഥ (Digestic system) യിൽ നിന്ന് രക്തത്തിലേക്കുള്ള ആഗീരണം വഴിയോ ആണ്. വായ്, മലദ്വാരം എന്നീ മറ്റു മാർഗ്ഗങ്ങളിലൂ ടെയും മരുന്നിന്റെ രക്തത്തിലേ ക്കുള്ള ആഗീരണം നടക്കും. ചെറുകുടലിന് വളരെയധികം വിസ്തീർണ്ണമുള്ളതുകൊണ്ട് വായിലൂടെ കഴിക്കുന്ന മരുന്നുകളുടെ രക്തത്തിലേക്കുള്ള ആഗീരണം അവിടെ നിന്നാണ് നടക്കുന്നത്. അബോധാ വസ്ഥയിലുള്ള രോഗികൾക്കും ഛർദ്ദിയുള്ള അവസ്ഥയിലും വായിലൂടെ കഴിക്കാൻ മരുന്നുകൾ കൊടുക്കാറില്ല.

### ക്യാപ്സൂളുകൾ (CAPSULES)

പൊടിരൂപത്തിലോ, ദ്രവരൂപത്തിലോ, തരികളായോ,

(Granules) മരുന്നുകൾ ഉൾപ്പെടുത്തിയിട്ടുള്ള ജലാറ്റിൻ (Gelatin) എന്ന വസ്തുകൊണ്ടുള്ള ഒരു പുറം തോടാണ് (Shell) ക്യാപ്സൂൾ. ഇവ രണ്ടുതരത്തി ലുണ്ട്; കട്ടിയുള്ളവയും (Hard Gelatin Capsule) ഉദാഹരണമായി അമോക്സിലിൻ ക്യാപ്സൂളുകൾ, –മൃദുവായവയും (Soft Gelatine Capsules) – ഉദാഹരണം:– വൈറ്റമിൻ എ ക്യാപ്സൂളുകൾ.

**ഗുളികകൾ (TABLETS)**

മരുന്നുപൊടികളെ മറ്റുചേരുവകളും ഉൾപ്പെടുത്തി, യന്ത്ര സഹായത്താൽ പല വലുപ്പത്തിലും രൂപത്തിലും അമർത്തി (compression) യെടുത്താണ് ഗുളികകൾ ഉണ്ടാകുന്നത്. വായിലൂടെ വിഴുങ്ങേണ്ടവയല്ലാതെ പല രീതിയിലും ഉപയോഗിക്കുവാനായി പലതരം ഗുളികകളുണ്ട്. ഉപയോഗരീതി ലേബലിൽ പരാമർശിച്ചി രിക്കും.

1. വായിൽ നിന്നുതന്നെ ആഗീരണം ചെയ്യപ്പെടുന്നവ

(Tablets for sublingual and Buccul Administration)

ഇത്തരം ഗുളികകളിൽ ചിലവ നാക്കിനടിയിൽ വയ്ക്കേണ്ടവയും (ഉദാ: നെഞ്ചുവേദനയ്ക്കുള്ള നൈട്രോ ഗ്ലിസറിൻ), ചിലവ മോണയ്ക്കും കവിളിനും ഇടയിൽ (Buccal Cavity) വയ്ക്കേണ്ടവയും ആണ്. ഇവ വിഴുങ്ങാനോ ചവയ്ക്കാനോ പാടില്ല. വായിലെ ശ്ലേഷ്മസ്തരത്തിലെ രക്തചംക്രമണം വഴി രക്തത്തി ലേക്ക് നേരിട്ടുള്ള ആഗീരണം സാധ്യമാകുമെന്നതു കൊണ്ട് വളരെ പെട്ടെന്ന് ഫലം ലഭിക്കുമെന്നതാണ് പ്രധാന നേട്ടം. മരുന്ന് ആഗീരണം ചെയ്തുതീരും വരെ ഭക്ഷണപാനീയങ്ങൾ കഴിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ട താണ്.

2. വായിലൂടെ ദഹനവ്യൂഹത്തിലെത്തി ആഗീരണം ചെയ്യപ്പെടുന്നവ

(a) ചവച്ചു കഴിക്കേണ്ടവ (Chewable Tablets)

ചില വൈറ്റമിനുകൾ (വൈറ്റമിൻ സി), വയറ്റിലെ അസിഡിറ്റിക്കെതിരെയുള്ള അന്റാസിഡ് (ജലൂസിൻ ഗുളികകൾ), ചില ആന്റിബയോട്ടിക്കുകൾ എന്നിവ ഉദാഹരണ ങ്ങളാണ്. ഗുളികകൾ വിഴുങ്ങാൻ കുട്ടികൾക്കും വളരെ പ്രായം ചെന്നവർക്കും ബുദ്ധിമുട്ടാണെന്നതുകൊണ്ട് അവർക്കായിട്ടാണ് ഇവ ഇപ്രകാരം രൂപകൽപ്പന ചെയ്യപ്പെടുന്നത്.

(b) വെള്ളത്തിൽ അലിയിച്ച് കഴിക്കേണ്ടവ (Effervescent / Dispersible Tablets)

വെള്ളവുമായി സമ്പർക്കത്തിലേർപ്പെടുമ്പോൾ കാർബൺ ഡയോക്സൈഡ് വാതകം പുറത്തേക്ക് വിടുന്നവയാണ് ▶▶


5th Death Anniversary, 03-07-2010

*In everloging Memory of*



REENA SAJI

*Inserted by:*

Fr. Saji Yohannan, Tresa & Santrah

Kripamangalam House, Kaipattoor

Yohannan Joy & Family- Njarakathil, Kaipattoor

K. V. Chandy & Family- Karukayil, Edathua


## ക്യാപ്സൂൾ



**ക്യാപ്സൂളുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള മിക്ക മരുന്നുകളും വായിൽ അരുചിയും അസ്വസ്ഥതയും ഉണ്ടാക്കുന്നവയാണ്. അതുകൊണ്ട് കട്ടിയുള്ളതും രണ്ടായി വേർപെടുത്താവുന്നതുമായ ക്യാപ്സൂളു കൾ പൊട്ടിച്ചുപയോഗിക്കാനോ ചവച്ചുകഴിക്കാനോ പാടില്ല. പൊട്ടിച്ചശേഷം അതിനുള്ളിലെ മരുന്ന് വെള്ളത്തിലും മറ്റും കലർത്തി ഉപയോഗിക്കുന്നതും ഒഴിവാക്കണം. ചില മരുന്നുകൾ വെള്ളത്തിൽ ലയിക്കില്ല. അതുകൊണ്ട് വേണ്ടത്ര അളവ് ശരീരത്തിലെത്തുകയില്ല. ക്യാപ്സൂളിന്റെ ഷെല്ലിൽ 12–16% വരെ ജലാംശം നിലനിൽക്കുന്നുണ്ട്. അതുകൊണ്ട് വളരെ ചൂടുള്ള സ്ഥലങ്ങളിൽ (അടുക്കള, വാഹനങ്ങൾ) ഇവ സൂക്ഷിക്കരുത്. ജലാംശം കുറഞ്ഞുപോകുകയും, രൂപത്തിലും ഘടനയിലും മാറ്റം വരുകയും, ചെയ്യുമെന്നതു കൊണ്ടാണ് ഇങ്ങനെ നിർദ്ദേശിക്കുന്നത്. ഇവ ഗ്ലാസ് ജാറുകളിൽ ഇട്ട്, മുറുക്കി അടച്ച്, പൊടിയിൽ നിന്നും അന്തരീക്ഷ സാന്ദ്രതയിൽ നിന്നും സംരക്ഷിച്ച് സൂക്ഷിക്കണം.** ■

ഇത്തരം ഗുളികകൾ. മരുന്നിന്റെ ലേബലിൽ ഇവ വെള്ളത്തിലിട്ട് ഉപയോഗിക്കുന്നതിനെപ്പറ്റി നിർദ്ദേശിച്ചിരിക്കും. ഡിസ്പിരിൻ എന്ന പേരോടു കൂടിയ ആസ്പിരിൻ ഗുളികകൾ ഇത്തരം ഗുളികകൾക്ക് ഉദാഹരണമാണ്. വയറ്റിലെ ശ്ലേഷ്മസ്തരത്തെ അസ്വസ്ഥതപ്പെടുത്തുമെന്നത് ആസ്പിരിൻ ഗുളികയുടെ അനുബന്ധ പ്രശ്നമാണ്. ദീർഘകാല ഉപയോഗം അൾസറിലേക്കെത്താനും സാദ്ധ്യതകളേറെയാണ്. അതുകൊണ്ട് ആമാശയത്തിൽ പറ്റിപ്പിടിച്ചിരിക്കാതെ പെട്ടെന്ന് ആഗീരണം നടക്കാനാണ് ഇവ ഇപ്രകാരം രൂപകൽപ്പന ചെയ്യപ്പെട്ടിരിക്കുന്നത്. നിർദ്ദേശപ്രകാരം ഉപയോഗിച്ചാലേ ഉദ്ദേശിക്കുന്ന ഫലം കിട്ടുകയുള്ളൂ.

(c) വിഴുങ്ങേണ്ട ഗുളികകൾ (Tablets to be swallowed).

പുറമെ ആവരണം ഉള്ളവ (coated tablets) യെന്നും ആവരണം ഇല്ലാത്തവ (plain tablets/compressed tablets) യെന്നും പൊതുവെ ഇവയെ തരംതിരിച്ചിട്ടുണ്ട്. ആവരണമില്ലാത്ത ചില ഗുളികകളുടെ നടുക്ക് ഒരു വിഭജനരേഖ കാണാം. ഇത്തരം ഗുളികൾ (scored tablets) മാത്രമേ പൊട്ടിച്ചുപയോഗിക്കുവാൻ പാടുള്ളൂ.

ആവരണമുള്ള ഗുളികകൾ പലതരം പ്രയോജനങ്ങൾക്കായാണ് അപ്രകാരം രൂപകൽപ്പന ചെയ്യപ്പെടുന്നത്. അതുകൊണ്ട് അവ പൊട്ടിച്ചുപയോഗിക്കാൻ പാടില്ല.

ഗുളികയോ ക്യാപ്സൂളോ വിഴുങ്ങേണ്ടവയാണെങ്കിൽ കഴിക്കേണ്ട വിധം

1. കൈ വൃത്തിയായി കഴുകിയതിനുശേഷം മാത്രമേ മരുന്ന് എടുക്കാവൂ

2. നേരെ ഇരുന്നുകൊണ്ടോ നിന്നുകൊണ്ടോ വേണം കഴിക്കേണ്ടത്.

3. കൂടെ ഉപയോഗിക്കുന്നത് തിളപ്പിച്ചാറിയ വെള്ളമാകുന്നതാണ് നല്ലത്.

4. ചൂടുള്ള ചായ, കാപ്പി പോലുള്ള പാനീയങ്ങൾ കഴിവതും ഒഴിവാക്കണം. (പഴച്ചാറുകൾ, ചായ, കാപ്പി, മറ്റു ശീതളപാനീയങ്ങൾ എന്നിവ ചില മരുന്നുകളുമായി പ്രതിപ്രവർത്തനത്തിലേർപ്പെടാനിടയുണ്ട്).

5. 40°ഇ –ൽ കൂടിയ ചൂട് മരുന്നുകളുടെ സ്ഥിരതയെ ബാധിക്കും.

6. ഒരു ഗ്ലാസ്സ് വെള്ളം മുഴുവനും മരുന്നിനൊപ്പം ചേർന്നാലേ മരുന്നിന് സുഗമമായി വയറ്റിലെത്തുന്നതിനും പ്രവർത്തിക്കുന്നതിനും സാധിക്കൂ.

7. വളരെ കുറഞ്ഞ അളവിലുള്ള വെള്ളത്തിന്റെ അളവ് അന്നനാളത്തിലെവിടെയെങ്കിലും മരുന്ന് പറ്റിപ്പിടിച്ചിരിക്കാൻ ഇടയാക്കും. അങ്ങനെയായാൽ ആ ഭാഗത്ത് വൃണങ്ങൾ (ulcer) ഉണ്ടാകാനും സാദ്ധ്യതകളേറെയാണ്.

8. രണ്ടുമൂന്ന് കവിൾ വെള്ളം ആദ്യം കുടിച്ചതിനുശേഷം നാക്കിന് പുറകിലായി മരുന്ന് വയ്ക്കുക. തുടർന്ന് ബാക്കിയുള്ള വെള്ളം കുടിക്കുക എന്നതാണ് വിഴുങ്ങുവാനുള്ള മരുന്ന് കഴിക്കേണ്ട ശരിയായ രീതി.

**ഓർമ്മിക്കാൻ**

1. ഗുളികയോ ക്യാപ്സൂളോ പൊട്ടിക്കാമോ എന്ന് ഡോക്ടറോടോ ഫാർമസിസ്റ്റിനോടോ ചോദിച്ചറിയണം.

2. വായിലൂടെ മാത്രമല്ല രോഗിക്ക് സ്വന്തമായി ഉപയോഗിക്കാനായി മരുന്ന് കുറിക്കുന്നത്. അതിനെപ്പറ്റി ലേബലുകൾ ശ്രദ്ധിച്ച് വായിച്ചറിയുകയോ സംശയങ്ങൾ ദൂരീകരിക്കുകയോ ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്.

3. കൊച്ചുകുട്ടികളും വളരെ പ്രായമായവരും സ്വയം ഇത്തരം മരുന്നുകൾ മരുന്നെടുത്തുപയോഗിക്കാൻ അനുവദിക്കാതിരിക്കുന്നതാണ് നല്ലത്.

4. മരുന്ന് വിഴുങ്ങേണ്ടവയാണെങ്കിൽ ഒരു ഗ്ലാസ്സ് തിളപ്പിച്ചാറിയ വെള്ളം കൂടെ ഉപയോഗിക്കുന്നതാണ് നല്ലത്. ■

## ക്യാപ്സൂൾ



വായിലൂടെ കഴിക്കുവാനല്ലാതെ മറ്റു മാർഗ്ഗങ്ങളിലൂടെയുള്ള ഉപയോഗത്തിനായി ക്യാപ്സൂളുകൾ രൂപകൽപ്പന ചെയ്യപ്പെടാറുണ്ട്. ജലദോഷം ഉള്ള സമയത്ത് ചൂടുവെള്ളത്തിൽ പൊട്ടിച്ചിട്ട് ആവി പിടിക്കേണ്ട ക്യാപ്സൂളുകൾ ഒരു ഉദാഹരണമാണ്. ഇവ മൃദുവായവ (Soft Gelatin Capsules) എന്ന വിഭാഗത്തിൽ പ്പെടുന്നു. ആസ്മയ്ക്കെതിരെ പ്രവർത്തിക്കുന്ന സാൽബ്യൂട്ടമോൾ റോട്ടാക്യാപ്സ് (Salbutamol rotacaps) ആണ് മറ്റൊന്ന്. കട്ടിയുള്ളവ (Hard Gelatin Capsules) എന്നവിഭാഗതത്തിൽപ്പെടുന്ന ഇവ റോട്ടാഹെയ്ലർ എന്ന ഉപകരണത്തിൽ വച്ച് പൊട്ടിച്ചശേഷം, ഉപകരണത്തിലേക്ക് ചിതറിവീഴുന്ന പൊടിരൂപത്തിലുള്ള മരുന്ന്, വായിലൂടെ ശ്വാസത്തോടൊപ്പം ഉള്ളിലേക്ക് വലിച്ചുപയോഗിക്കാനുള്ളതാണ്; വിഴുങ്ങാനുള്ളതല്ല. മരുന്നിന്റെ കവറിനുപുറത്ത് ഉപയോഗരീതിയെപ്പറ്റി ഇങ്ങനെ നിർദ്ദേശിച്ചിരിക്കും. Caution : Capsules are intended for use through Rotahaler only and are not to be swallowed.

*അമൃത സ്ക്കൂൾ ഓഫ് ഫാർമസിയിൽ (AIMS) അസി. പ്രൊഫസറാണ് ലേഖിക.* ■

ഒ. തോമസച്ചൻ

Sunday School



# സൺഡേസ്കൂൾ വാർത്തകൾ

**പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി**

അടുത്ത 5 വർഷത്തേക്കുള്ള എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മീറ്റിംഗ് ജൂൺ 11, 12 തീയതികളിലായി, പി.എം.ജി. കോൺഫറൻസ് സെന്ററിൽ നടന്നു. ട്രഷറാറായി സന്തോഷ് ബേബിയെയും, ഒ.വി.ബി.എസ്. സെക്രട്ടറിയായി ഡോ. ഐപ്പ് വർഗീസിനെയും തെരഞ്ഞെടുത്തു. വിവിധ കമ്മറ്റികളിൽ പ്രവർത്തിച്ചവരെയും കഴിഞ്ഞ 12 വർഷമായി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയവരെയും സ്മരിക്കുന്നു. പുതിയ ഭാരവാഹികൾക്ക് ആശംസകൾ.

**സ്തുത്യർഹമായ മാതൃക**

27 ദീർഘവർഷങ്ങൾ ആത്മാർത്ഥമായി അങ്കമാലി ഭദ്രാസനത്തിന്റെ ഡയറക്ടറായി സേവനം അനുഷ്ഠിച്ച വന്ദ്യരായ എം.വി. പൗലൂസ് അച്ചൻ തൽസ്ഥാനം ഒഴിയുകയുണ്ടായി. 27 വർഷത്തെ സേവനത്തെ സ്മരിച്ചു 27,000 രൂപയുടെ ഒരു സ്ഥിരനിക്ഷേപം ഏർപ്പെടുത്തി അതിന്റെ പലിശ അങ്കമാലി ഭദ്രാസനത്തിലെ X, XII ക്ലാസ്സുകളിൽ റാങ്കു നേടുന്നവർക്ക് സമ്മാനമായി നൽകുവാനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. ബഹു. അച്ചന്റെ ദീർഘനാളത്തെ സ്തുത്യർഹമായ സേവനത്തെയും, സ്ഥാനമൊഴിഞ്ഞപ്പോൾ കാട്ടിയ അസാധാരണമായ മാതൃകയേയും പ്രത്യേകം ശ്ലാഘിക്കുന്നു.

**അർദ്ധവാർഷിക പരീക്ഷ**

ജൂലൈ 18നാണല്ലോ. അതിനകം തീർക്കേണ്ട പാഠങ്ങൾ പഠിപ്പിച്ചു തീർക്കുന്നതിനും കുട്ടികൾ എല്ലാവരും താല്പര്യപൂർവ്വം പരീക്ഷ എഴുതുന്നതിനും അദ്ധ്യാപകർ ശ്രദ്ധ വെക്കുകയും, പ്രോത്സാഹനം നൽകുകയും വേണം.

**പി.എം.ജി. സെന്ററിനുവേണ്ടിയുള്ള ബോണ്ടുകൾ**

ഒരു കോൺഫറൻസ് സെന്ററായി അതിനെ ഉയർത്തുവാൻ അത്യാവശ്യം ചില പണികൾ അവിടെ പൂർത്തിയാക്കാനുണ്ട്. എല്ലാവരും ആത്മാർത്ഥമായി ശ്രമിച്ചിരുന്നുവെങ്കിൽ ആവശ്യത്തിന് തുക ഇതിനോടകം ബോണ്ടുകളിൽ കൂടി സമാഹരിക്കാമായിരുന്നു. എക്സിക്യൂട്ടീവ് കമ്മറ്റി അതേപ്പറ്റി വീണ്ടും ആലോചിക്കുകയും 10% പലിശയ്ക്ക് ബോണ്ടുകൾ നൽകി ആവശ്യത്തിന് തുക സമാഹരിക്കണമെന്ന് നിശ്ചയിക്കുകയും ചെയ്തു. ഏകദേശം 12 ലക്ഷം രൂപാ വിവിധ ഭദ്രാസനങ്ങളിൽ നിന്നായി ശേഖരിക്കാമെന്ന് ഭാരവാഹികൾ നൽകിയ വാഗ്ദാനം നിറവേറ്റുവാൻ ആത്മാർത്ഥമായി ഏവരും ശ്രമിക്കണം. അഖിലമലങ്കര അടിസ്ഥാനത്തിൽ അദ്ധ്യാപക പരിശീലനം ആദ്യകാലങ്ങളിൽ നടന്നുവന്നതു ഈ വർഷം തന്നെ പുനരാരംഭിക്കണമെന്ന് ഏവർക്കും ആഗ്രഹമുണ്ട്. പി.എം.ജി. സെന്ററിന്റെ വികസനം പ്രസ്ഥാനത്തിന്റെ വളർച്ചയുടെ നാന്ദിയാകേണ്ടിയിരിക്കുന്നു.

**O.K.R. ഭാരവാഹികൾ**

ഒട്ട്സൈഡ് കേരളാ റീജിയൻ ആദ്യ ഡയറക്ടറായിരുന്ന ബഹു. ഡോ. റജി മാത്യു അച്ചനോടും O.K.R. O.V.B.S. ഡയറക്ടറായിരുന്ന ഡോ. ഐപ്പ് വർഗീസിനോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. O.K.R. ഡയറക്ടറായി നിയമിതനായിരിക്കുന്ന നാഗ്പൂർ സെമിനാരി അദ്ധ്യാപകൻ ഡോ. കെ. ഗീവർഗീസ് അച്ചനെ സന്തോഷ പൂർവ്വം സ്വാഗതം ചെയ്യുന്നു.

"കുഞ്ഞുങ്ങളെ എന്റെ അടുക്കൽ വരുവാൻ തടയരുത്" എന്നു കല്പിച്ച കർത്താവ് എത്ര കരുതലാണ് പൈതങ്ങൾക്ക് നൽകിയത്. അതേ ആത്മാവിൽ നമ്മുടെ ശുശ്രൂഷ തുടരുവാൻ എല്ലാവർക്കും കൃപലഭിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ■


**പള്ളികൾ മനോഹരമാക്കൂ**

കയർ, വിനയൽ, സിന്തറ്റിക്, കാർപ്പറ്റ് എന്നിവ ഉപയോഗിച്ച് ഞങ്ങൾ നേരിട്ട് എത്തി വർക്കുകൾ ഏറ്റെടുത്തു ചെയ്യുന്നു.

പള്ളികളിൽ, വീടുകളിൽ, ഓഫീസ് അകത്തളങ്ങൾ... എവിടെയും, നിങ്ങളുടെ വർക്കുകൾ, ചെറുതോ വലുതോ ആകട്ടെ, ഷോറൂം സന്ദർശിക്കുമല്ലോ?
അന്വേഷണങ്ങൾക്ക് സദയം വിളിക്കുക.

ഫോൺ: 0481-2571126, 2574183
0484-3292390 മൊബൈൽ: 9447259003

**എം.എ. കയർ ഹൗസ്**

ജി-മാർട്ടിനു സമീപം
കഞ്ഞിക്കുഴി, കോട്ടയം

**ST. MARY'S EMBROIDERY**

Palace Road, Changanacherry-686101, Kerala

Prop: SAJU CHACKO

✆ 0481-2425444,
Res. 2724224, 2727788
(Mob.) 9447136388

കാപ്പ, വിരിക്കൂട്ട്, ചിത്തോല, തിരശീല, മുതലായവ ഓർഡർ അനുസരിച്ചും റെഡിമെയ്ഡും ലഭ്യമാണ്.

വിദേശ തുണിയിൽ തയ്ച്ച കാപ്പ എല്ലാ കളറിലും റെഡിമെയ്ഡ് ലഭ്യമാണ്.

ഇന്ത്യയിൽ ഏതുഭാഗത്തും ഓർഡർ അനുസരിച്ച് ഞങ്ങൾ സാധനങ്ങൾ എത്തിച്ചു തരുന്നു

അജി വർഗീസ്, ബത്തേരി

ദൃഷ്ടി

# ഒരു മതനിരപേക്ഷ ചായ

'മുംബൈ മുംബൈ യ്ക്കാർക്കുമാത്രം'——ബാൽ താക്കറെ. 'തിരിച്ചറിയൽ കാർഡിനായി മുഖാവരണം മാറ്റി ഫോട്ടോയ്ക്ക് പോസുചെയ്യുന്നത് ഇസ്ലാം മതവിശ്വാസത്തിനെതിര്'——അജ്മൽഖാൻ എന്ന മുസ്ലീംവോട്ടർ തിരഞ്ഞെടുപ്പു കമ്മീഷന്റെ നിലപാടിനെ മദ്രാസ് ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. 'ക്രിസ്ത്യാനികളുടെ മക്കൾ ക്രൈസ്തവവിദ്യാലയങ്ങളിൽ പഠിക്കുന്നതാണ് ഉത്തമം': മാർ പൗവ്വത്തിൽ.

II

ഇപ്പോൾ നാം കണ്ടുകൊണ്ടിരിക്കുന്നത് അതിസുന്ദര ഇന്ത്യൻ മതേതരത്വ കാഴ്ചകൾ....!

ബ്രാഹ്മണ, നായർ, ഈഴവ, പട്ടികജാതി, പട്ടികവർഗ, ആശാരി, മൂശാരി, നമ്പ്യാർ, മേനോൻ.... പള്ളിക്കൂടങ്ങൾ, ആശുപത്രികൾ, ബാറുകൾ, സൂപ്പർമാർക്കറ്റുകൾ, ഓർത്തഡോക്സ്, പാത്രിയർക്കീസ്, കത്തോലിക്ക, മർത്തോമ്മാ, ബ്രദറൺ പെന്തിക്കോസ്ത് (ഫുൾ, ഹാഫ്, ക്വാർട്ടർ, പെഗ്... ഗോസ്പൽ), കോളജുകൾ, സ്വർണ്ണക്കടകൾ, ഹോസ്പിറ്റലുകൾ, ബ്ലേഡ് ബാങ്കുകൾ..

ഇസ്ലാം.... സുന്നി, ഷിയ, ജമായത്തി, മുജാഹിദ്, എ.പി., വി.പി. ഇറച്ചിക്കടകൾ, ബസ്സുകൾ, ഹോട്ടലുകൾ, തുണിക്കടകൾ....

കോൺഗ്രസ്സുകാർ ഹിന്ദി




മാത്രം സംസാരിക്കുന്നു!

മാർക്സിറ്റുകൾ ജർമ്മൻ ഉപരോധങ്ങളും പ്രസംഗങ്ങളും!

ബി.ജെ.പി.ക്കാർ അമ്പും വില്ലും മാത്രം ആയുധങ്ങളാക്കി ബന്ദ് നടത്തുന്നു.

ഹിന്ദു കണ്ടുപിടിച്ച പൂജ്യം മുസ്ലീമുകൾ ഉപയോഗിക്കുന്നില്ല. ചാൾസ് ബാബേജ് കണ്ടുപിടിച്ച കമ്പ്യൂട്ടർ ഹിന്ദുക്കൾക്ക് വേണ്ട.

അബ്ദുൾ കലാം പറഞ്ഞതുകൊണ്ട് ക്രിസ്ത്യാനികൾ സ്വപ്നം കാണുന്നില്ല....

III

ഇന്ത്യാമഹാരാജ്യത്തിലെ ഒരു ചെറിയ ഉൾനാടൻ ഗ്രാമം. അവിടുത്തെ രണ്ടു സാമുദായിക പ്രമാണിമാർ രാമൻനായരും, അബ്ദുള്ള ഹാജിയും. ഗ്രാമത്തിൽ രണ്ടു പ്രധാന ചായക്കടകൾ, അലിയാരുടെ ന്യൂമദീനയും. കേശവൻ നായരുടെ ഭഗവതി വിലാസവും. ഹാജിയാർ മദീനയിൽനിന്നും രാമൻനായർ ഭഗവതി വിലാസം ടീ സ്റ്റാളിൽനിന്നും പതിവായി ചായകുടിച്ചു സന്തോഷിച്ചു.

വൈകികിട്ടിയത്: ന്യൂ മദീന ഹോട്ടലിൽ ചായ 'അടിക്കുന്നവൻ (ടീ മേക്കർ) ഗോവിന്ദൻകുട്ടിയും ഭഗവതി വിലാസത്തിലെ ചായക്കാരൻ അസൈനാരുമായിരുന്നു

മാർക്കറ്റിംഗ് ഫീച്ചർ

ബാബു പാറയ്ക്കൽ

# ന്യൂയോർക്ക് സെന്റ് ബേസിൽ ഇടവകയ്ക്ക് പുതിയ ദേവാലയം



അമേരിക്കയിലെ ഇന്ത്യൻ ഓർത്തഡോക്സ് സഭയുടെ പ്രമുഖ ദേവാലയങ്ങളിൽ ഒന്നായ ഫ്രാങ്ക്ളിൻ സ്ക്വയർ സെന്റ് ബേസിൽ ഓർത്തഡോക്സ് ദേവാലയം പുനർനിർമ്മാണം പൂർത്തിയാക്കി ജൂൺ 11, 12 തീയതികളിൽ കൂദാശ നിർവഹിച്ചു.

ആത്മവ്യഥ അനുഭവിക്കുമ്പോൾ ഈ ദേവാലയത്തിൽ വന്ന് ബസേലിയോസ് പിതാവിനോടപേക്ഷിച്ചാൽ അനുഗ്രഹം ലഭിക്കുമെന്ന് അനുഭവത്തിൽനിന്നും സാക്ഷിക്കുന്നവർ വളരെയാണ്. അമേരിക്കയിലെ തിരക്കേറിയ ജീവിതത്തിലും നീറുന്ന മനസ്സുകൾക്ക് ആശ്വാസം കണ്ടെത്തുവാൻ ഈ ദേവാലയത്തിൽ വരുവാനും പ്രാർത്ഥിക്കുവാനും പലരും പ്രത്യേകം സമയം കണ്ടെത്തുന്നു. ഭക്തിനിർഭരമായ ആരാധന ഈ ദേവാലയത്തിന്റെ മറ്റൊരു പ്രത്യേകതയാണ്. ഇടവകാംഗങ്ങളിലെ അനുഗ്രഹീതരായ ഗായകരുൾപ്പെട്ട ഗായകസംഘത്തോടൊപ്പം മറ്റുള്ളവരും ഒന്നിച്ചുചേർന്ന് ശ്രുതിമധുരമായി ആലപിക്കുന്ന ഗാനങ്ങളുടെ അകമ്പടിയോടെ, സ്വരമാധുരികൊണ്ടും ഭക്തിനിർഭരമായ പ്രാർത്ഥനാശൈലികൊണ്ടും അനുഗ്രഹീതനായ വികാരി ഫാ. തോമസ് പോൾ (ജോൺസൺ അച്ചൻ) അർപ്പിക്കുന്ന ദിവ്യബലി ആത്മീയ നിറവിൽ ആരാധന കാംക്ഷിക്കുന്ന വിശ്വാസികളെ സ്വർഗ്ഗീയമായ അനുഭൂതിയിലേക്കുയർത്തുന്നു. എല്ലാ ദിവസവും സന്ധ്യാപ്രാർത്ഥനയുള്ള ഈ ദേവാലയത്തിൽ ബുധനാഴ്ചയും വെള്ളിയാഴ്ചയും മദ്ധ്യസ്ഥപ്രാർത്ഥന ▶▶



*പള്ളിക്കുൾവശം*

കളും നടത്തിവരുന്നു. 1990–ൽ ഫാ. പി.എസ്. സാമുവലിന്റെ (Very Rev. Dr. P.S. Samuel Corepiscopa) നേതൃത്വത്തിൽ ആരംഭിച്ച ഈ കൂട്ടായ്മ വിരലിൽ എണ്ണാൻമാത്രം ഏതാനും വീട്ടുകാരോടുകൂടിയാണ് തുടക്കമിട്ടത്. ആദ്യകാലങ്ങളിൽ ഗാർഡൻ സിറ്റിയിൽ എപ്പിസ്കോപ്പൽ സഭയുടെ ഒരു ചാപ്പലിലാണ് ആരാധന നടത്തിയിരുന്നത്. 1992–ലാണ് തോമസ് പോൾ അച്ചൻ വികാരിയായി നിയമിക്കപ്പെട്ടത്. 2001–ൽ ഫ്രാങ്ക്ളിൻ സ്ക്വയറിൽ സ്വന്തമായി പണികഴിപ്പിച്ച ദേവാലയത്തിലേക്ക് മാറിയതോടെ ഇടവകയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമായി. എല്ലാ ഞായറാഴ്ചയും രാവിലെ എട്ടുമണിക്ക് പ്രഭാത നമസ്കാരവും തുടർന്ന് വിശുദ്ധ കുർബ്ബാനയും അർപ്പിക്കുന്നു. സെപ്റ്റംബർ ആദ്യവാരം നടത്തുന്ന കൺവൻഷൻ സഭയിലെ പ്രഗല്ഭരായ പ്രഭാഷകരുടെ പ്രസംഗങ്ങളാൽ പ്രത്യേകം ശ്രദ്ധിക്കപ്പെടുന്നവയാണ്. പരിശുദ്ധ പരുമല തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിനോടനുബന്ധിച്ച് നവംബർ ആദ്യവാരം നടത്തുന്ന ഉപവാസപ്രാർത്ഥനയിൽ പങ്കുകൊണ്ട് അനുഗ്രഹം പ്രാപിച്ചു മടങ്ങുന്നവർ വളരെയാണ്.

ഈ ഇടവകയിലെ ആത്മീയസംഘടനകളെല്ലാം നല്ല രീതിയിൽ നടക്കുന്നു. സൺഡേ സ്കൂളിൽ സേവന സന്നദ്ധരായ അദ്ധ്യാപകർ വളരുന്ന തലമുറയെ വിശ്വാസത്തിൽ വാർത്തെടുത്ത് സഭയുടെ ഭാവിക്കു വാഗ്ദാനമേകുന്നു. അതുപോലെതന്നെ മർത്തമറിയം സമാജം, സ്റ്റുഡന്റ് മൂവ്മെന്റ് മുതലായവയും അർപ്പണമനോഭാവവും ചുറുചുറുക്കുമുള്ളവരാൽ നയിക്കപ്പെടുന്നു. അചഞ്ചലമായ വിശ്വാസത്തിന്റെയും കരുത്തുറ്റ പാരമ്പര്യത്തിന്റെയും പശ്ചാത്തലത്തിൽ വളർന്നു പന്തലിക്കുന്ന ഈ ഇടവകയിലെ കുടുംബാംഗങ്ങളെല്ലാം ഒരു വലിയ കൂട്ടുകുടുംബംപോലെയാണു പ്രവർത്തിക്കുന്നത്. ഇന്ന് ഈ ഇടവകയിൽ 82 കുടുംബങ്ങളിലായി 350–ൽ പരം അംഗങ്ങളുണ്ട്.

ദേവാലയത്തിൽ അംഗസംഖ്യ കൂടിവന്നതിനാൽ വിപുലമായ സൗകര്യങ്ങളോടുകൂടി ഈ ആരാധനാലയം പുതുക്കി പണിയണമെന്നു തീരുമാനിച്ചതനുസരിച്ച് 2008 നവംബർ 2–ാം തീയതി ഭദ്രാസനമെത്രാപ്പോലീത്താ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് പുതിയ ദേവാലയത്തിനു തറക്കല്ലിട്ടു. തുടർന്ന് ദേവാലയം നിർമ്മിതിക്കുവേണ്ടി അർപ്പണമനോഭാവത്തോടുകൂടി ഒരു ബിൽഡിംഗ് കമ്മിറ്റി നിർമ്മാണപ്രവർത്തനങ്ങൾക്കു മേൽനോട്ടം നല്കി അക്ഷീണം പ്രവർത്തിച്ചുപോന്നു. കൂട്ടായ യത്നത്തിന്റെ ഫലമായി മനോഹരമായി പണികഴിപ്പിച്ച ഈ ദേവാലയത്തിന്റെ കൂദാശ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസിന്റെയും സഹായ മെത്രാപ്പോലീത്താ അഭിവന്ദ്യ സഖറിയാസ് മാർ നിക്കോളോവോസിന്റെയും പ്രധാന കാർമ്മികത്വത്തിൽ നിർവ്വഹിക്കപ്പെട്ടു.

ചുരുങ്ങിയ കാലയളവുകൊണ്ട് ഈ ഇടവക ഇത്രയും വളരുവാൻ സാധിച്ചത് സർവ്വശക്തനായ ദൈവത്തിന്റെ കാരുണ്യംകൊണ്ടും ഇടവകക്കാരുടെ കൂട്ടായപ്രവർത്തനവുംകൊണ്ടുമാത്രമാണെന്ന് വികാരി ഫാ. തോമസ് പോൾ പറഞ്ഞു. ■

## ഗിവ്സൈറ്റ് പ്രോജക്ട് കാര്യമ്പാടി കണ്ണാശുപത്രി

**M.O.S.C. Medical Mission Eye Hospital, Kariambadi P.O., Pin-673 591, Wayanad, Kerala, India.**

MOSC മെഡിക്കൽ മിഷൻ കാര്യമ്പാടി കണ്ണാശുപത്രി 1986–ൽ ആരംഭിച്ചു. ഇപ്പോൾ ഒരു സൂപ്പർ സെപെഷ്യാലിറ്റി നേത്ര ചികിത്സാലയമായി സ്ഥാപനം വളർന്നു. പ്രസിഡണ്ടും രക്ഷാധികാരിയും പരിശുദ്ധ ദിദിമോസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമേനിയും വൈസ് പ്രസിഡണ്ട് അഭിവന്ദ്യ കുര്യാക്കോസ് മാർ ക്ലീമ്മീസ് തിരുമേനിയും ആണ്.

തിമിരം ബാധിച്ച് കാഴ്ച നഷ്ടപ്പെട്ട പാവപ്പെട്ട അന്ധർക്ക് സൗജന്യമായി ശസ്ത്രക്രിയ നടത്തി കണ്ണിനുള്ളിൽ ഇൻട്രാഒക്കുലർ ലെൻസ് വെച്ച് കാഴ്ച നല്കുന്നതിനാരംഭിച്ച പദ്ധതിയാണ് ഗിവ്സെറ്റ്. അതിനൂതന താക്കോൽ ദ്വാരശസ്ത്രക്രിയ വഴി ലെൻസ് കണ്ണിനുള്ളിൽ വയ്ക്കുന്നതിനാൽ തുന്നലിടേണ്ടതില്ല. അതുകൊണ്ടു അന്നുതന്നെ രോഗിക്ക് വീട്ടിലേക്കു പോകാനും തടസ്സമില്ല. ഈ ശസ്ത്രക്രിയക്ക് സ്വകാര്യ ആശുപത്രികളിൽ 10000 രൂപയിലേറെ ഫീസുവാങ്ങാറുണ്ട്. ഈ പദ്ധതി പ്രകാരം 4349 ശസ്ത്രക്രിയ ഇതിനകം ഇവിടെ നിന്നും സൗജന്യമായി നടത്തികൊടുത്തിട്ടുണ്ട്. 2007–2008 സാമ്പത്തിക വർഷത്തിൽ 1518790 രൂപയുടെ സൗജന്യ ചികിത്സ അർഹതപ്പെട്ടവർക്ക് നല്കുകയുണ്ടായി. സന്മനസ്സുള്ളവർ സഹായിക്കാൻ തയാറായതുകൊണ്ട് മാത്രമാണ് ഞങ്ങൾക്കിത്രയും ചെയ്യാൻ സാധിച്ചത്. തുടർന്നും സഹായം അഭ്യർത്ഥിക്കുന്നു. സഹായിച്ചവരെ നന്ദിയോടെ ദൈവസന്നിധിയിൽ ഓർക്കുന്നു.

ഈ പദ്ധതിയോട് താല്പര്യമുള്ള ആർക്കും അംഗങ്ങളാകാവുന്നതാണ്. ഒരു ശസ്ത്രക്രിയക്ക് 1000 രൂപ എന്ന നിരക്കിലാണ് സംഭാവനകൾ അയയ്ക്കേണ്ടത്. അതുപയോഗിച്ച് നിങ്ങളുടെ പേരിൽ പാവപ്പെട്ട ഒരന്ധന് ശസ്ത്രക്രിയ നടത്തി കാഴ്ച നൽകുന്നു. കാഴ്ച ലഭിച്ച വ്യക്തിയുടെ വിവരങ്ങൾ യഥാസമയം സംഭാവന നൽകിയവർക്ക് അയച്ചുകൊടുക്കുന്നു. ഇതേ രീതിയിൽ എത്ര രോഗികളെ വേണമെങ്കിലും സ്പോൺസർ ചെയ്യാവുന്നതാണ്. ജന്മദിനം, വിവാഹദിനം, വാങ്ങിപ്പോയവരുടെ ഓർമ്മദിനം, ആദ്യ ശമ്പളം കിട്ടുന്ന ദിനം, ജോലിയിൽ പ്രൊമോഷൻ ലഭിക്കുന്ന ദിനം, അതുപൊലെ മറ്റു വിശേഷാവസരങ്ങൾ വരുമ്പോഴൊക്കെയും ഓർമ്മ വയ്ക്കുക ഗിവ്സൈറ്റ് പദ്ധതി വഴി ഏതെങ്കിലും ഒരു പാവപ്പെട്ട അന്ധനു കാഴ്ച നല്കുന്ന കാര്യം.

വിദേശങ്ങളിൽനിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുന്നതിന് കേന്ദ്രസർക്കാരിന്റെ **F.C.R.A.** അനുവാദവും ഇൻകംടാക്സ് **80 G** ഇളവിനുള്ള അനുവാദവും ഈ സ്ഥാപനത്തിനു ലഭിച്ചിട്ടുണ്ട്.

നിങ്ങളുടെ സംഭാവനകൾ: ചെക്ക്/ഡി.ഡി./എം.ഒ. ആയി അയയ്ക്കേണ്ട അഡ്രസ്സ് : **Treasurer, Givesight Project, M.O.S.C. M.M. Eye Hospital, Kariambadi P.o., Pin-673591, Wayanad, Kerala, India** എന്നതാണ്.

ഫാദർ അബ്രഹാം മാത്യു എടേക്കാട്ട് (സെക്രട്ടറി ഗവേണിംഗ്ബോർഡ്)

## പാവന സ്മരണയ്ക്ക്



*Inserted by:*

കുഞ്ഞമ്മ സ്ക്കറിയ
&
ഫാമിലി,
തൈക്കൂട്ടത്തിൽ, ഓമല്ലൂർ

# ST. MARY'S COLLEGE,
## SULTHAN BATHERY

**Wayanad Dist. Kerala Pin 673592**

(NAAC accredited with B plus grade. Affiliated to the University of Calicut
Phone : 04936 220246
website: www.stmaryssby.org)

## WANTED

Applications are invited for the post of Lecturer in English under UGC Scale (leave vacandy under open merit)

Qualification and age: As prescribed by the University of Calicut/Govt. of Kerala/UGC.

apply in the prescribed form abaliable in the college office on payment of Rs. 100/- (Rs. 125/- by MO) to the Principal within30 days from the date of this advertisement.

Sd/-
Manager

## *For Favours Received*







Jacob A.G.,
Pooyappally

ഒരു വിശ്വാസി

## മലങ്കരസഭയുടെ ആദരാഞ്ജലികൾ



വ.ദി.ശ്രീ. എം. സി.
കുറിയാക്കോസ് റമ്പാൻ
പാത്താമുട്ടം
(ഓർമ്മ: ജൂലൈ 20)



ഫാ. റ്റി. വി. ജോർജ്ജ്
നെടുമാവ്
(ഓർമ്മ: ജൂലൈ 30)

## 40–ാം ചരമദിനം, (7–7–2010, ബുധൻ)

7–5–1925



29–5–2010

## ഫാ. സി. ജി. തോമസ് ചാന്ത്രാവിൽ

(ചാന്ത്രാവിൽ അച്ചൻ), 84 വയസ്സ്
ചാന്ത്രാവിൽ, ഇടവെട്ടം,
കാരുവേലിൽ പി.ഒ., കൊല്ലം

ഇടവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി യിൽ വി. കുർബ്ബാന ഉണ്ടായിരിക്കുന്നതാണ്.

സന്തപ്ത കുടുംബാംഗങ്ങൾ

ചരിത്രം

വർഗീസ് ജോൺ, തോട്ടപ്പുഴ

# ക്നാനായ ഭദ്രാസനത്തിന് 100 വയസ്

**ക്നാ**നായ സമുദായം മലങ്കര സുറിയാനി സഭയുടെ അവിഭാജ്യഘടകമാണ്. മലങ്കര സഭയിലെ മേൽപ്പട്ടക്കാരുടെ ഭരണത്തിലായിരുന്ന ഈ സമുദായത്തെ ഒരു പ്രത്യേക ഭദ്രാസനമാക്കിയിട്ട് ഇക്കൊല്ലം 100 വർഷം തികയുകയാണ്. സീറോ–മലബാർ കത്തോലിക്കാ റീത്തിൽ ഉൾപ്പെട്ട ക്നാനായക്കാർക്ക് പ്രത്യേകമായി 'കോട്ടയം വികാരിയത്ത്' അനുവദിച്ചത് 1911ലാണ്.

മലങ്കര സുറിയാനി സഭയിലെ നിർഭാഗ്യകരമായ കക്ഷിവഴക്ക് ആരംഭിക്കുന്നതിനു (1911) തൊട്ടുമുമ്പാണ് ക്നാനായ ഭദ്രാസനത്തിന്റെ രൂപീകരണം. സഭയിൽ ഭിന്നിപ്പുണ്ടായതിനു ശേഷം ക്നാനായ ഭദ്രാസനം ഏതാണ്ട് പൂർണമായി അന്നത്തെ ബാവാകക്ഷി(പാത്രിയർക്കീസ് പക്ഷം)യോടൊപ്പമാണ് നിലകൊണ്ടത്. പിന്നീട് ക്നാനായ ഭദ്രാസനവും ഏബ്രഹാം മാർ ക്ലീമീസ് മെത്രാപ്പോലീത്തായും യോജിച്ച മലങ്കര സഭയുടെ (1958 – 1975) ഭാഗമായിത്തീർന്നു.

പരിശുദ്ധ ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ മലങ്കര സന്ദർശന കാലത്ത് (1875 – 1877) ക്നാനായ സമുദായത്തിൽ നിന്ന് ഒരാളെ മേൽപ്പട്ടക്കാരനായി വാഴിക്കുന്നതിന് ആലോചിച്ചിരുന്നെങ്കിലും അതു നടപ്പായില്ല. സഭയെ ഏഴു ഭദ്രാസനങ്ങളായി വിഭജിച്ചപ്പോൾ അന്നുണ്ടായിരുന്ന എട്ടു ക്നാനായ പള്ളികൾ കൊച്ചി, അങ്കമാലി ഒഴികെയുള്ള അഞ്ചു ഭദ്രാസനങ്ങളിൽ ചേർക്കുകയാണുണ്ടായത്.

വെളിയനാട് മാർ സ്തേഫാനോസ് സഹദാ പള്ളിയിൽ 1882 ജനുവരി 20 (മകരം 8)ന് കൂടിയ യോഗം 'മലങ്കര യാക്കോബായ



*ഇടവഴീക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ*

സുറിയാനി ക്നാനായ കമ്മറ്റി' രൂപീകരിച്ചു. പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്താ രക്ഷാധികാരിയും കോട്ടയം ഭദ്രാസനത്തിന്റെ കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ പ്രസിഡന്റും ഇടവഴീക്കൽ ഇ. എം. ഫീലിപ്പോസ് സെക്രട്ടറിയുമായിരുന്നു. സമുദായത്തിന്റെ ഐക്യത്തിനും വളർച്ചയ്ക്കും വേണ്ടി ഈ കമ്മറ്റി പ്രവർത്തിച്ചു. ക്നാനായ കമ്മറ്റി 1910ൽ വികാരി ജനറൽ ഇടവഴീക്കൽ ഗീവർഗീസ് കശീശായെ മേൽപ്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. പാമ്പാക്കുട വലിയ പള്ളിയിൽ വച്ച് 1910 ആഗസ്റ്റ് 21 (ചിങ്ങം 8)ന് മാർ ഇഗ്നാത്തിയോസ് അബ്ദേദ് ആലോഹോ (അബ്ദള്ളാ) ദ്വിതീയൻ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തിനു റമ്പാൻ സ്ഥാനം നൽകി.

വടകര മാർ യൂഹാനോൻ മാംദാനാ പള്ളിയിൽ വച്ച് 1910 ആഗസ്റ്റ് 28 (സുറിയാനി കണക്കിന് ചിങ്ങം 15) ഞായറാഴ്ച വാങ്ങിപ്പു പെരുന്നാൾ ദിവസം പരിശുദ്ധ പാത്രിയർക്കീസ് ബാവാ "തെക്കുംഭാഗ യാക്കോബായ സുറിയാനിക്കാരുടെ പള്ളികൾ"ക്കുവേണ്ടി ഇടവഴീക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായെ വാഴിച്ചു. സ്ലീബാ മാർ ഒസ്താത്തിയോസ്, കുറ്റിക്കാട്ടിൽ പൗലോസ് മാർ അത്താനാസിയോസ് എന്നീ മെത്രാപ്പോലീത്താമാർ സഹകാർമ്മികരായിരുന്നു. മലങ്കര സഭയുടെ പൊതുവായ തെരഞ്ഞെടുപ്പോ അംഗീകാരമോ ഇല്ലാത്തതുകൊണ്ടും പാത്രിയർക്കീസുമായി അകന്നുകഴിയുകയായിരുന്നതു കൊണ്ടും അന്നത്തെ മലങ്കര മെത്രാപ്പോലീത്താ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് ആറാമൻ ഈ മേൽപ്പട്ടവാഴ്ചയിൽ സംബന്ധിച്ചിരുന്നില്ല.

കോട്ടയം വലിയ പള്ളിയിൽ വച്ച് 1910 സെപ്റ്റംബർ 13 ചൊവ്വാഴ്ച

മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെ സൂന്ത്രോണീസോ നടന്നു. 1911 സെപ്റ്റംബർ 3 (ചിങ്ങം 21)ന് എഴുതിയ സ്താത്തിക്കോൻ "ദൈവമാതാവായ വി. മർത്തമറിയാമിന്റെ കോട്ടയം വലിയ പള്ളിയിലും അതിനോട് ബന്ധപ്പെട്ട പള്ളികളിലും....." എന്നാണ് ആരംഭിക്കുന്നത്. ഈ സ്താത്തിക്കോൻ അനുസരിച്ച് താഴപ്പറയുന്ന 14 പള്ളികളുടെ ഭരണമാണ് അദ്ദേഹത്തെ ഏല്പിച്ചത്.

(1) കോട്ടയം വി. മർത്ത്മറിയം വലിയ പള്ളി, (2) രാമമംഗലം മാർ യാക്കോബ് ശ്ലീഹാ പള്ളി, (3) നീലംപേരൂർ മാർ ഗീവർഗീസ് സഹദാ പള്ളി, (4) പുതുശ്ശേരി മാർ ശിമവൂൻ ക്നോനാ പള്ളി, (5) ചിങ്ങവനം മാർ യൂഹാനോൻ മാംദോനാ പള്ളി, (6) ചിങ്ങവനം മാർ യൂഹാനോൻ മാംദോനാ പുത്തൻ പള്ളി, (7) വെളിയനാട് മാർ സ്തേപ്പാനോസ് സഹദാ പള്ളി, (8) മാന്നാർ വി. മർത്ത്മറിയം പള്ളി, (9) കല്ലിശ്ശേരി വി. മർത്ത്മറിയം പള്ളി, (10) ഇരവിപേരൂർ വി. മർത്ത്മറിയം പള്ളി, (11) കറ്റോട് വി. മർത്ത്മറിയം പള്ളി, (12) തുരുത്തിക്കാട് മാർ യൂഹാനോൻ ശ്ലീഹാ പള്ളി, (13) റാന്നി മാർ തോമ്മാ ശ്ലീഹാ വലിയ പള്ളി, (14) ഐത്തല മാർ കുറിയാക്കോസ് സഹദാ പള്ളി.


ക്നാനായ ഭദ്രാസന രൂപീകരണത്തിനു (1910) മുമ്പ് ആറു പള്ളികൾ (1, 3, 4, 5, 6, 7) കോട്ടയം ഭദ്രാസനത്തിലും നാലു പള്ളികൾ (8, 10, 11, 12) നിരണം ഭദ്രാസനത്തിലും മൂന്നു പള്ളികൾ (9, 13, 14) തുമ്പമൺ ഭദ്രാസനത്തിലും ഒരു പള്ളി (2) കണ്ടനാട് ഭദ്രാസനത്തിലുമായിരുന്നു. കല്ലിശ്ശേരി പള്ളി (9) ആദ്യം കൊല്ലം ഭദ്രാസനത്തിലായിരുന്നു. എട്ടു പള്ളികൾ (1, 2, 3, 4, 7, 9, 12, 13) 1876നു മുമ്പും ആറു പള്ളികൾ (5, 6, 8, 10, 11, 14) 1876–1910 കാലത്തും സ്ഥാപിച്ചവയാണ്. (ഇവ കൂടാതെ വെളിയനാട് സെന്റ് ജോർജ് മിഷ്യൻ പള്ളിയും (1897) സ്ഥാപിക്കപ്പെട്ടിട്ടുണ്ട്).

കോട്ടയം വലിയ (1550), കല്ലിശ്ശേരി (1580), റാന്നി വലിയ (1743) എന്നിവ ക്നാനായ ഭദ്രാസനത്തിലെ പുരാതന ദൈവാലയങ്ങളാണ്. മൂന്നു പതിറ്റാണ്ടു കാലം (1842 – 1871) കൊണ്ട് അഞ്ചു പള്ളികൾ കൂടി സ്ഥാപിതമായി.

ജറുസലേമിലെ മാർ മർക്കോസിന്റെ ദയറായിൽ വച്ച് 1926 ഒക്ടോബർ 24നു പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഒറ്റത്തൈയ്ക്കൽ തോമ്മാ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായെ ക്നാനായ ഭദ്രാസനത്തിന്റെ സഹായ മേൽപ്പട്ടക്കാരനായി വാഴിച്ചു. ഇടവഴീക്കൽ ഗീവർഗീസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ 1927 ജൂൺ 11നു കാലം ചെയ്തു; കോട്ടയം വലിയ പള്ളിയിൽ കബറടങ്ങി.

തുടർന്നു ഭദ്രാസനാധിപനായ തോമ്മാ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായ്ക്കു നൽകിയ സ്താത്തിക്കോനിൽ (1927 സെപ്റ്റംബർ 1 / ഓബ് 19) 19 പള്ളികളുടെ പട്ടിക കാണുന്നു. ചിങ്ങവനം മർത്ത്മറിയം ശാലേം പള്ളി, കുറിച്ചി മാർ ഇഗ്നാത്തിയോസ് നൂറോനോ പള്ളി, തുരുത്തി മാർ ഗീവർഗീസ് സഹദാ പള്ളി, കുന്നംകരി ദൈവമാതാവിന്റെ പള്ളി, തെങ്ങേലി ദൈവമാതാവിന്റെ പള്ളി എന്നിവയാണ് 1910 – 1927 കാലത്ത് സ്ഥാപിക്കപ്പെട്ട അഞ്ചു പള്ളികൾ.

ക്നാനായ ഭദ്രാസനത്തിന്റെ രൂപീകരണത്തെ സംബന്ധിച്ച് ഒരു ചെറു വിവരണം നൽകുക മാത്രമാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. അതുകൊണ്ട് ക്നാനായ ഭദ്രാസനത്തിന്റെ പിൽക്കാല ചരിത്രം ഒഴിവാക്കുന്നു. ■



# വചനാമൃതം

ഫാ. ഏബ്രഹാം തോമസ്

**11 ജൂലൈ 2010**

***പെന്തക്കോസ്തിക്കുശേഷം ഏഴാം ഞായർ***

***വി. മർക്കോസ് 3:20–30***

**വിലയിരുത്തലുകൾ**

മൂന്ന് വിഭാഗത്തിലുള്ളവരെ നാം ഇവിടെ കാണുന്നു. അവനിൽ നിന്നും കേൾക്കുവാനും, സൗഖ്യം പ്രാപിക്കുവാനുമായി തിങ്ങിക്കൂടുന്ന പുരുഷാരം, യെറുശലേമിൽ നിന്നു വന്ന ശാസ്ത്രിമാർ പിന്നെ അവന്റെ ചാർച്ചക്കാരും. മൂന്നു കൂട്ടരുടെയും ആഗമനോദ്ദേശവും, വിലയിരുത്തലുകളും വ്യത്യസ്തങ്ങളാണ്. ജനക്കൂട്ടത്തിന്റെ വിലയിരുത്തൽ സ്പഷ്ടമാകുന്നില്ലെങ്കിലും, മൂന്നാം അദ്ധ്യായം മൊത്തത്തിൽ പരിശോധിക്കുന്ന പക്ഷം, ജനം കൂട്ടായി ചേരുന്നതിന്റെ കാരണം നമ്മൾക്ക് മനസ്സിലാക്കാവുന്നതാണ്. അവന്റെ വാക്കുകൾ കേൾക്കുന്നതിനും, സൗഖ്യം ലഭിയ്ക്കുന്നതിനുമാണ് അവർ ഒത്തുചേരുന്നത്. അവന്റെ ബാല്യകാലം മുതൽ അവനെ പരിചയമുണ്ടായിരുന്നവർക്ക് – അവന്റെ ചാർച്ചക്കാർക്ക്, ഈ അത്ഭുതകാഴ്ചകളോ, അവനായി ജനം ആഗ്രഹിക്കുന്നതോ മനസ്സിലാകുന്നില്ല. എന്നാൽ ഒരുപക്ഷേ അവനെ സാധാരണത്വത്തോടെ കാണണം എന്ന നിഷ്ക്കളങ്കമായ ആഗ്രഹത്തോടെ ആയിരിക്കാം, അവനെ പിടിക്കുവാനായി അവർ വന്നത്. അവരുടെ വിലയിരുത്തൽ അവന് സമനില തെറ്റിപ്പോയി എന്നായിരുന്നു. മൂന്നാമത്തെക്കൂട്ടർ, ജ്ഞാനികളും അറിവുള്ളവരുമാണ്. അവർക്ക് ഒരുപക്ഷേ അവന്റെ മഹത്വം ബോധ്യപ്പെടുമായിരിക്കും. എന്നാൽ അസൂയയോ, അഹന്തയോ, ഒക്കെയാൽ അവർക്ക് ഒരിയ്ക്കലും അവനെ അംഗീകരിക്കുവാൻ കഴിയുന്നില്ല. പ്രാചീന ഗ്രീസിലെ പൈതഗോറിയൻ സന്യസ്ത സമൂഹത്തിൽ, പൈതഗോറസിന്റേതായ പഠിപ്പിക്കലുകളിൽ, ഉത്സവത്തിന് വന്നു ചേരുന്നവരെ മൂന്നായി തരംതിരിച്ചു കാണുന്നുണ്ട്. കൗതുകകാഴ്ചകൾ കാണുവാൻ ലളിതമാനസ്സരായി വരുന്നവർ, ക്രയവിക്രയം ചെയ്യുവാനും, സ്വന്തം കഴിവുകൾ പ്രകടിപ്പിക്കുവാനും വരുന്ന വേറൊരു കൂട്ടർ, മൂന്നാമതായി, കാണുന്നവയെ 'ദർശന'ങ്ങളാക്കി മാറ്റുവാൻ കഴിവുള്ള പൊരുൾതേടുന്നവരും. ഈ മൂന്നാം കൂട്ടരെയാണ് ഈ സമൂഹം ഏറ്റവും ശ്രേഷ്ഠദൗത്യം നിർവ്വഹിക്കുന്നവരായി കാണുന്നത്. ഈ സുവിശേഷഭാഗത്തെ മൂന്നാം വിഭാഗത്തിലുള്ളവരും, ശ്രേഷ്ഠരായ വ്യക്തികളും, സത്യം കാണുവാൻ പ്രാപ്തിയുള്ളവരുമാണ്, എന്നാൽ മുൻപിൽ വ്യക്തമായി കാണുന്ന നന്മയുടെ സ്വരൂപത്തെ അംഗീകരി



ക്കുവാൻ അവർക്ക് കഴിയുന്നില്ല. ഈ മൂന്നു കൂട്ടരും നമ്മുടെ ഓരോരുത്തരുടേയും ഉള്ളിൽ ഉണ്ട്.

'സത്യം കാണുവാനും, കണ്ടസത്യത്തെ അംഗീകരിക്കുവാനും ജീവിതത്തിൽ ഉൾക്കൊള്ളുവാനും നമ്മൾക്ക് കഴിയട്ടെ!

*"ബലവാനെ പിടിച്ചുകെട്ടുക"*

നമ്മെ കീഴ്പ്പെടുത്തുന്ന ധാരാളം സംഗതികൾ നമ്മുടെ ജീവിതത്തിൽ ഉണ്ട്. മരുഭൂമിയിലെ പിതാക്കന്മാർ പലരും തിന്മയുടെ ആൾരൂപത്തോടുള്ള പോരാട്ടത്തെ, ആക്ഷരികമായി വിശ്വാസിച്ചവർ ആയിരുന്നു. ആക്ഷരികമായ അർത്ഥത്തിൽ എടുത്താലും ഉപമാരൂപേണ എടുത്താലും നമ്മുടെ സാധാരണ ജീവിതത്തോട് ബന്ധമായുള്ള ഒരു സത്യം തന്നെയാണിത്!

അസൂയയോ, പകയോ, വൈരാഗ്യമോ, സ്ഥാനമോഹമോ, ആഗ്രഹങ്ങളോ, ദുശ്ശീലങ്ങളോ, ഒക്കെയായ "ബലവാന്മാർ" നമ്മെ കീഴ്പ്പെടുത്തുന്ന സന്ദർഭങ്ങൾ നമ്മുടെ ജീവിതത്തിൽ ധാരളമായി ഉണ്ടാകാം. ചാക്രികമായിവരുന്ന പ്രാർത്ഥനകളും, ആവർത്തിക്കപ്പെടുന്ന നമസ്കാരങ്ങളും ഒക്കെ, നമ്മെ, ഈ അധീശത്വത്തിൽ നിന്നും രക്ഷിക്കുവാനായുള്ളതാണ്

*പരിശുദ്ധാത്മാവാകുന്ന സത്യം*

പരിശുദ്ധാത്മാവിനോടുള്ള പാപം പൊറുക്കാവതല്ല എന്ന് കർത്താവ് ഓർമ്മിപ്പിയ്ക്കുന്നു (Vs. 29). അനുതാപഹൃദയം ഉണ്ടാവാത്തതും സ്പഷ്ടമായ സത്യത്തെ അംഗീകരിക്കുവാൻ കൂട്ടാക്കാത്തതും പരിശുദ്ധാത്മാവിനോടുള്ള ബോധപൂർവ്വമായ നിഷേധമാണ്. ദൈവിക മഹത്വത്തിന്റെ ശക്തി വെളിപ്പെട്ടിരിക്കുന്നു എന്ന് ബോദ്ധ്യപ്പെട്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നതും (മർക്കോ 2:12) മറ്റുമായ സംഭവം, ഇതേ സംഭവസ്ഥലത്തുതന്നെ (കഫർന്നഹൂമിൽ) വച്ച് നടന്നതാണ്. അവനെ വെളിപ്പെടുത്തുന്നത് പരിശുദ്ധാത്മാവാണ്. ആ സത്യത്തെ ബോധ്യപ്പെടുവാൻ കഴിവുള്ളവർ തന്നെ അത് ബോധ്യപ്പെട്ടിട്ടും അതിനെ അംഗീകരിക്കാതിരിക്കുമ്പോൾ, അത് പരിശുദ്ധാത്മാവിനോടുള്ള നിഷേധമാകുന്നു. നമ്മൾക്കുള്ളതെന്ന് നാം കരുതുന്ന സർവ്വമഹത്വത്തേക്കാളും സമുന്നതമായതാണ് നമ്മിലുള്ള പരിശുദ്ധാത്മസാന്നിദ്ധ്യമെന്ന് നിസ്സാമിലെ വി. ഗ്രിഗറി പഠിപ്പിക്കുന്നു. (Gregory, Outline Holy Spirit)

നമ്മിലുള്ള ദൈവസാന്നിദ്ധ്യം ഒരു ബോദ്ധ്യമായി നമ്മൾക്ക് ലഭിക്കുന്നത് പരിശുദ്ധാത്മ കൃപയാണ്. നമ്മൾക്ക് തിരിച്ചറിയാവുന്നതും, ഉത്തമബോധ്യമുള്ളതുമായ പല സത്യങ്ങളുടെ നേരേയും നമ്മൾ കണ്ണടയ്ക്കാറുണ്ട്. അവന്റെ സാന്നിദ്ധ്യം നമ്മൾക്ക് ബോധ്യമാക്കിതരുന്ന പരിശുദ്ധാത്മാവിൽ നമ്മൾക്ക് ശരണപ്പെടാം.

## 18 ജൂലൈ 2010

### പെന്തക്കോസ്തിക്കുശേഷം എട്ടാം ഞായർ

**വി. യോഹന്നാൻ 6:47-59**

**വിശ്വസിയ്ക്കുന്നവന് നിത്യജീവൻ**

സഭാപിതാക്കന്മാരും, സുന്നഹദോസുകളും ഏറെ ചർച്ച ചെയ്ത ഹുപ്പോസ്റ്റാസിസ് (Hypostasis) എന്ന പദം, ആത്മനിഷ്ഠമായ ഒരു സ്വാധീനവും ഇല്ലാതെ നില നിൽക്കുന്ന ഉണ്മയാണ്. ഈ ആന്തരികസത്ത എന്ന വാക്കുതന്നെയാണ് ഏബ്രായ ലേഖനകർത്താവ് വിശ്വാസത്തിന് നിർവ്വചനം കൊടുത്തപ്പോൾ (ഏബ്രാ. 11:1) "ഉറപ്പ്" എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. മുൻവിധികളൊന്നും സ്വാധീനിയ്ക്കാത്ത ഉണ്മയിലുള്ളത് എന്തെങ്കിലും ഉണ്ടെങ്കിൽ അതാണ് വിശ്വാസം. സംശയലേശമൊന്നുമില്ലാത്ത ഈ വിശ്വാസത്തിന്റെ ആഴത്തിൽ നാം നിത്യജീവനെ മനസ്സിലാക്കുന്നു. നമ്മുടെ ജീവിതഗതിവിഗതികളെയും വീക്ഷണത്തെയും മാറ്റി മറിയ്ക്കുവാൻ പ്രാപ്തമാണ് ഈ 'വിശ്വാസം. നമ്മുടെ ആവശ്യങ്ങളെയും, അവയുടെ പരിധിയേയും സമ്പൂർണ്ണമായും അവ രൂപാന്തരപ്പെടുത്തുകയും ചെയ്യും. പരിധികളിലല്ല നാം ആശ്രയിക്കുന്നത്. അപരിമിതമായതിലാകുന്നു.

"We believe in life before death" എന്നത് ഒരു ഇംഗ്ലീഷ് ആതുരസേവന സംഘടനയുടെ പരസ്യവാചകമാണ്. നാം നിത്യതയെ വിശ്വാസത്തിൽ ലക്ഷ്യമാക്കുന്നു എന്നതുകൊണ്ട് ഇഹലോകത്തെ ജീവിതം അപ്രധാനമാകുന്നു എന്ന് ഒരിക്കലും അതിന് അർത്ഥമില്ല. മാത്രമല്ല, അതിന്റെ വിപരീത അർത്ഥത്തിൽ, ഇഹലോകജീവിതത്തെ കൂടുതൽ മികവോടും മിഴിവോടും കാണുവാൻ ആ ലക്ഷ്യം നമ്മെ പ്രാപ്തരാക്കിതീർക്കുന്നു. സമയത്തിന്റെയും കാലത്തിന്റെയും പരിധിക്കുള്ളിലെ യാഥാർത്ഥ്യങ്ങളുടെ മുറിയിൽ നിത്യതയിലേക്ക് നോക്കിക്കാണുവാൻ നമ്മെ സഹായിക്കുന്ന ജാലകമാകുന്നു വിശ്വാസം. ഇവിടെയുള്ള ഇരുളിൽ നിത്യതയുടെ പ്രകാശം വന്നുപതിക്കുന്നത്, അതേ വിശ്വാസത്തിന്റെ ജാലകത്തിലൂടെയാകുന്നു. പ്രകാശമുള്ള മുറിയിൽ എല്ലാം ഒന്ന് ക്രമീകരിച്ചുവയ്ക്കുകയെന്നത് നമ്മുടെ സാമൂഹിക ദൗത്യവുമാകുന്നുവല്ലോ. അപ്രകാരം, ഇഹലോകജീവിതം, വിശ്വാസം, നിത്യജീവിതം ഇവയെല്ലാം പരസ്പരം ബന്ധപ്പെട്ടിരിയ്ക്കുന്നു.

**വിഭജിക്കപ്പെടുന്ന അപ്പം**

ക്ലീഷേ എന്ന് നമ്മൾക്ക് തോന്നാമെങ്കിലും, വിഭജിക്കപ്പെടുന്ന ഈ അപ്പത്തിന് ജീവിത യാഥാർത്ഥ്യങ്ങൾ വ്യത്യസ്തമെന്നതുപോലെ തന്നെ, പുതുമയുടെ വ്യത്യസ്തമായ സ്വാദുള്ളതാണ്. കർത്താവ് സ്വയം വിഭജിക്കപ്പെടുന്ന അപ്പമായി സ്വയമേ തന്നെ അവതരിപ്പിച്ചിരിക്കുന്നു. ആർത്തിയോടെ ശേഖരിക്കുകയും, കൂട്ടിവയ്ക്കുകയും മാത്രം ചെയ്യുന്ന ഒരു കാലഘട്ടത്തിൽ ലാഭേഛ ഒന്നുമില്ലാതെ സ്വയം വിഭജിക്കപ്പെടുന്നവൻ സമൂഹദൃഷ്ടിയിൽ ഭോഷനും, പ്രായോഗികമതിയല്ലാത്തവനും ആകുന്നു. 'വിഭജനം' അതിന്റെ എല്ലാ ദോഷങ്ങളോടെയും മനസ്സിലാക്കിയിട്ടുള്ളവരാണ് നമ്മൾ. സ്വന്തകാര്യലാഭങ്ങളും, സ്വാർത്ഥമോഹങ്ങളും ഒക്കെ വിഭജനത്തിലേക്ക് നയിക്കുന്നു. എന്നാൽ ഇവിടെ വിഭജിതമായ അപ്പം, സമൂഹമനസാക്ഷിയേയോ, ജനതതിയേയോ, അവന്റെ ശരീരമാകുന്ന സഭയേയോ, ദോഷകരമായ വിഭജനത്തിലേക്ക് നയിക്കുന്നതല്ല, മറിച്ച്, അതിന്റെയെല്ലാം വിപരീത അർത്ഥത്തിൽ, 'ഒരേ അപ്പത്തിന്റെ അംശികൾ' എന്ന നന്മയുടെ കൂട്ടായ്മ

യിലേക്കും അനുരഞ്ജനത്തിലേക്കും നയിക്കുന്നു. മാത്ര മല്ല, ത്യാഗത്തിന്റെയും, സർവ്വർക്കും സന്തോഷം നൽകി സ്വയം ഇല്ലാതെയാകുന്നതിന്റേയും ഉദാത്തമാതൃക അത് നമ്മൾക്ക് നൽകുന്നു. അത് "ലോകത്തിന്റെ ജീവ നുവേണ്ടി" (Vs. 51) അവൻ സ്വയം നൽകുന്നതാകു ന്നു.

**വിഭജനത്തിലും നിലനിൽക്കുന്ന പൂർണ്ണത**

വിഭജിക്കപ്പെടുന്ന ഓരോ അംശവും അതിന്റെ സ്വഭാവ ത്തിൽ, ഒരേ പൂർണ്ണതയിലുള്ളതാണ്. ഓരോ ചെറിയ അംശവും, അതിൽ തന്നെ പൂർണ്ണമാണ്. സഭയിൽ ഓരോ ചെറിയ ഇടവകയും 'കാതോലിക'മാണെന്നുള്ള ബോധ്യം ഇത് നമ്മൾക്ക് നൽകുന്നു. അതേ അർത്ഥ ത്തിൽ, അംശികളായ നാം ഓരോരുത്തരും, 'ദൈവമ ന്ദിര'മെന്ന നിലയിൽ സ്വഭാവപരമായി അവന്റെ പൂർണ്ണ തയുള്ളവരാകുന്നു. ഇത്തരത്തിൽ അവന്റെ സ്വഭാവ ത്തിന്റെ പൂർണ്ണസാധ്യത നമ്മിലുള്ളപ്പോൾ 'അപൂർണ്ണ മായ' നിസ്സാരതകൾക്കായി നാം കലഹിച്ച് നമ്മുടെ കാലം പാഴാക്കുന്നുത് എത്ര നിരർത്ഥകമാണ്?

## 25 ജൂലൈ 2010

**പെന്തക്കോസ്തിക്കുശേഷം ഒൻപതാം ഞായർ**

**വി. ലൂക്കോസ് 14:7–11**

**മൂല്യങ്ങളുടെ ബദൽ മാതൃകകൾ**

നാം പൊതുവിൽ പഠിച്ചുവച്ചിരിക്കുന്ന മാതൃകകളിൽ നിന്നും വിഭിന്നമായ ഒരു സംസ്കാരം കർത്താവ് വെളി പ്പെടുത്തുന്നു. 'മുഖ്യാസനങ്ങൾ'ക്കായുള്ള ബോധപൂർവ്വ മായ പരിശ്രമങ്ങൾ തിന്മയായി കണക്കാക്കാത്ത ഒരു കാലഘട്ടത്തിലാണ് നാം ജീവിയ്ക്കുന്നത്. മുൻനിരയ്ക്കാ യുള്ള സർവ്വസാധാരണമായ മത്സരത്തിൽ നിന്നും ഒഴി ഞ്ഞിരിക്കുന്നതിന് അധികം കെൽപ്പ് ആവശ്യമാണ്. അഹത്തെ തോൽപ്പിക്കുക എന്ന കടമ്പ മാത്രമല്ല, ധാരാ ളമായ ചോദ്യങ്ങൾക്ക് ഉത്തരവും നൽകേണ്ടിവരും.

കർത്താവ് ഇവിടെ അതിശ്രേഷ്ഠമായ ഒരു മാതൃക നൽകുകയാണ് – പിൻനിരക്കാരാകുക എന്ന്. നമ്മുടെ വിജയത്തിന്റെ നിർവ്വചനം തികച്ചും വ്യത്യസ്തമായിരി ക്കാം, പക്ഷേ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ പൊതു വിൽ സ്വീകരിക്കപ്പെട്ട വിജയമാതൃകയിൽ നിന്നും വിഭി ന്നമായി പ്രവര്ത്തിക്കുന്നതായിരിക്കും.

**നിസ്വാർത്ഥമായ എളിമ**

മുൻനിര ലഭിക്കുന്നതിനുള്ള വാഞ്ഛയുമായി പിൻനിര സ്വീകരിക്കുക എന്ന വ്യാഖ്യാനത്തിന്റെ ഒരു അപകട സാധ്യത ഈ സംഭവത്തിൽ ഒളിഞ്ഞിരിക്കുന്നു. എന്നാൽ കർത്താവ് സ്പഷ്ടമായും അനർഹമായത് എനിക്കവ കാശപ്പെട്ടതാണെന്ന ധാരണയിൽ അലങ്കാരമാക്കിമാ റ്റുന്നവരെ നോക്കിയാണ് ഈ ഉപദേശം നൽകുന്നത്. ബോധപൂർവ്വമായി എടുത്തണിയുന്ന വിനയം കാപട്യ മാണ്. സുവിശേഷഭാഗങ്ങളിൽ പലയിടത്തും കപടത നിശിതമായ ഭാഷയിൽ വിമർശിക്കപ്പെട്ടിട്ടുള്ളതുമാണ്.

'തന്നത്താൻ താഴ്ത്തുക' എന്നതിന് മൂലഭാഷയിൽ 'റ്റാപെയ്നൂ' എന്ന് ഗ്രീക്ക് ക്രീയാരൂപമാണ് ഉപയോഗി ച്ചിരിക്കുന്നത്. To behave in an unassuming manner (ഗർവ്വില്ലാതെ–താഴ്മയോടെ പെരുമാറുക) എന്ന് മാത്ര മല്ല ഈ പദത്തിന്റെ അർത്ഥം, To have a modest opinion of one's self (മിതവും വിനയപൂർവ്വവുമായ ഒരു സ്വയം ധാരണ) എന്നുകൂടി ഈ പദത്തിന് അർത്ഥമുണ്ട്.

**"ഇടം കൊടുക്കുക"** (Vs:9)

മറ്റുള്ളവർക്ക് 'ഇടം കൊടുക്കുക' എന്നത് ഏറ്റവും ശ്രേഷ്ഠമായ കർമ്മമാണ്. ഇനിയൊരാളെ ഉൾക്കൊള്ളു വാനും സ്വീകരിക്കുവാനുമുള്ള സന്മനസ്സാണിത്. അടു ത്തയാൾക്ക് അവകാശപ്പെട്ടതോ, അടുത്ത തലമുറയ്ക്ക് ആവശ്യമായിട്ടുള്ളതോ ഒക്കെ നാം കൈയ്യേറി നമ്മു ടേത് എന്നുകരുതി നാം ഉപയോഗിക്കുന്നുണ്ടാകാം. അവന്റെ സ്നേഹം നമ്മിൽ നിറയ്ക്കുമ്പോൾ, നമ്മുടെ 'ഇടം' ചുരുങ്ങുകയും നമ്മിലുള്ള അവന്റെ 'ഇടം' വള രുകയുയം ചെയ്യും. യോഹന്നാൻ സ്നാപകൻ ആഗ്ര ഹിച്ചതും അതുതന്നെയാണ്. – "അവൻ വളരണം, ഞാനോ കുറയണം" (യോഹ. 3:30)

## 1 ഓഗസ്റ്റ് 2010

**പെന്തക്കോസ്തിക്കുശേഷം പത്താം ഞായർ**

**വി. മത്തായി 18:1–14**

**സർവ്വരിലും അവനെ കാണുക**

ശിശുവിനെ കൈക്കൊള്ളുന്നവൻ അവനെ കൈകൊള്ളു ന്നു. (Vs:5) സാധാരണ അർത്ഥത്തിൽ 'പ്രയോജനം' ഒന്നും ചെയ്യാത്ത ഒരു സ്വീകരണമാണ് 'ശിശുവിനെ കൈകൊള്ളുന്നത്' . എല്ലാം അങ്ങോട്ടു കൊടുക്കേണ്ട അവസ്ഥ. എല്ലാറ്റിനും, സ്വീകരിക്കുന്ന നമ്മെ തന്നെ ആശ്ര യിക്കേണ്ട സഹാചര്യം. ഒരു കാര്യലാഭമോ സ്വാർത്ഥമോ ഹമോ ഒന്നും ഇല്ലാതെ ഇനിയൊരാളെ സ്വീകരിക്കുന്നത് അവനെ സ്വീകരിക്കുന്നതിന് തുല്യമാകുന്നു. നാം ഒരാളെ അംഗീകരിക്കുന്നതും സ്വീകരിക്കുന്നതും 'പ്രയോജനങ്ങൾ' നോക്കിയാണോ? ഒരു ശിശുവിന് നമ്മെ സ്വീകാര്യമാക്കി തീർക്കുന്നതിന്, ശിശുവോളം തന്നെ ഇറങ്ങി ചെല്ലേണ്ട തുണ്ട്. നാം പലപ്പോഴും 'സ്വീകരണ' കർമ്മങ്ങൾ നിർവ്വ ഹിക്കുന്നത് നമ്മുടെ നിലയിൽ നിന്നുകൊണ്ടുതന്നെയാ ണ്. അത് ശിശുക്കളെ ആകർഷിക്കുകയില്ല, മറിച്ച് ഭയപ്പെ ടുത്തി അകറ്റുകയേ ഉള്ളൂ. സ്വീകരിക്കപ്പെടേണ്ട ആളിനോ ളം, ഇറങ്ങിചെല്ലുമ്പോൾ മാത്രമാണ് യഥാർത്ഥ സ്വീക രണം സാധ്യമാവുക. 'മനുഷ്യാവതാരം' തന്നെയാണ് ഇതിന് ഏറ്റവും വലിയ ഉദാഹരണം.

ആരെയും നിസ്സാരരായി കാണുവാൻ നമ്മൾക്കവകാശ മില്ല. എല്ലാവരേയും ശ്രേഷ്ഠരായി കാണുവാനുള്ള ദൗത്യം നമ്മൾക്കുണ്ട് (ഫിലി. 2:3) (ഇതിന് ശ്രദ്ധേയ മായ ഒരു കാരണം കൂടി ഈ സുവിശേഷഭാഗത്ത് പറ യുന്നുണ്ട്, അതായത്, "അവരുടെ ദൂതന്മാർ സ്വർഗ്ഗസ്ഥ നായ എന്റെ പിതാവിന്റെ മുഖം എപ്പോഴും കാണുന്നു" (Vs:11) എന്ന്. 'കാവൽമാലാഖാ' സങ്കല്പം ഒരു പഠി പ്പിക്കലായി സഭ പൊതുവിൽ സ്വീകരിച്ചിട്ടില്ലെങ്കിലും, ദേശത്തിനും, സഭകൾക്കും, വ്യക്തികൾക്കും ഒക്കെ സംരക്ഷണം നൽകുന്ന ദൂതസാന്നിദ്ധ്യം പുതിയനിയമ സഭകളിൽ തന്നെ ഉണ്ടായിരുന്നതാണ്. ഉദാ. അപ്പോ. 12:15, വെളിപ്പാട് 1:20)

**ഇടർച്ചകൾ**

'സ്ക്കാൻഡലോൺ' എന്ന നാമപദമാണ് ഇടർച്ചയ്ക്ക്

# ബുദ്ധിമാൻ

ഫാ. തോമസ് പി.

BUDHIMAN




മൂലഭാഷയിൽ ഉപയോഗിച്ചിരിക്കുന്നത്. 'Trigger of a Trap' ആണിത്-ഏതുസമയവും സ്വതന്ത്രമാക്കാവുന്ന ഒരു കെണിയുടെ കാഞ്ചി. ഇത്തരത്തിലുള്ള അപകട സാന്നിദ്ധ്യമാണോ നമ്മൾ? വാക്കിനും പ്രവർത്തിക്കും ഒക്കെ, സ്വചരമായവസ്ഥയിൽ താളഭംഗങ്ങൾ സൃഷ്ടിക്കുവാൻ നമ്മൾക്ക് കഴിയും. പക്ഷേ നിസ്സാരമെന്ന് തോന്നാവുന്ന ഇത്തരത്തിലുള്ള ഇടപെടലുകൾ സൃഷ്ടിക്കുന്ന താളപ്പിഴകൾ അത്ര എളുപ്പത്തിൽ നമ്മെ കൊണ്ടു തന്നെ മാറ്റിയെടുക്കുവാൻ സാധിക്കുമെന്ന് വരുകയില്ല.

**നഷ്ടപ്പെടുന്ന കണ്ണികൾ**

നൂറിലൊന്ന് നിസ്സാരമെന്ന് നമ്മൾക്ക് തോന്നാം. എന്നാൽ ആ ഒന്നിന്റെ അഭാവം പൂർണ്ണമായിരുന്നതിനെ അപൂർണ്ണമാക്കുകയാണ്. യറുശലേമിലെ വി. കൂറിലോസ് നഷ്ടമായ ആട് മനുഷ്യകുലം തന്നെ എന്ന് വ്യാഖ്യാനിയ്ക്കുന്നു. നമ്മുടെയിടയിൽ നമ്മോടൊപ്പമുള്ളവർ അല്ലെങ്കിൽ നമ്മൾതന്നെയും 'നഷ്ടമായി'തീരുന്ന അനുഭവങ്ങൾ ധാരാളമാണ്. ദുശ്ശീലങ്ങൾ ആകാം, സ്നേഹരാഹിത്യമാകാം, പരസ്പരമമ്പേഷിക്കുവാനുള്ള മനസ്സില്ലാത്തതാകാം. ഇപ്രകാരം നമ്മൾതന്നെ നമ്മൾക്ക് നഷ്ടമായിപ്പോകുന്നുണ്ടാവാം. "നഷ്ടപ്പെട്ടു പോയവർ നീ മുഖാന്തരം തിരികെവന്ന് തിരുമുമ്പാകെ സമ്മേളിക്കുമാറാകണമേ" എന്ന് നമ്മുടെ സെദറായിൽ നാം പ്രാർത്ഥിക്കുന്നു. വി. കുർബ്ബാന, ഈ നൂറാടുകളും ഇടയനും ചേർന്ന പൂർണ്ണതയുടെ കൂട്ടായ്മയാകുന്നു. ■

## ഓർമ്മപ്പെരുന്നാൾ



പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ്
മലങ്കര മെത്രാപ്പോലീത്താ
ഓർമ്മ: ജൂലൈ 12
(പഴയ സെമിനാരി)



അലക്സിയോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്താ
ഓർമ്മ: ആഗസ്റ്റ് 6
(ബഥനി ആശ്രമം)



സഖറിയാസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ
ഓർമ്മ: ജൂലൈ 7
(പത്തനാപുരം ദയറ)



ഗീവർഗീസ് മാർ ദീയസ്ക്കോറോസ് മെത്രാപ്പോലീത്താ
ഓർമ്മ: ജൂലൈ 23
(ഹോളി ട്രിനിറ്റി ആശ്രമം)

# ST. MARY'S INDIAN ORTHODOX CATHEDRAL

**P.O.BOX 834, MANAMA, KINGDOM OF BAHRAIN**

## MARTH MARIAM VANITHA SAMAJAM

**ധനസഹായ അപേക്ഷകൾ ക്ഷണിക്കുന്നു**

ദൈവകൃപയാൽ അറേബ്യൻ ഗൾഫിലെ പ്രഥമ ദേവാലയമായ സെൻറ് മേരീസ് ഇന്ത്യൻ ഓർത്തഡോക്സ് കത്തീഡ്രലിലെ മർത്തമറിയം വനിതാസമാജത്തിൻെറ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ഓർത്തഡോക്സ് സഭയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരും സമർത്ഥരുമായ കുട്ടികളിൽ പ്രൊഫഷണൽ വിദ്യാഭ്യാസത്തിൻെറ മെറിറ്റ് ലിസ്റ്റിൽ വന്നിട്ടുള്ള ഒരു കുട്ടിക്ക് കോഴ്സ് മുഴുവനും പൂർത്തിയാക്കുന്നതിന് ആവശ്യമായ മുഴുവൻ വിദ്യാഭ്യാസ ഫീസും നൽകുവാൻ താൽപര്യപ്പെടുന്നു.

കൂടാതെ, സഭയിലെ അനാഥാലയങ്ങളിൽ നിന്ന് പ്രൊഫഷണൽ കോഴ്സിനു പഠിക്കുന്ന വിദ്യാർഥികൾക്ക്, ഒരു ഭദ്രാസനത്തിൽ ഒരു കുട്ടിക്ക് എന്നവിധം ഒരു വർഷത്തെ ഫീസ് നൽകുന്നതാണ്.

കൂടാതെ, സഭയിലെ അനാഥരും, വിധവകളുമായ സ്ത്രീകൾക്ക് ജീവിതമാർഗ്ഗത്തിനായി ഒരു നിശ്ചിത തുകക്കുള്ള ആടുമാടുകളെയോ, തയ്യൽമെഷീനോ വാങ്ങുന്നതിന് സഹായം നൽകുന്നതാണ്.

**അപേക്ഷയോടൊപ്പം താഴെപ്പറയുന്ന വിവരങ്ങൾ നിർബന്ധമായും ഉണ്ടായിരിക്കണം.**

1) അപേക്ഷകൻെറ പേര്, അഡ്രസ്, പിൻ കോഡ്
2) ടെലിഫോൺ നമ്പർ സ്വന്തമായതോ ഏറ്റവും അടുത്തുള്ളതോ
3) ഇടവക, ഭദ്രാസനം
4) വിദ്യാഭ്യാസ സഹായമെങ്കിൽ കോഴ്സിൻെറ പൂർണ്ണ വിവരം, സർട്ടിഫിക്കറ്റുകളുടെ കോപ്പി
5) കുടുംബാംഗങ്ങളുടെ പ്രതിമാസ വരുമാനം
6) റേഷൻ കാർഡിൻെറ കോപ്പി
7) ബാങ്കിൻെറ പേരും, അക്കൗണ്ടുള്ള ആളിൻെറ പേരും, നമ്പരും
8) വികാരിയച്ചൻെറ സാക്ഷിപത്രം

അപേക്ഷകൾ 2010 ആഗസ്റ്റ് 31 ന് മുൻപായി ബഹറിനിൽ ലഭിക്കത്തക്കവണ്ണം താഴെപ്പറയുന്ന വിലാസത്തിൽ അയക്കേണ്ടതാണ്.


The Secretary
Marth Mariam Vanitha Samajam
St. Mary's Indian Orthodox Cathedral
P.O.Box 834, Manama
Kingdom of Bahrain.

Mrs. Dolly Roy
Secretary

Fr. Jacob Koshy
Vicar/President

YOUTH

ഫാ. വിൽസൺ മാത്യു
(ബേസിൽ ദയറ)




# ENDURANCE

‘കാപട്യത്തിന്റെ വേഗതയും, സത്യത്തിന്റെ ദൃഢതയും’ ശ്രദ്ധേയമായ പ്രമേയങ്ങളാണ്. സ്രഷ്ടാവ് നല്കിയ ധാർമ്മിക പ്രബോധനങ്ങളെക്കാളും വേഗത്തിൽ, സാത്താന്റെ കാപട്യവാക്കുകൾ ആദിമനുഷ്യരിൽ വേരോടി. ‘ദൈവത്തെപ്പോലെയാകും’ എന്ന കപടവാഗ്ദാനത്തിൽ അടിയറവുപറഞ്ഞുപോയ മനുഷ്യമനസ്സാക്ഷി, സത്യവും, അസത്യവും തമ്മിൽ വേർതിരിച്ചറിയാനാവാത്ത അവസ്ഥയിലെത്തി എന്നതാണ് യാഥാർത്ഥ്യം. ആധുനിക സമൂഹം നേരിടുന്ന വെല്ലുവിളികളിലൊന്നാണ്, സത്യത്തോടുകാട്ടുന്ന വൈമുഖ്യവും, അസത്യത്തോടുള്ള അഭിവാഞ്ഛയും. സത്യത്തിന്റെ മാധുര്യവും, അസത്യത്തിന്റെ കയ്പും തിരിച്ചറിഞ്ഞ്, ജീവിത പ്രമാണമായി സത്യത്തെ സ്വീകരിയ്ക്കുമ്പോഴേ ജീവിതത്തിന് ശോഭ കൈവരൂ.

‘ഞാൻ തന്നെ വഴിയും, സത്യവും, ജീവനു’മെന്ന് യേശു പഠിപ്പിച്ചതും ഈ അർത്ഥത്തിലാണ്. സത്യത്തിൽ ചരിച്ച് ജീവൻ പ്രാപിയ്ക്കുന്ന പ്രക്രിയയുടെ ലളിതമായ ആവിഷ്ക്കാരമാണ് മനുഷ്യപുത്രന്റെ ഈ സാക്ഷ്യം. ‘ജീവിയ്ക്കുവാൻ വേണ്ടി’ കാപട്യം പ്രവർത്തിയ്ക്കുന്ന ആധുനികകാലത്ത്, സത്യസന്ധതയുടെ ജീവിതദർശനം അജ്ഞാതമാണ്. സഹോദരങ്ങളെ നിന്ദിയ്ക്കുവാനും, തകർക്കുവാനും കാപട്യം ഒറ്റമൂലിയായി പലരും സ്വീകരിച്ചിരിക്കുന്നു. *കാപട്യം മൂലം തകർക്കപ്പെട്ട ജീവിതാവസ്ഥകളെ പുന:ർജ്ജനിപ്പിക്കുന്ന അമൃതമായി സത്യസന്ധതയെ കണക്കാക്കുന്നു.*

‘Life instinct (ജീവിയ്ക്കുവാനുള്ള ത്വര) യായി സത്യസന്ധതയെ കണക്കാക്കാം. ‘Death instinct’ (മരിയ്ക്കുവാനുള്ള ത്വര) യാണ്. സത്യവും, അസത്യവും ജീവന്റെയും, മരണത്തിന്റെയും പ്രേരകശക്തികളാണ്. മന:ശാസ്ത്രജ്ഞന്മാർ *‘ക്ലേയർവോയൻസ്’ (*അതീന്ദ്രിയ ദർശനം), *‘ക്ലേയർഓഡിയൻസ്’ (അതീന്ദ്രിയ ശ്രവണം)* എന്നീ പദങ്ങളിലൂടെ മനുഷ്യബുദ്ധിയ്ക്കതീതമായ ചില ഘടകങ്ങളെ വിശദീകരിയ്ക്കാറുണ്ട്. യഥാർത്ഥത്തിൽ, ആത്മാർത്ഥമായ സത്യസന്ധത അതീന്ദ്രിയ (ഇന്ദ്രിയഗോചരമല്ലാത്ത) ദർശനം, ശ്രവണം ഇവയ്ക്കുള്ള ഉപാധി കൂടിയാണ്. അസാമാന്യ സഹനതയും, ആത്മസമർപ്പണവും ഉള്ളവർക്കുമാത്രമേ സത്യസന്ധരായി ജീവിയ്ക്കുവാൻ സാധിയ്ക്കൂ.

‘False Memory Syndrome’ എന്ന അവസ്ഥ ആധുനിക സമൂഹത്തിന് സുപരിചിതമാണ്. തലമുറകളായി കൈമാറ്റം ചെയ്യപ്പെട്ട് സമൂഹത്തിൽ ഉറച്ചുപോയ *ചില വിശ്വാസങ്ങളും,* (അന്ധവിശ്വാസം) അവയോടുള്ള മനസ്സിന്റെ പ്രതികരണവുമാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നത്. തങ്ങളുടെ പൂർവ്വികരുടെ അസാമാന്യ സിദ്ധിവിശേഷണങ്ങളും, വീര്യപ്രവർത്തികളുമൊക്കെ പെരുപ്പിച്ചു കാണിയ്ക്കുന്ന ഒരു അവസ്ഥാവിശേഷണമാണിത്. എന്നാൽ, ഇവയിൽ പലതും തങ്ങൾക്ക് അസാദ്ധ്യമെന്നു വരുമ്പോൾ, അസത്യപ്രസ്താവനകളിലൂടെ ‘തങ്ങളും ശ്രേഷ്ഠരാണ്’ എന്നുകാണിയ്ക്കാനുള്ള മാനുഷിക വാഞ്ഛയാണ് പലപ്പോഴും അസത്യത്തിന് പിൻബലമായിട്ടുള്ളത്. ഇത്തരത്തിലുള്ള പല പ്രവർത്തനങ്ങളും പിന്നീട് ‘Deconfusion’ (മന:സ്സാക്ഷിക്കുത്ത്)ന് വഴിതെളിയിക്കുന്നു.

നിർമ്മലമന:സ്സാക്ഷിയിൽ കാപട്യം വിതച്ച വിഷവിത്തുകളെ നിർമ്മൂലമാക്കുവാൻ ക്രമീകൃതമായ “*Mental dieting’* അത്യന്താപേക്ഷിതമാണ്. ഈ പ്രക്രിയയ്ക്കുള്ള അടിസ്ഥാനമൂലധനമായി ‘സത്യസന്ധതയെ കണക്കാക്കണം. ദൃഷ്ടിഗോചരമല്ലാത്ത മേഖലകളിൽ ഒളിഞ്ഞി

രിയ്ക്കുന്ന നശീകരണശക്തികളെപ്പോലും പിടിച്ചെടുത്ത് നശിപ്പിയ്ക്കുവാൻ സത്യസന്ധതയ്ക്ക് ശേഷിയുണ്ട്. കാപട്യത്തെ ഭസ്മീകരിക്കുവാൻ സത്യസന്ധതയാകുന്ന ഉരകല്ലിനാൽ നാം പരിശ്രമിയ്ക്കുമ്പോൾ, നമ്മുടെ ദൃഷ്ടിയിൽ പെടാത്ത മറ്റു പല വിനാശകാരികളെയും നശിപ്പിയ്ക്കുവാനും, കണ്ടെത്തുവാനും സാധിയ്ക്കും.

അസത്യത്തിനും, കാപട്യത്തിനും പൊയ്മുഖങ്ങൾ ഏറെയാണ്. ഏതു വേഷം കെട്ടുവാനും, ആരോടും സമരസപ്പെടുവാനും ഇവമൂലം സാധിയ്ക്കും. സാമൂഹ്യമായ ഏതു തിന്മകളോടും വിധേയപ്പെടുവാൻ കാപട്യത്തിന് മടിയില്ല. മരണവക്ത്രത്തിൽ കിടക്കുന്നവനിൽനിന്നുപോലും ലാഭമായവ പ്രതീക്ഷിയ്ക്കുവാൻ ഈ മനസ്സാക്ഷിമൂലം സാധിയ്ക്കും. ഇംഗ്ലണ്ടിലും, മറ്റു പല പാശ്ചാത്യനാടുകളിലും വധശിക്ഷയ്ക്കു വിധിയ്ക്കപ്പെടുന്ന ആൾ, തൂക്കുമരത്തിലേക്കു പോകുമ്പോൾ പൊട്ടിച്ചിരിച്ചുകൊണ്ട് പോകണം എന്നൊരു പ്രമാണം പണ്ടുണ്ടായിരുന്നു. കഴുത്തിൽ തൂക്കുകയർ മുറുക്കുന്ന സമയം വരെയും അവർ മുൻകൂട്ടി തയ്യാറാക്കി നല്കിയ രസോക്തികൾ പറഞ്ഞിരുന്നു. കുടുക്കുമുറുകുമ്പോൾ പറയുന്ന ആൾ ശ്വാസം മുട്ടി മരിയ്ക്കുകയും, കാണികൾ പൊട്ടിച്ചിരിയ്ക്കുകയും ചെയ്തിരുന്നു. ഇതിനെ 'Gallows Transaction' എന്നാണ് പറഞ്ഞിരുന്നത്. യഥാർത്ഥത്തിൽ അസത്യം പറയുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന ഏവരും ഇത്തരമൊരു അവസ്ഥയിലൂടെയാണ് ചലിച്ചുകൊണ്ടിരിക്കുന്നത്. പൊളിവാക്കുകൾ പറയുന്നവർക്കും, കേൾവിക്കാർക്കും ഉത്സവപ്രതിച്ഛായ നല്കും. എന്നാൽ, ആത്യന്തികമായി നാം പറയുന്ന ഓരോ അസത്യഭാഷണവും, അപരനെ വേദനിപ്പിയ്ക്കുന്നവാക്കുകളും നമുക്കുതന്നെ കെണികളുമായി മാറിക്കൊണ്ടിരിയ്ക്കുന്നു.

അസത്യവാക്കുകളും, കാപട്യവും ഇന്നും അതിവേഗത്തിൽ ഓടുന്നു. നിസ്സഹായരായ പലരെയും തകർത്തുകൊണ്ടാണ് ഇവയുടെ പടപ്പുറപ്പാട്. സഭയിലും, സമൂഹത്തിലും, വ്യക്തിജീവിതത്തിലും ഇവയുടെ അനുരണനങ്ങൾ പ്രകടമാണ്. നിർമ്മലമായ സത്യം നമ്മിൽ നിന്നകന്നിരിയ്ക്കുന്നു. 'സത്യ'ത്തെ വ്രതമായി സ്വീകരിച്ചവർ, ആധുനിക ദൃഷ്ടിയിൽ പരാജിതരാകുന്നു. 'മനസ്സും, വാക്കും, പ്രവർത്തിയും' ഒന്നാകുന്ന ജീവിതാവസ്ഥ നമ്മുടെ ലക്ഷ്യമാകണം. 'ഉവ്വ്, ഉവ്വ്' എന്നും 'ഇല്ല, ഇല്ല' എന്നും ആയിരിയ്ക്കണം നമ്മുടെ പ്രമാണം. സത്യസന്ധതയാൽ അതിസമ്പന്നനാകാൻ സാദ്ധ്യമല്ല, എന്നാൽ അത്യുൽകൃഷ്ടനാകാം. നമ്മുടെ വാക്കുകളും, പ്രവർത്തികളും, ചിന്തകളും സത്യത്തിന്റെ മാധുര്യത്തിൽ നിറയപ്പെട്ടതാകട്ടെ.

*"അദ്ദേഹത്തിന് പിതാവ്, മാതാവ്, ധനം, പ്രശസ്തി, സൗന്ദര്യം ആദിയായവ ഒന്നുമില്ല, എന്നാൽ ശൈത്യകാല പ്രഭാതത്തിൽ മഞ്ഞണിഞ്ഞ പാതകളിലൂടെ സഞ്ചരിയ്ക്കുമ്പോൾ ആദ്ദേഹത്തിൽ നിന്നും ഒരു ആനന്ദഗാനം പുറപ്പെടുമായിരുന്നു".*

*(വി. ഫ്രാൻസിസ് അസീസിയെപ്പറ്റി ആംഗലേയ സാഹിത്യകാരൻ ജി. കെ. ചെസേറ്റർട്ടൺ)*



## ഡോക്ട്രേറ്റ്



മലബാർ ഭദ്രാസന ത്തിലെ വൈദികനായ ഫാ. ജോൺ സഖറിയ ഇ, കാലിക്കറ്റ് സർവ്വ കലാശാലയിൽ നിന്ന് സോഷ്യോളജിയിൽ ഡോക്ട്രേറ്റ് നേടി. ബഹുമാനിതനായ പ്രൊഫ. ഡൊ. ജോണി സി. ജോസ ഫായിരുന്നു ഗവേഷ ണത്തിന്റെ മേൽ നോട്ടം വഹിച്ചിരുന്ന അദ്ധ്യാപകൻ. “സാമൂഹ്യ ക്രമങ്ങ ളിൽ മതത്തിന്റെ അനുകൂല–പ്രതികൂല സ്വാധീനം” എന്തനാ യിരുന്നു ഗവേഷണ വിഷയം.

## ഡോക്ട്രേറ്റ്



മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ബയോകെമി സ്ട്രിയിൽ ഡോക്ട്രേറ്റ് നേടിയ പ്രിയ തമ്പി മലങ്കരസഭ മാനേ ജിംഗ് കമ്മറ്റി അംഗ മായ ടി.വി. തമ്പിയു ടെയും സരോജത്തി ന്റെയും മകളും, ഡെ. എം.സി. സാബുവിന്റെ ഭാര്യയുമാണ്. കുന്ദം കുളം ഭദ്രാസന ത്തിലെ ചൊവന്നൂർ ഇടവകാംഗമാണ്.

## ചെയർമാൻ



വൈ. എം. സി. എ. സൗത്ത് വെസ്റ്റ് ഇന്ത്യ റീജണൽ ചെയർമാനായി അഡ്വ. വി. സി. സാബു (2010 2012) തെരഞ്ഞെടുക്കപ്പെട്ടു.

മലങ്കര ഓർത്തഡോക്സ് സഭാ മാനേജിംഗ് കമ്മറ്റിയംഗം, കേരളാ കൗൺസിൽ ഓഫ് ചർച്ചസ് മേഖലാ പ്ര സിഡണ്ട്, ജില്ലാ പബ്ലിക് നോട്ടറി എന്നീ നിലകളിൽ സേവനമനുഷ്ഠിക്കുന്നു.

## ഗോൾഡൻ ക്ലബ്ബിൽ



മലങ്കരസഭ മാസികയുടെ പ്രചരണ വർഷത്തിൽ 200–ൽ പരം വരി ക്കാരെ ചേർത്ത് ഗോൾഡൻ ക്ലബ്ബിൽ അംഗമായ അനിൽ. തുമ്പ മൺ സെന്റ് മേരീസ് കത്തീഡ്രൽ ഇടവകാംഗവും പ്രധാന ശുശ്രൂഷക നുമാണ്. ഫോൺ: 9946659154

# മതവും സമാധാനവും – സെമിനാർ

കോട്ടയം: ഡൽഹി ആസ്ഥാനമായുള്ള സമാധാന സംഘടന, സെറാമ്പൂർ സർവ്വകലാശാല, ഓർത്തഡോക്സ് വൈദിക സെമിനാരി എന്നിവയുടെ സംയു ക്താഭിമുഖ്യത്തിൽ, പഴയ സെമിനാരി സ്മൃതി ഓഡിറ്റോറിയത്തിൽ “മതവും സമാധാനവും” എന്ന വിഷയത്തിൽ ഏകദിന സെമിനാർ നടന്നു.

## ഭവന സഹായ പദ്ധതി

ഭവനരഹിതരായ സഭാംഗങ്ങൾക്കും, ഇതര വിഭാഗക്കാർക്കും കൈത്താങ്ങൾ നല്കുവാനായി ആരംഭിച്ചിട്ടുള്ള ഭവന സഹായ പദ്ധതിയിലൂടെ 3015 ഭവന ങ്ങൾ ഇതുവരെ നിർമ്മിച്ചു നല്കിയിരിക്കുന്നു.

നടപ്പുവർഷത്തെ ഭവന സഹായ പദ്ധതിക്കുള്ള അപേക്ഷകൾ നിർദ്ദിഷ്ട ഫോറത്തിൽ ഭദ്രാസന മെത്രാപ്പോലീത്തായുടെ ശുപാർശയോടുകൂടി 2010 ഡിസം ബർ 31–ന് മുമ്പായി കൺവീനർ, ഭവന സഹായ പദ്ധതി, ദേവലോകം പി.ഓ. കോട്ടയം 38 എന്ന വിലാസത്തിൽ അയയ്ക്കണമെന്ന് കൺവീനർ ഡോ. റ്റി. എ. ജോർജ് അറിയിക്കുന്നു.

## പുതിയ നാല് ഭദ്രാസനങ്ങൾ

റാന്നി–നിലയ്ക്കൽ, അടൂർ–കടമ്പനാട്, കൊട്ടാരക്കര–പുനലൂർ, ബ്രഹ്മവാർ എന്നീ 4 പുതിയ ഭദ്രാസനങ്ങൾ രൂപീകിരിക്കുവാൻ മാനേജിംഗ് കമ്മറ്റി തീരുമാ നിച്ചു.

## കാൻസർ രോഗികൾക്ക് ചികിത്സാ സഹായം

കുവൈറ്റ് ഓർത്തഡോക്സ് ഇട വകയിലെ മാർ ബസ്സേലിയോസ് മൂവ്മെന്റിന്റെ മാർ തെയോഡോഷ്യസ് കാൻസർ കെയർ പദ്ധതിയിൽക്കൂടി നിർദ്ധനരായ കാൻസർ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നു. അപേക്ഷാഫോമിന് ബന്ധപ്പെടുക.

സെക്രട്ടറി,
ഹോളി ട്രനിറ്റി ചാരിറ്റബിൾ സൊസൈറ്റി
ഓർത്തഡോക്സ് ചർച്ച് സെന്റർ
ഉള്ളൂർ, മെഡിക്കൽ കോളേജ് പി.ഒ.
തിരുവനന്തപുരം - 695011

## വാർത്തകൾ അയയ്ക്കുമ്പോൾ

മലങ്കരസഭാ മാസികയിൽ വാർത്ത കൾ അയയ്ക്കുമ്പോൾ റാങ്കുകൾ/ അവാർഡുകൾ/ബഹുമതികൾ ഇവ യുടെ അംഗീകാര രേഖയുടെ പകർപ്പിനോടൊപ്പം ഇടവക വികാ രിയുടെ, സാക്ഷ്യപത്രം ഉണ്ടായിരി ക്കണം.

# ADMISSION NOTICE FOR 2010-2011



## M.Sc. Nursing, P.C. B.Sc. Nursing, B.Sc. Nursing, General Nursing

**Affiliated to Indian Nursing Council, Rajiv Gandhi University**

**സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം ഒരുക്കുന്നു**

| | | |
|---|---|---|
| *ONLY GIRLS*<br>**KASTURBA HOSPITAL**<br>VARADARAJA COLLEGE/<br>SCHOOL OF NURSING<br>Tumkur, Bangalore | **B.Sc.**<br>Ist 87.500<br>IInd 57,500<br>IIIrd 57.500<br>IVth 57,500 | 45% മാർക്ക് ഉള്ളവർക്കും V.H.S.E.ക്കാർക്കും SAY എഴുതി പാസായവർക്കും അപേക്ഷിക്കാം.<br>Total Package<br>4 Years Degree B.Sc. Nursing Rs.260000/- only.<br>GNM 3!/2 years 1.1OOOO/- only<br>ഫീസ്, ഭക്ഷണം, താമസം, യൂണിഫോം തുടങ്ങി സകല ചെലവുകളും |
| *ONLY GIRLS*<br>**AKSHAYA HOSPITAL**<br>AKSHAYA COLLEGE / SCHOOL OF NURSING<br>Tumkur, Bangalore | **B.Sc.**<br>Ist 81,750<br>IInd 73.750<br>IIIrd 73,750<br>IVth 68,750 | Total Package<br>4 Years Degree B.Sc. Nursing Rs.298000/- only.<br>GNM 3'/2 years 1,20000/- only<br>ഫീസ്, ഭക്ഷണം, താമസം, യൂണിഫോം തുടങ്ങി സകല ചെലവുകളും |
| **SREEDEVI HOSPITAL**<br>SREEDEVI COLLEGE / SCHOOL OF NURSING<br>Tumkur, Bangalore | **B.Sc.**<br>Ist 98.000<br>IInd 72,000<br>IIIrd 72.000<br>IVth 72,000 | Total Package<br>4 Years Degree B.Sc. Nursing Rs.3,14000/- only.<br>GNM 3'/2 years 1,250007- only<br>ഫീസ്, ഭക്ഷണം, താമസം, യൂണിഫോം തുടങ്ങി സകല ചെലവുകളും |

**സ്വന്തമായി ആശുപത്രി, ബാങ്ക് ലോൺ സൗകര്യം, ഫീസ് തവണകളായി, പെൺകുട്ടികൾക്ക് സുരക്ഷിതമായ ഹോസ്റ്റൽ, പ്രഗത്ഭരായ അദ്ധ്യാപകർ, കേരളാ ഭക്ഷണം, ഡൊണേഷൻ ഇല്ല.**

# SREEDEVI INSTITUTE OF ENGG. & TECHNOLOGY
# &
# AKSHAYA INSTITUTE OF ENGG. & TECHNOLOGY

**Bio Technology, Electronics & Communication, Computer Science, Information Science, Mechanical, Electrical & Electronics**

**അഡ്മിഷൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ കോപ്പികൾ സഹിതം താഴെപ്പറയുന്ന വിലാസത്തിൽ ബന്ധപ്പെടുക**

M. K. Thomaskutty (Information Centre), Manappurathu(H),
Bank Jn,Thadiyoor P.O.Thiruvalla-689545, Kerala,
Ph: 0469-2655633, Mob: 9388655633

*Provisions are made for students to participate in worship every sunday under the leadership of St. John s Mar Thoma Church, R.C. Church & St. Gregorious Orthodox Church at Tumkur.*